

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 91 • ലക്കം 12 • ജൂൺ 2019

വേദപ്രചാര
# മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം


സർക്കുലർ : ലോക മാധ്യമദിനസന്ദേശം 2019 ........ 05
സർക്കുലർ : പെന്തക്കോസ്തായ്ക്ക് ഒരുക്കമായി പ്രാർത്ഥനാദിനങ്ങൾ ........ 11
സർക്കുലർ : മതബോധനശുശ്രൂഷയും സഭാത്മക ജീവിത പരിശീലനവും ...... 13
കച്ചേരിക്കാര്യം ........ 18
132-ാമത് അതിരൂപതാദിന റിപ്പോർട്ട് ........ 20
പഞ്ചവത്സര അജപാലന പദ്ധതി ........ 28
അതിരൂപതാ കുട്ടനാട് പുനർനിർമ്മാണ പദ്ധതി ........ 30
സപ്തതി സ്മാരക ഭവനപദ്ധതി ........ 34
സന്ദേശനിലയം ........ 35
ചെറുപുഷ്പ മിഷൻലീഗ് ........ 38
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........ 39
ഫാമിലി അപ്പോസ്റ്റലേറ്റ് ........ 43
യുവദീപ്തി ........ 46
കെ.സി.എസ്.എൽ. ........ 48
കത്തോലിക്കാ കോൺഗ്രസ് ........ 49
ചാസ് ........ 50
ജീവകാരുണ്യനിധി ട്രസ്റ്റ് ........ 62
ദീപികാഫ്രണ്ട്സ് ക്ലബ്ബ് ........ 69
കേരളാ ലേബർ മൂവ്മെന്റ് ........ 70
പ്രവാസി അപ്പോസ്റ്റലേറ്റ് ........ 71
കെയർ ഹോംസ് ........ 72
ആത്മതാകേന്ദ്രം ........ 75
ദലിത് കത്തോലിക്കാ മഹാജനസഭ ........ 77
ആവേമരിയ ........ 79
ഫ്രാൻസിസ്കൻ അല്മായസഭ ........ 80
വിൻസെൻഷ്യൻ വേദി ........ 82
ചാരിറ്റി വേൾഡ് ട്രസ്റ്റ് ........ 84
പൗരോഹിത്യ ആദ്ധ്യാത്മികത ........ 86
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........ 92
Engagements ........ 100



Annual Subscription: Rs. 120/-



Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Ref: 3191/K-5/KCBC/OL/DS 4.5.2019

# ലോക മാധ്യമദിനസന്ദേശം 2019

## നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ് (എഫേ 4:25)

### സാമൂഹിക നെറ്റുവർക്ക് സമൂഹങ്ങളിൽനിന്ന് മാനുഷിക സമൂഹത്തിലേക്ക്

പ്രിയ സഹോദരീസഹോദരന്മാരേ,

ഇന്റർനെറ്റ് ആദ്യം ലഭ്യമായപ്പോൾ മുതൽ സഭ എപ്പോഴും വ്യക്തികൾ തമ്മിലുള്ള കണ്ടുമുട്ടലിന്റെയും എല്ലാവരിലുമുള്ള ഐക്യദാർഢ്യത്തിന്റെയും സേവനത്തിൽ അതിന്റെ ഉപയോഗം വളർത്താൻ പരിശ്രമിച്ചു. നമ്മുടെ പാരസ്പര്യത്തിന്റെ അടിസ്ഥാനത്തെയും പ്രാധാന്യത്തെയുംപറ്റി ഒരിക്കൽക്കൂടി ചിന്തിക്കാനും സമകാലീനസമ്പർക്കമാധ്യമ പശ്ചാത്തലം സമ്മാനിക്കുന്ന വെല്ലുവിളികളുടെ വിസ്തൃതവ്യൂഹത്തിൽ, അന്യവത്കൃതനായും ഏകാകിയായും കഴിയാൻ മനസ്സില്ലാത്ത മനുഷ്യവ്യക്തിയുടെ ആഗ്രഹം വീണ്ടും കണ്ടെത്താനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

### നെറ്റിന്റെയും സമൂഹത്തിന്റെയും രൂപകാലങ്കാരങ്ങൾ

അനുദിനജീവിതമണ്ഡലത്തിൽനിന്ന് വേർതിരിച്ചറിയാനാവാത്ത വിധം വ്യാപനശക്തിയുള്ളതാണ് ഇന്നത്തെ മാധ്യമ പരിതസ്ഥിതി. നെറ്റ് നമ്മുടെ കാലഘട്ടത്തിലെ ഒരു വിഭവകേന്ദ്രമാണ്. പണ്ട് ചിന്തിക്കാൻ സാധ്യമല്ലാതിരുന്ന അറിവിന്റെയും ബന്ധങ്ങളുടെയും ഉറവിടമാണത്. എന്നിരുന്നാലും ഉത്പാദനപ്രക്രിയ, വിതരണം, ഉള്ളടക്കത്തിന്റെ ഉപയോഗം എന്നിവയിൽ സാങ്കേതികവിദ്യ കൊണ്ടുവന്നിട്ടുള്ള അഗാധമായ പരിവർത്തനങ്ങളുടെ വെളിച്ചത്തിൽ ആഗോളതലത്തിൽ യഥാർത്ഥ അറിവിനുള്ള അന്വേഷണം, അതിന്റെ പങ്കുവയ്ക്കൽ എന്നിവയെ ഭീഷണിപ്പെടുത്തുന്ന അപകടങ്ങളെയും അനേകം വിദഗ്ധർ ഉയർത്തിക്കാണിച്ചിട്ടുണ്ട്. ഇന്റർനെറ്റ് അറിവിനെ സമീപിക്കാനുള്ള അസാധാരണ സാധ്യതയെ പ്രതിനിധീകരിക്കുമെങ്കിലും അത് തെറ്റായ അറിവു നല്കുന്നതും യാഥാർത്ഥ്യങ്ങളെയും വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെയും വികലമാക്കുന്നതുമാണെന്നതും സത്യമാണ്.

ഒരുകാര്യം നാം തിരിച്ചറിയണം. സാമൂഹിക നെറ്റുവർക്കുകൾ ഒരുവശത്ത് പരസ്പരം നന്നായി ബന്ധപ്പെടാനും വീണ്ടും കണ്ടെത്താനും പരസ്പരം സഹായിക്കാനും നമ്മെ പ്രാപ്തരാക്കുന്നു. എന്നാൽ മറുവശത്ത് വ്യക്തിക്കും വ്യക്തിയുടെ അവകാശങ്ങൾക്കും അർഹമായ ബഹുമാനം നല്കാതെ രാഷ്ട്രീയമോ സാമ്പത്തികമോ ആയ നേട്ടങ്ങൾക്കുവേണ്ടി വ്യക്തിപരമായ വിവരങ്ങൾ ദുരുപയോഗിക്കാൻ നിമിത്തമാകുന്നു. യുവജനങ്ങളിൽ നാലിൽ ഒരാൾ സൈബർ ബുള്ളിയിംഗിന്റെ പരമ്പരകളിൽ ഉൾപ്പെട്ടിരിക്കുന്നുവെന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു.

ഈ സങ്കീർണാവസ്ഥയിൽ ഇന്റർനെറ്റു തുടങ്ങിയതിന്റെ അടിസ്ഥാനമായിരുന്ന നെറ്റ് എന്ന രൂപകാലങ്കാരത്തെപ്പറ്റി വീണ്ടും ചിന്തിക്കുന്നത് അതിന്റെ ഭാവാത്മകമായ കഴിവു കണ്ടെത്താൻ ഉപകാരപ്രദമായിരിക്കും. വല എന്ന ബിംബം തിരശ്ചീന രേഖകളുടെയും ലംബരേഖകളുടെയും ബഹുത്വത്തെക്കുറിച്ചു ചിന്തിക്കാൻ നമ്മെ ക്ഷണിക്കുന്നു. ഒരു കേന്ദ്രസ്ഥാനമോ ശ്രേണീപരമായ ഘടനയോ ലംബസമാനമായ ഒരു സംയോജനാരൂപമോ ഇല്ലാത്ത അതിന് സ്ഥിരത ഉറപ്പുവരുത്തുന്നവയാണ് ഈ രേഖകൾ. എന്നാൽ പലപ്പോഴും അവ പൊതുതാത്പര്യങ്ങളെയോ നേർത്ത ബന്ധങ്ങൾ മാത്രം പേറുന്ന വിഷയങ്ങളെയോ മുൻനിറുത്തി പരസ്പരം അംഗീകരിക്കുന്ന വ്യക്തികളുടെ ഗണങ്ങൾ മാത്രമായി കഴിയുന്നു.

നരവംശശാസ്ത്രപരമായ വീക്ഷണപ്രകാരം നെറ്റ്, (സമൂഹം എന്ന) രൂപകാലങ്കാരം അർത്ഥപൂർണമായ മറ്റൊരു പ്രതിബിംബത്തെ, ഓർമിപ്പിക്കുന്നു. സമൂഹം പരസ്പരവിശ്വാസമുള്ളതായിരിക്കുകയും പൊതുലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യണം. അത് സംയോഗശക്തിയുള്ളതും പിന്താങ്ങുന്നതുമായിരിക്കണം. ഐക്യദാർഢ്യത്തിന്റെ നെറ്റുവർക്ക് എന്ന നിലയിലുള്ള സമൂഹത്തിന് ഭാഷയുടെ ഉത്തരവാദിത്വപൂർണമായ ഉപയോഗത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പരസ്പരശ്രവണവും സംവാദവും ഉണ്ടാകണം.

ഇന്നത്തെ സാഹചര്യത്തിൽ സോഷ്യൽ നെറ്റുവർക്ക് സമൂഹങ്ങൾ സ്വാഭാവിക സമൂഹത്തിന്റെ പര്യായമല്ലെന്ന് ആർക്കും കാണാവുന്നതാണ്. അടിയന്തിരഘട്ടങ്ങളിൽ ഈ വെർച്ച്വൽ സമൂഹങ്ങൾ കൂടിച്ചേരലും ഐക്യദാർഢ്യവും പ്രദർശിപ്പിക്കാൻ കഴിവുള്ളതാണ്. എന്നാൽ പലപ്പോഴും ദുർബലമായ ബന്ധങ്ങളുടെ പൊതുതാത്പര്യംമൂലം പരസ്പരം തിരിച്ചറിയുന്ന ഗ്രൂപ്പുകളായി കഴിയുന്നു. കൂടാതെ, സോഷ്യൽ വെബിൽ തനിമ പലപ്പോഴും അപരനോട്, ഗ്രൂപ്പിൽപെടാത്തവനോ

ടുള്ള വൈരുധ്യത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുന്നു. നമ്മെ ഐക്യപ്പെടുത്തുന്നവയെ എന്നതിനെക്കാൾ നമ്മെ വിഭജിക്കുന്നവയെ അടിസ്ഥാനപ്പെടുത്തി നാം സ്വയം നിർവചിക്കുന്നു. സംശയത്തിനും എല്ലാതരം മുൻവിധിക്കും (വംശപരം, ലിംഗപരം, മതപരം മുതലായവ) ഇടയാക്കുന്നു. ഈ പ്രവണത വൈവിധ്യത്തെ ഒഴിവാക്കുന്ന ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നു. അത് ഡിജിറ്റൽ സാഹചര്യത്തിലും വിദ്വേഷത്തിന്റെ ഓളങ്ങളെ ഇളക്കിവിടുന്ന അനിയന്ത്രിതമായ വ്യക്തിവാദത്തെ പോഷിപ്പിക്കുന്നു. അങ്ങനെ ലോകത്തിലേക്കുള്ള ഒരു ജനലായിരിക്കേണ്ടത് വ്യക്തിപരമായ സ്വദേഹപ്രേമം പ്രദർശിപ്പിക്കുന്ന ഒരു ഷോകെയ്സായിത്തീരുന്നു.

മറ്റുള്ളവരുമായിട്ടുള്ള കണ്ടുമുട്ടൽ വളർത്താനുള്ള അവസരമാണ് നെറ്റ്. എന്നാൽ അതിന് നമ്മുടെ ഏകാന്തതയെ വർദ്ധിപ്പിക്കാനാകും – നമ്മെ പിടികൂടിയ ഒരു വലപോലെ. യുക്തിപരമായ തലത്തിൽ പൂർണമായി തൃപ്തിപ്പെടുത്താൻ സോഷ്യൽ വെബിന് കഴിയുമെന്ന മിഥ്യാബോധം യുവജനത്തിനാണ് ഏറ്റവും കൂടുതൽ ഉള്ളത്. യുവജനം ''സാമൂഹിക താപസന്മാർ'' ആയിത്തീരുന്ന അപകടകരമായ ഒരു പ്രതിഭാസം ഉണ്ട്. അവർ സമൂഹത്തിൽ നിന്നു പൂർണമായി ഒറ്റപ്പെടുകയെന്ന അപകടസാധ്യതയിലാണ്. നാടകീയമായ ഈ അവസ്ഥ സാമൂഹികബന്ധത്തിൽ തകർച്ചയുണ്ടാക്കുന്നു എന്നത് നമുക്ക് അവഗണിക്കാനാവില്ല.

നാനാരൂപമുള്ളതും അപകടകരവുമായ ഈ യാഥാർത്ഥ്യം അവ സാന്മാർഗികമോ സാമുഹികമോ നിയമപരമോ രാഷ്ട്രീയമോ സാമ്പത്തികമോ ആയ വിവിധ ചോദ്യങ്ങളെ ഉയർത്തുന്നു. അവ സഭയെ വെല്ലുവിളിക്കുകയും ചെയ്യുന്നുണ്ട്. വെബിനെ നിയന്ത്രിക്കാനും സ്വതന്ത്രവും തുറവിയുള്ളതും സുരക്ഷിതവുമായ ഒരു നെറ്റുവർക്കിനെക്കുറിച്ച് തുടക്കത്തിലേ ഉള്ള കാഴ്ചപ്പാട് സംരക്ഷിക്കാനും സർക്കാരുകൾ നിയമപരമായ മാർഗങ്ങൾ തേടുന്നു. അതേസമയം അതിന്റെ ഭാവാത്മകമായ ഉപയോഗത്തെ വളർത്താൻ നമുക്ക് എല്ലാവർക്കും ബാധ്യതയും ഉത്തരവാദിത്വവും ഉണ്ട്.

ബന്ധങ്ങൾ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം പരസ്പരധാരണ വളർത്താൻ കഴിയില്ലല്ലോ. അങ്ങനെയെങ്കിൽ ഓൺലൈൻ നെറ്റുവർക്കിൽ പരസ്പര ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോധത്തോടെ എങ്ങനെ യഥാർത്ഥ സാമൂഹിക തനിമ കണ്ടെത്താനാവും?

## ''നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ്''

മൂന്നാമത്തെ ഒരു രൂപകാലങ്കാരത്തിൽനിന്ന്, ശരീരവും അവയ

വങ്ങളും എന്ന രൂപകാലങ്കാരത്തിൽനിന്ന് സാധ്യമായ ഒരു ഉത്തരം കണ്ടെത്താൻ കഴിയും. ആ രൂപകമാണ് മനുഷ്യരെ ബന്ധിപ്പിക്കുന്ന ശരീരത്തെ അടിസ്ഥാനപ്പെടുത്തി മനുഷ്യരുടെ പരസ്പരബന്ധം വിവരിക്കാൻ വിശുദ്ധ പൗലോസ് ശ്ലീഹാ ഉപയോഗിക്കുന്നത്: ''അതിനാൽ വ്യാജം വെടിഞ്ഞ് എല്ലാവരും തങ്ങളുടെ അയൽക്കാരോട് സത്യം സംസാരിക്കണം. കാരണം, നാം ഒരേ ശരീരത്തിലെ അവയവങ്ങളാണ്'' (എഫേ 4:25). പരസ്പരം അവയവങ്ങളായിരിക്കുകയെന്നത് ആഴമുള്ള ഒരു ലക്ഷ്യമാണ്. അത് ഉപയോഗിച്ച് അപ്പസ്തോലൻ നമ്മെ വ്യാജം വെടിയാനും സത്യം പറയാനും ക്ഷണിക്കുന്നു. സത്യത്തെ സംരക്ഷിക്കാനുള്ള കടമ ഐക്യത്തിന്റെ പരസ്പരബന്ധത്തിൽനിന്നുണ്ടാകുന്നു. സത്യം ഐക്യം വെളിവാക്കുന്നു. നുണയാകട്ടെ, നമ്മൾ ഒരേ ശരീരത്തിന്റെ അംഗങ്ങളാണെന്നത് നിഷേധിക്കുന്നു.

ശരീരത്തിന്റെയും അവയവങ്ങളുടെയും അലങ്കാരം നമ്മുടെ തനിമയെപ്പറ്റി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ആ തനിമ ഐക്യത്തിലും ''അപരത്വ''ത്തിലും അടിയുറച്ചതാണ്. ക്രിസ്തു ശിരസ്സായിട്ടുള്ള ഏക ശരീരത്തിലെ അവയവങ്ങളാണ് നമ്മൾ എന്ന് ക്രൈസ്തവരായ നമ്മൾ അംഗീകരിക്കുന്നു. ഭാവിയിൽ മത്സരിക്കാനുള്ളവരായി ആളുകളെ കാണാതിരിക്കാനും ശത്രുക്കളെപ്പോലും വ്യക്തികളായി കാണാനും ഇത് സഹായിക്കും. നമ്മെത്തന്നെ നിർവചിക്കാൻ നമുക്കു ശത്രുവിന്റെ ആവശ്യമില്ല. എന്തെന്നാൽ എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന നോട്ടം നാം ക്രിസ്തുവിൽനിന്നു പഠിക്കുന്നുണ്ട്. അത് അപരത്വത്തെ പുതിയൊരു രീതിയിൽ കണ്ടെത്താൻ - അവശ്യഘടകമായും ബന്ധത്തിന്റെയും അടുപ്പത്തിന്റെയും വ്യവസ്ഥയായും കണ്ടെത്താൻ - നമ്മെ പ്രേരിപ്പിക്കുന്നു.

മനസ്സിലാക്കാനും ബന്ധപ്പെടാനും മനുഷ്യരിലുള്ള കഴിവ് ദൈവിക വ്യക്തികൾ തമ്മിലുള്ള സ്നേഹത്തിന്റെ ഐക്യത്തിൽ അടിയുറപ്പിച്ചതാണ്. ദൈവം ഏകാന്തതയല്ല, ഐക്യമാണ്. അവിടന്നു സ്നേഹമാണ്; അതുകൊണ്ട്, സമ്പർക്കമാണ്. എന്തെന്നാൽ സ്നേഹം എപ്പോഴും ആശയവിനിമയം നടത്തുന്നു. അന്യനെ കണ്ടെത്താൻ സ്വയം അങ്ങനെ ചെയ്യുന്നു. ചരിത്രത്തിലുടനീളം യഥാർത്ഥ സംവാദം സ്ഥാപിച്ചുകൊണ്ട് നമ്മോടു സംസാരിക്കുന്നതിനും നമ്മോടു ബന്ധപ്പെടുന്നതിനും ദൈവം നമ്മുടെ ഭാഷ സ്വീകരിക്കുന്നു. (cf. രണ്ടാം വത്തിക്കാൻ കൗൺസിൽ ഡേഗ്മാറ്റിക്ക് കോൺസ്റ്റിറ്റ്യൂഷൻ, ദേയി വെർബും 2).

നമ്മൾ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവിടന്ന് ഐക്യവും ആത്മസമ്പർക്കവുമാണ്. അതുകൊണ്ട് ഐക്യത്തിൽ ജീവിക്കാനുള്ള - ഒരു സമൂഹത്തിന്റേതായിരി

ക്കാനുള്ള ആഗ്രഹം നമ്മുടെ ഹൃദയത്തിൽ നാം കൊണ്ടുനടക്കുന്നു. ''പരസ്പരബന്ധത്തിൽ പ്രവേശിക്കുക, പരസ്പരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുക - ഇതിനെക്കാൾ സവിശേഷമായ മറ്റൊന്നും നമ്മുടെ പ്രകൃതിയിലില്ല'' വിശുദ്ധ ബേസിൽ പറയുന്നു.

ബന്ധങ്ങളിലായിരിക്കാനും മനുഷ്യത്വത്തിന്റെ വ്യക്ത്യന്തരബന്ധസ്വഭാവം സൂക്ഷിക്കാനും ഇപ്പോഴത്തെ സാഹചര്യം നമ്മോട് ആവശ്യപ്പെടുന്നു - നെറ്റുവർക്കിലും നെറ്റുവർക്കിലൂടെയും അങ്ങനെ ചെയ്യണം. അതിലും കൂടുതലായി വിശ്വാസികൾ എന്ന നിലയിലുള്ള തനിമയുടെ അടയാളമായ ഐക്യം വെളിപ്പെടുത്താൻ, ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിശ്വാസംതന്നെ യഥാർത്ഥത്തിൽ ഒരു ബന്ധമാണ്, കണ്ടുമുട്ടലാണ്. ദൈവസ്നേഹത്തിന്റെ പ്രേരണകൊണ്ട് നമുക്കു സമ്പർക്കത്തിലാകാനും സ്വാഗതംചെയ്യാനും അപരന്റെ ദാനത്തെ തിരിച്ചറിഞ്ഞ് അതിനോടു പ്രത്യുത്തരിക്കാനും കഴിയും. ഞാൻ ഞാൻ തന്നെ ആയിരിക്കണമെങ്കിൽ എനിക്ക് മറ്റുള്ളവരെ ആവശ്യമുണ്ട് എന്നത് ത്രിത്വമായ ദൈവത്തിലുള്ള വിശ്വാസത്തിൽനിന്നു ഉവാകുന്ന കാര്യമാണ്. ഞാൻ മറ്റുള്ളവരോടു ബന്ധപ്പെട്ടാൽ മാത്രമേ ഞാൻ യഥാർത്ഥത്തിൽ മനുഷ്യത്വവും വ്യക്തിത്വവും ഉള്ളവനായിരിക്കുകയുള്ളൂ. യഥാർത്ഥത്തിൽ, ''വ്യക്തി'' എന്ന വാക്ക് ഒരു ''മുഖം'' എന്ന നിലയിൽ മനുഷ്യജീവിയെ സൂചിപ്പിക്കുന്നു. അവന്റെ മുഖം മറ്റുള്ളവരുടെ നേരേ തിരിഞ്ഞിരിക്കുകയാണ്. അവർ മറ്റുള്ളവരുമായി ബന്ധപ്പെട്ടിരിക്കുന്നവരുമാണ്. നമ്മുടെ ജീവിതം കൂടുതൽ മാനുഷികമായിത്തീരുന്നത് അതിന്റെ സ്വഭാവം കുറച്ചുമാത്രം ഒറ്റപ്പെട്ടതാകുകയും കൂടുതൽ വ്യക്തിത്വമുള്ളതാവുകയും ചെയ്യുമ്പോഴാണ്. മറ്റുള്ളവനെ എതിരാളിയായി കാണുന്ന ഒറ്റപ്പെട്ടവനായിരിക്കുന്നതിൽനിന്ന് മറ്റുള്ളവരെ സഹചാരികളായി അംഗീകരിക്കുന്ന വ്യക്തിയിൽ വിശ്വാസ്യമായ ഈ മാർഗം കാണാം.

## ''ലൈക്ക്'' (like) എന്നതിൽനിന്നും ''ആമ്മേൻ'' എന്നതിലേക്ക്

ശരീരത്തിന്റെയും അവയവങ്ങളുടെയും ബിംബം നമ്മെ ഒരു കാര്യം ഓർമിപ്പിക്കുന്നു: മറ്റൊരാളുടെ ശരീരം, ഹൃദയം, കണ്ണുകൾ, നോട്ടം, ശ്വസനം എന്നിവയിലൂടെ സജീവമായിത്തീരുന്ന ശരീരത്തിലുള്ള കണ്ടുമുട്ടലിന് സാമൂഹിക വെബ് ഉപകാരപ്രദമാണ്. അത്തരം ഒരു കണ്ടുമുട്ടലിന്റെ ഒരു വ്യാപിപ്പിക്കലോ പ്രതീക്ഷിക്കലോ ആയി നെറ്റ് ഉപയോഗിച്ചാൽ നെറ്റുവർക്ക് എന്ന സങ്കല്പം ഒറ്റിക്കൊടുക്കപ്പെടുകയില്ല. അത് ഐക്യത്തിനുള്ള നിമിത്തമായി നിലകൊള്ളും. ഒരു കുടുംബം കൂടുതൽ ബന്ധപ്പെടാനും തുടർന്ന് മേശയ്ക്കരികേ കണ്ട് പരസ്പരം

കണ്ണുകളിലേക്കു നോക്കാനും നെറ്റ് ഉപയോഗിക്കുമ്പോൾ അത് വിഭവമായിത്തീരുന്നു. ഒരു സഭാസമൂഹം നെറ്റുവർക്കിലൂടെ പ്രവർത്തനം സംഘടിപ്പിക്കുകയും ഒന്നിച്ച് ദിവ്യകാരുണ്യാഘോഷം നടത്തുകയും ചെയ്താൽ നെറ്റ് വിഭവമായിത്തീരും. ശാരീരികമായി നമ്മിൽനിന്ന് അകന്നിരിക്കുന്ന സൗന്ദര്യത്തിന്റെയോ സഹനത്തിന്റെയോ കഥകളോ അനുഭവങ്ങളോ പങ്കുവയ്ക്കാനുള്ള അവസരം നെറ്റ് തരുമ്പോൾ അത് വിഭവമാണ്. ഒന്നിച്ചുപ്രാർത്ഥിക്കാനും നന്മ അന്വേഷിക്കാനും ഐക്യപ്പെടുത്തുന്നവയെ കണ്ടെത്താനും നെറ്റ് സഹായിക്കുന്നു.

ഈ വിധത്തിൽ നമുക്ക് രോഗനിർണയത്തിൽ നിന്ന് ചികിത്സയിലേക്കു കടക്കാം. സംവാദത്തിനും കണ്ടുമുട്ടലിനും ''പുഞ്ചിരികൾക്കും'' വാത്സല്യപ്രകടനങ്ങൾക്കും ഉള്ള വഴി തുറക്കുന്നു. ഈ നെറ്റുവർക്കാണ് നമുക്കും വേണ്ടത് - കെണിയിൽപെടാനുള്ളതല്ല വിമോചിപ്പിക്കാനുള്ളത്, സ്വതന്ത്രജനതയുടെ ഐക്യം സംരക്ഷിക്കാനുള്ളത്. സഭതന്നെ ദിവ്യകാരുണ്യ ഐക്യം വഴി ഒന്നിച്ചു നെയ്യപ്പെട്ട ഒരു നെറ്റുവർക്കാണ്. അവിടെ ഐക്യത്തിന്റെ അടിസ്ഥാനം ''ലൈക്ക്'' അല്ല പിന്നെയോ സത്യത്തിൽ ''ആമ്മേൻ'' ആണ്. അതുവഴി ഓരോ വ്യക്തിയും ക്രിസ്തുവിന്റെ ശരീരത്തോട് ഒട്ടിച്ചേരുകയും മറ്റുള്ളവർക്ക് സ്വാഗതമരുളുകയും ചെയ്യുന്നു.

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025.

---

N.B: *ഈ സർക്കുലർ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മാധ്യമദിനമായ 2019 ജൂൺ 2-ാം തീയതി വായിക്കുകയോ, സന്ദേശം പങ്കുവയ്ക്കുകയോ ചെയ്യേണ്ടതാണ്.*

സർക്കുലർ

19 Ch. 219-294

# പെന്തക്കോസ്തായ്ക്ക് ഒരുക്കമായി പ്രാർത്ഥനാദിനങ്ങൾ

പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, അതിരൂപത അംഗങ്ങളേ,

ഉന്നതത്തിൽ നിന്നുള്ള ശക്തി സ്വീകരിച്ചു വേണം പ്രവർത്തിക്കാൻ എന്ന് ഈശോ ശ്ലീഹന്മാരോട് കല്പിച്ചു. അതിനായി പ്രാർത്ഥിച്ചൊരുങ്ങാൻ ആവശ്യപ്പെട്ടു. ആ ശക്തിയാണ് റൂഹാദ്ക്കുദ്ശാ. സ്വർഗ്ഗാരോഹണത്തിനു മുൻപ് ഈശോ നൽകിയ ആഹ്വാനമനുസരിച്ച് ശ്ലീഹന്മാർ ഏകമനസ്സോടെ പ്രാർത്ഥനയിൽ ചെലവഴിച്ചു. പത്താം ദിവസം ഈശോ വാഗ്ദാനം ചെയ്ത റൂഹാദ്ക്കുദ്ശാ ശ്ലീഹന്മാരുടെമേൽ ഇറങ്ങി വസിക്കുകയും അവർ ശക്തിയോടെ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുകയും ചെയ്തു.

തിന്മയ്ക്കെതിരെ പോരാടി ജയിക്കാനും സത്യത്തിന്റെ പാതയിൽ മുന്നേറാനും ഉന്നതത്തിൽ നിന്നുള്ള ശക്തി നമ്മിൽ നിറയണം. ജൂൺ 9-ാം തീയതിയിലെ പെന്തക്കോസ്താ തിരുനാളിന് ഒരുക്കമായി, സ്വർഗ്ഗാരോഹണ തിരുനാൾ ആയ മെയ് 30 വ്യാഴാഴ്ച മുതൽ ശ്ലീഹന്മരെപ്പോലെ നമുക്കും പ്രാർത്ഥിച്ച് ഒരുങ്ങാം. വിവിധ തലങ്ങളിൽ സഭയ്ക്ക് ഏൽക്കേണ്ടിവരുന്ന ആഘാതങ്ങളെയും വെല്ലുവിളികളെയും ദൈവത്തിന്റെ ആയുധങ്ങളുപയോഗിച്ച് നേരിടാനും അതിജീവിക്കാനും റൂഹാദ്ക്കുദ്ശാ നമ്മിൽ നിറഞ്ഞു നമ്മെ ശക്തിപ്പെടുത്താൻ നമുക്ക് തീവ്രമായി പ്രാർത്ഥിക്കാം. കുടുംബങ്ങളിലും ഇടവകകളിലും സമർപ്പിതരുടെ ഭവനങ്ങളിലും സ്ഥാപനങ്ങളിലും പെന്തക്കുസ്തായ്ക്ക് ഒരുക്കമായി പത്ത് ദിവസത്തെ പ്രാർത്ഥനാദിനാചരണം നടത്താൻ അതിരൂപതാ കുടുംബം മുഴുവനോടും ഞാൻ അഭ്യർത്ഥിക്കുന്നു. ദിവസം ഒരു മണിക്കൂറെങ്കിലും പ്രാർത്ഥനയിൽ ചെലവഴിക്കാൻ എല്ലാവ

രും ശ്രമിക്കണം. സഭയ്ക്ക് പ്രാർത്ഥന ഏറെ ആവശ്യമുള്ള അവസരമാണിത്. സ്നേഹത്തിന്റയും ഐക്യത്തിന്റെയും അരൂപി സഭയിൽ എങ്ങും നിറയട്ടെ. സഭാമക്കൾ തന്നെ സഭയെ വേദനിപ്പിക്കത്തക്കവിധം തിന്മയുടെ ശക്തി പലരെയും കീഴ്പ്പെടുത്തിയിരിക്കുന്നു. സാത്താന്റെ മേൽ വിജയം നേടിയ ഈശോയുടെ പരിശുദ്ധാത്മാവ് നമ്മെ നയിക്കട്ടെ, കെണിയിൽ വീഴാതെ നമ്മെ സംരക്ഷിക്കട്ടെ.

ഈ വിവരം എല്ലാവരെയും അറിയിച്ചു സഹകരിപ്പിക്കാൻ ബഹുമാനപ്പെട്ട അച്ചന്മാരും മറ്റ് ബന്ധപ്പെട്ടവർ എല്ലാവരും ഉത്സാഹിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

## സർക്കുലർ

19 Ch. 220-295

# മതബോധനശുശ്രൂഷയും സഭാത്മക ജീവിത പരിശീലനവും

ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

**1.** സുവിശേഷാധിഷ്ഠിതമായ ജീവിതം നയിക്കാനുള്ള ആഹ്വാനമാണ് ഈശോ തന്റെ അനുയായികൾക്കു നൽകിയത്. അതിനായി തന്റെ ആദ്യശിഷ്യന്മാരെ നേരിട്ട് പരിശീലിപ്പിച്ചു. സുവിശേഷത്തിന്റെ അന്തസ്സത്ത ദൈവസ്നേഹവും പരസ്പരസ്നേഹവുമാണെന്ന് പഠിപ്പിച്ചു. ഇപ്രകാരം സ്നേഹത്തിൽ ഐക്യപ്പെട്ട് ഏകശരീരത്തിലെ വിവിധ അവയവങ്ങൾപോലെ പരസ്പരം സഹായിച്ചും സഹകരിച്ചും അംഗീകരിച്ചും ആദരിച്ചും ഏകമനസ്സോടെ ജീവിച്ച് സുവിശേഷത്തിനു സാക്ഷ്യം വഹിക്കുകയാണ് ക്രൈസ്തവർ എന്ന നിലയിൽ നമ്മുടെ കർത്തവ്യം. ഇങ്ങനെ ഈശോയ്ക്ക് സാക്ഷ്യം വഹിക്കാൻ, സ്നേഹത്തിൽ അധിഷ്ഠിതമായ ജീവിതത്തിലൂടെ രക്ഷകനായ ഈശോയെ ലോകത്തിനു കാണിച്ചുകൊടുക്കാൻ നമ്മൾ വിളിക്കപ്പെടുകയും അയയ്ക്കപ്പെടുകയും ചെയ്തിരിക്കുന്നു.

ഇപ്രകാരമൊരു ജീവിതസാക്ഷ്യത്തിന് ഉത്തമമാതൃകയാണ് ആദിമ ക്രൈസ്തവസമൂഹം. അവർ എപ്രകാരം ജീവിച്ചു എന്ന് ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. കൂടാതെ സുവിശേഷങ്ങളിൽനിന്നും ലേഖനങ്ങളിൽനിന്നും ക്രിസ്തീയജീവിതം എങ്ങനെയായിരിക്കണമെന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. അതനുസരിച്ച് ജീവിക്കാൻ അറിവും പരിശീലനവും നൽകുകയാണ് മതബോധനത്തിന്റെ ലക്ഷ്യം. അതായത്, ക്രിസ്തീയവിശ്വാസമനുസരിച്ച് ജീവിക്കാനുള്ള പരിശീലനം. അതിനാൽ മതബോധനം വിശ്വാസജീവിതപരിശീലനമാണ്. സഭയുടെ ഈ സുപ്രധാനദൗത്യനിർവ്വഹണം സംബന്ധിച്ച് നമ്മൾ ഗൗരവപൂർവ്വം കാണേണ്ട ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

**2. ഒന്ന് :** ആദിമക്രൈസ്തവസമൂഹത്തെ മാതൃകയാക്കി ജീവിക്കാനുള്ള പരിശീലനം മതബോധനംവഴി നൽകണം.

ആദിമ ക്രൈസ്തവസമൂഹം എങ്ങനെ ജീവിച്ചു എന്ന് ശ്ലീഹന്മാരുടെ നടപടി പുസ്തകം വിവരിക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടത്, അവർ താല്പര്യപൂർവ്വം ഒരുമിച്ചുകൂടി പ്രാർത്ഥിക്കയും ശ്ലീഹന്മാരുടെ പ്രബോധനത്തിൽ ഉറച്ചുനിൽക്കുകയും അപ്പം മുറിക്കയും ഓരോരുത്തരും തങ്ങൾക്കുള്ളത് ആവശ്യാനുസരണം മറ്റുള്ളവരുമായി പങ്കുവച്ച് കൂട്ടായ്മയിൽ ജീവിക്കയും ചെയ്തു എന്നതാണ്. അതായത്, അവർ നല്ല പ്രാർത്ഥനാചൈതന്യമുള്ളവരായിരുന്നു. കൂടെക്കൂടെ ഒരുമിച്ചുകൂടുകയും സമൂഹപ്രാർത്ഥനയിൽ താല്പര്യപൂർവ്വം പങ്കുചേരുകയും ചെയ്തിരുന്നു. ഈശോയിൽനിന്ന് പരിശീലനവും അധികാരവും ലഭിച്ച ശ്ലീഹന്മാർ നൽകിയ പ്രബോധനത്തിൽ അവർ ഉറച്ചുനിന്നു. വിശ്വാസത്തിലും പ്രബോധനത്തിലും ഈശോയാകുന്ന മൂലക്കല്ലിലും ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിസ്ഥാനത്തിലും ആഴത്തിൽ വേരൂന്നി അവർ വളർന്നു. അതാണല്ലോ കത്തോലിക്കാസഭയുടെ ദൈവികവും ശ്ലൈഹികവുമായ അടിത്തറ. 'അപ്പം മുറിക്കൽ' എന്നു വിളിക്കപ്പെട്ട വിശുദ്ധ കുർബാനയിൽ ആദിമക്രൈസ്തവസമൂഹം താല്പര്യത്തോടെ പങ്കുചേർന്നിരുന്നു. അതാണവർക്ക് കർത്താവിന്റെ സാന്നിദ്ധ്യവും ശക്തിയും പകർന്നത്. ഇപ്രകാരം പ്രാർത്ഥനയിലും സുവിശേഷപ്രബോധനത്തിലും വിശുദ്ധ കുർബാനയിലും അടിസ്ഥാനമിട്ട ദൃഢമായ സ്നേഹകൂട്ടായ്മയായിരുന്നു ആദിമ ക്രൈസ്തവസമൂഹം. ദൈവസ്നേഹത്താൽ നിറഞ്ഞ് എല്ലാവരെയും സ്വന്തം സഹോദരങ്ങളായി കണ്ട അവർ കഴിവനുസരിച്ച് മറ്റുള്ളവരുടെ ആവശ്യങ്ങളിൽ സഹായിക്കാൻ സന്നദ്ധരായിരുന്നു.

ദൈവത്തിന്റെ കുടുംബത്തിലെ അംഗങ്ങളും വിശുദ്ധരുടെ സഹപൗരരുമാണ് സഭാംഗങ്ങൾ എന്നുള്ള പൗലോസ് ശ്ലീഹായുടെ വാക്കുകളും ഒരു ശരീരത്തിലെ വിവിധ അവയവങ്ങൾ പോലെ, റൂഹാദ്ക്കുദ്ശായിൽ സംയോജിപ്പിക്കപ്പെട്ട് മിശിഹായിൽ ഏകശരീരമായി രൂപപ്പെടുത്തപ്പെട്ട ദൈവിക കൂട്ടായ്മയാണ് സഭ എന്ന പ്രബോധനവും യാഥാർത്ഥ്യമാക്കാൻ സഹായിക്കുന്ന വിശ്വാസപരിശീലനമാണ് മതബോധനം ലക്ഷ്യം വയ്ക്കേണ്ടത്.

**3. രണ്ട് :** വിശ്വാസപരിശീലനത്തിന്റെ പ്രഥമ വിദ്യാലയം കുടുംബമാണ്.

ദൈവത്തിന്റെ പദ്ധതിയനുസരിച്ച് ഒരു മനുഷ്യവ്യക്തി ജന്മംകൊണ്ട് വളരുന്നത് കുടുംബത്തിലും മാതാപിതാക്കളും കുടുംബാംഗങ്ങളുമായുള്ള ബന്ധത്തിലുമാണ്. അമ്മയുടെ ഉദരത്തിൽ ജന്മംകൊള്ളുന്ന

നിമിഷം മുതൽ ഗർഭസ്ഥശിശുവിന്റെമേൽ മാതാപിതാക്കളുടെയും കുടുംബപശ്ചാത്തലത്തിന്റെയും സ്വാധീനമുണ്ടാകും. അതിനാൽ ഗർഭകാലം മുതലേ കുഞ്ഞുങ്ങളുടെ രൂപീകരണത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ മാതാപിതാക്കൾക്കാണ് ഏറ്റവും വലിയ ഉത്തരവാദിത്വം. ദൈവത്തിന്റെ അമൂല്യദാനങ്ങളായ മക്കളെ നന്ദിപൂർവ്വം സ്വീകരിച്ച് വളർത്തുന്നതോടൊപ്പം അവർ ദൈവത്തിന്റെ മക്കളാണെന്നു മനസ്സിലാക്കി, ദൈവത്തെ അറിയാനും സ്നേഹിക്കാനും അനുസരിക്കാനും മക്കളെ പരിശീലിപ്പിക്കേണ്ട പ്രഥമ കടമ മാതാപിതാക്കളുടേതാണ്. സ്വന്തം ജീവിതവും കുടുംബജീവിതപശ്ചാത്തലവും അതിനനുസൃതമായിരിക്കണം. വാക്കിലും പ്രവൃത്തിയിലും കുഞ്ഞുങ്ങൾക്ക് ഉത്തമമാതൃകയായിരിക്കണം മാതാപിതാക്കളും കുടുംബത്തിലെ ജീവിതാനുഭവങ്ങളും. തിരിച്ചറിവുവരാത്ത കുഞ്ഞുങ്ങളെ തെറ്റിലേക്കോ തെറ്റായ ആശയങ്ങളിലേക്കോ നയിക്കുന്ന ദുർമാതൃകയെ ഈശോ എത്ര കഠിനമായിട്ടാണ് അപലപിക്കുന്നതെന്ന് നമുക്കറിയാമല്ലോ.

**4.** കുടുംബത്തിൽനിന്നാണ് കുഞ്ഞുങ്ങൾ ആദ്യമായി പ്രാർത്ഥിക്കാനും ദൈവത്തെ സ്നേഹിക്കാനും മറ്റുള്ളവരെ അറിയാനും സ്നേഹപൂർവ്വം പെരുമാറാനും ഒക്കെ പരിശീലിക്കുന്നത്. ആദ്യം ലഭിക്കുന്ന ഈ പരിശീലനം ശരിയായ രീതിയിലല്ലെങ്കിൽ അത് കുഞ്ഞുങ്ങളുടെ സ്വഭാവരൂപവല്ക്കരണത്തിലും വ്യക്തിത്വരൂപീകരണത്തിലും വൈകല്യങ്ങൾ സൃഷ്ടിക്കും. മാതാപിതാക്കളും കുടുംബാംഗങ്ങളും ഇക്കാര്യത്തിൽ അതീവശ്രദ്ധയും ജാഗ്രതയും പുലർത്തണം. സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും സാഹോദര്യത്തിന്റെയും സേവനത്തിന്റെയും ദൈവവിശ്വാസത്തിന്റെയും നല്ല അനുഭവം കുഞ്ഞുങ്ങൾക്കു ലഭിക്കുന്ന അന്തരീക്ഷമായിരിക്കണം കുടുംബത്തിലേത്. അധാർമ്മിക ചിന്തകൾക്കും പ്രവൃത്തികൾക്കും പ്രേരണ നൽകുന്നതൊന്നും കുടുംബത്തിലുണ്ടാകരുത്. എല്ലാക്കാര്യങ്ങളിലും സത്യസന്ധത പുലർത്തണമെന്നുള്ള ബോദ്ധ്യം കുഞ്ഞുങ്ങളിൽ ജനിപ്പിക്കണം. മദ്യത്തിന്റെയും ലഹരിയുടെയും ദോഷവശങ്ങളെക്കുറിച്ചും, മാധ്യമങ്ങളുടെ ദുരുപയോഗം ഉളവാക്കുന്ന നാശങ്ങളെക്കുറിച്ചും ഇളംതലമുറയ്ക്ക് കുടുംബങ്ങളിൽനിന്നുതന്നെ പരിശീലനവും ബോദ്ധ്യവും ലഭിക്കണം. അയൽക്കാരെ സ്നേഹിക്കാനും, പാവപ്പെട്ടവരെ സഹായിക്കാനുമുള്ള മനസ്സ് കുഞ്ഞുങ്ങളിൽ സൃഷ്ടിക്കണം. ദൈവത്തെയും സഭയെയും സ്നേഹിക്കാനും അനുസരിക്കാനും കുഞ്ഞുങ്ങൾ പഠിച്ചുതുടങ്ങുന്നത് കുടുംബത്തിൽനിന്നാണ്. ശുചിത്വബോധവും അവരിൽ ജനിപ്പിക്കണം.

വീട്ടിൽ മാതാപിതാക്കളോടും കുടുംബാംഗങ്ങളോടുമൊപ്പം ആയി

രുന്നുകൊണ്ട്, സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും നല്ല അനുഭവത്തിൽ വളരാൻ കുഞ്ഞുങ്ങൾക്ക് അവസരം ലഭിക്കണം. ചുരുക്കത്തിൽ സഭയുടെ ഒരു ചെറിയ പതിപ്പെന്ന നിലയിൽ വിശുദ്ധിയിലും കൂട്ടായ്മയിലും വിശ്വാസത്തിലും പ്രാർത്ഥനാനുഭവത്തിലും വളർന്ന് സഭയോടൊത്തുള്ള ജീവിതത്തിന് അടിത്തറ പാകാൻ കുടുംബം കളമൊരുക്കണം. അതിന്റെ മുഖ്യ ഉത്തരവാദിത്വം മാതാപിതാക്കൾക്കാണ്.

**5. മൂന്ന് :** ഇടവക കൂട്ടായ്മയിൽ ഉൾച്ചേർന്ന് ജീവിക്കാനുള്ള പരിശീലനം ലഭിക്കണം. സഭാത്മക ജീവിതത്തിന് അനിവാര്യമാണ് ഇടവകയുമായുള്ള സജീവബന്ധം.

ദൈവജനം സഭയായി സമ്മേളിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഏറ്റവും പ്രാദേശികമായ കൂട്ടായ്മയാണ് ഇടവക. രൂപതയാകുന്ന പ്രാദേശികസഭയുടെ പ്രായോഗിക സാന്നിദ്ധ്യമാണ് ഇടവകകൂട്ടായ്മയിൽ യാഥാർത്ഥ്യമാകുന്നത്. വിശ്വാസികളുടെ സഭാത്മകമായ ഒത്തുചേരലുകളും ദൈവാരാധനയും പ്രബോധനങ്ങളും പരിശീലനവും പങ്കുവയ്ക്കലുമെല്ലാം മുഖ്യമായും നിർവ്വഹിക്കപ്പെടുന്നത് ഇടവക ദൈവാലയം കേന്ദ്രീകരിച്ചാണ്. കുടുംബത്തിൽ അടിസ്ഥാനമിടുന്ന വിശ്വാസജീവിതപരിശീലനം തുടരുകയും പക്വതയിലേക്കു വളരുകയും ചെയ്യുന്നത് ഇടവകതലത്തിലാണ്. സഭാജീവിതത്തിന്റെ ആഴമേറിയതും ഔദ്യോഗികവുമായ അനുഭവം വിശ്വാസികൾക്കു കൈവരുന്നത് ഇടവകകൂട്ടായ്മയിലെ സജീവ പങ്കാളിത്തത്തിലൂടെയാണ്. അതിന്റെ കേന്ദ്രം വിശുദ്ധ കുർബാനയും കൂദാശകളുമാണ്. ആദിമസഭയിലെന്നതുപോലെ നിരന്തരമായ പ്രാർത്ഥനാനുഭവം ഉളവാക്കുന്നതാണ് സഭയുടെ യാമപ്രാർത്ഥനകൾ.

സാർവ്വത്രികസഭയുടെ വിശാലമായ ജീവിതത്തിലേക്ക് തുറവി ലഭിക്കുന്നത് ഇടവകജീവിതത്തിലൂടെയാണ്. സഭാമക്കൾ ദൈവോന്മുഖമായി വളരുന്നതും പരിപോഷിപ്പിക്കപ്പെടുന്നതും ഇടവകയിലെ വിവിധങ്ങളായ ശുശ്രൂഷകളിലൂടെയാണ്. പരസ്പരം ബന്ധപ്പെട്ടും സ്നേഹിച്ചും ഒരുമിച്ചു പഠിച്ചും ആരാധിച്ചും പങ്കുവച്ചും സഭാകൂട്ടായ്മയിൽ വളരാൻ ഇടവക കേന്ദ്രീകൃതമായ അജപാലനശുശ്രൂഷ സഹായിക്കുന്നു.

കുഞ്ഞുങ്ങൾ മുതൽ മുതിർന്നവർവരെ എല്ലാ വിഭാഗങ്ങളിലും പെട്ട സഭാമക്കൾക്കുവേണ്ടിയുള്ള വിശ്വാസപരിശീലനപദ്ധതികളും ഇതരപരിപാടികളും ഇടവക കേന്ദ്രീകരിച്ചാണ് നടക്കുന്നത്.

**6.** കുടുംബത്തിന്റെ പരിമിതമായ സാഹചര്യത്തിൽ അസാദ്ധ്യമായ വിപുലങ്ങളായ വിശ്വാസപരിശീലനപരിപാടികൾ മിക്കതും തുടർച്ചയായി നടക്കുന്നതും സഭാത്മകമായ പരസ്പരബന്ധങ്ങളും വിശ്വാസ

പ്രബോധനങ്ങളും ആധികാരികമായി സാധിക്കുന്നതും ഇടവകകൾ കേന്ദ്രീകരിച്ചാണ്. അതിനാൽ ഇടവകയുമായി സജീവബന്ധം പുലർത്തിക്കൊണ്ടേ ശരിയായ വിശ്വാസപരിശീലനം സാധ്യമാകൂ. മക്കളുടെ കാര്യത്തിൽ അതുറപ്പാക്കാൻ മാതാപിതാക്കൾക്കു കടമയുണ്ട്. അവരെ ഇക്കാര്യത്തിൽ സഹായിക്കുന്ന പ്രധാന വിശ്വാസപരിശീലനവേദിയാണ് സണ്ടേസ്കൂൾ. ഈ രംഗത്ത് മതാദ്ധ്യാപകർ നൽകുന്ന സേവനം വിലപ്പെട്ടതും മഹത്തരവുമാണ്. അതേസമയം ഇങ്ങനെയൊരു ദൗത്യ നിർവ്വഹണത്തിനു ചേർന്നവിധമുള്ള പരിശീലനം നേടാനും ആത്മീയമായി ഒരുങ്ങി വിശ്വാസജീവിതത്തിന്റെ ഉത്തമമാതൃകകളാകാനും മതാദ്ധ്യാപകർ ശ്രദ്ധിക്കണം.

ബോധനം നൽകുക മാത്രമല്ല, സഭയെ സ്നേഹിച്ച് ഇടവകകൂട്ടായ്മയിൽ ഉൾച്ചേർന്ന് സഭയോടൊപ്പം ചിന്തിക്കാനും ജീവിക്കാനും സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുചേരാനും കുട്ടികളെ പരിശീലിപ്പിച്ച് ഒരുക്കേണ്ടതുണ്ട്. തങ്ങൾ അംഗങ്ങളായിരിക്കുന്ന സഭയെ അറിഞ്ഞ്, സ്നേഹിച്ച്, അതിന്റെ വിശ്വാസപാരമ്പര്യങ്ങളെ ആദരിച്ച് പാലിക്കാൻ കുട്ടികളെ അദ്ധ്യാപകർ തയ്യാറാക്കണം. ലോകത്തിലെവിടെയായാലും സഭയോടൊത്ത് ജീവിക്കേണ്ടതിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തണം.


**7.** വിശ്വാസപരിശീലനം സഭാഗാത്രത്തെ പടുത്തുയർത്തുന്ന ശ്രേഷ്ഠമായ പ്രവൃത്തിയാണെന്നും സഭ മിശിഹായുടെ ശരീരമാണെന്നും അതിനാൽ റൂഹാദ്ക്കുദ്ശായുടെ സഹായത്താലല്ലാതെ അത് അസാദ്ധ്യമാണെന്നും മതാദ്ധ്യാപകർക്ക് ബോദ്ധ്യമുണ്ടായിരിക്കണം. അതിനാൽ അവരുടെ പ്രാർത്ഥനാജീവിതം ആഴമേറിയതും ജീവിതം നിർമ്മലവും ശുശ്രൂഷ നിസ്വാർത്ഥവും വിനയാന്വിതവുമാകണം. ഈശോ ശിഷ്യന്മാരെ പരിശീലിപ്പിച്ചതിന്റെ തുടർച്ചയാണ് സഭയിൽ തുടരുന്ന വിശ്വാസപരിശീലനം. ഈശോയുടെ മനോഭാവവും ശൈലിയും ഉൾക്കൊള്ളാൻ വിശ്വാസപരിശീലകർ നിരന്തരം പരിശ്രമിക്കണം.

മതബോധനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും ഞാൻ കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കുന്നു. റൂഹാദ്ക്കുദ്ശാ നിങ്ങളെ നയിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

N.B: *ഈ സർക്കുലർ ജൂൺ 2-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*




## I
## 132 -മത് അതിരൂപതാദിനത്തിൽ പള്ളികൾ സംബന്ധിച്ച് നടത്തിയ പ്രഖ്യാപനങ്ങൾ

2019 മെയ് 20 ന് അമ്പൂരി സെന്റ് ജോർജ് ഫൊറോനാപള്ളിയുടെ ആഭിമുഖ്യത്തിൽ കുറ്റിച്ചൽ ലൂർദ്ദ്മാതാ എഞ്ചിനിയറിങ്ങ് കോളേജ് അങ്കണത്തിൽവച്ച് നടന്ന 132-ാമത് അതിരൂപതാ ദിന സമാപന സമ്മേളനത്തിൽ തെക്കേക്കര സെന്റ് സെബാസ്റ്റ്യൻ കുരിശുപള്ളിയെ സ്വതന്ത്രപദവിയുള്ള ഇടവകയായും (കല്പന C.19/PY TKK 800 നമ്പർ) പാമ്പാടി ദൈവമാതാ പള്ളിയെ സ്വതന്ത്രപദവിയുള്ള ഇടവകയായും (കല്പന നമ്പർ C.19/PY PAM 801) ആലപ്പുഴ ചാത്തനാട് വിശുദ്ധ അൽഫോൻസാ കുരിശുപള്ളിയെ സ്വതന്ത്രപദവിയുള്ള ഇടവകയായും (കല്പന നമ്പർ C.19/PY CHT 802) മാന്നാനം 12 ശ്ലീഹന്മാരുടെ പേരിലുള്ള അജപാലനകേന്ദ്രത്തെ സ്വതന്ത്രപദവിയുള്ള ഇടവകയായും (കല്പനനമ്പർ C.19/PY MNN 803) തിരുവനന്തപുരം കാര്യവട്ടം സെന്റ് ജോസഫ് പള്ളിയെ സ്വതന്ത്ര പദവിയുള്ള ഇടവകയായും പ്രഖ്യാപിച്ചു. (കല്പന നമ്പർ C.19/PY KRY 804).

## II
## കടമുള്ള ദിവസങ്ങൾ

ജൂൺ 29 പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുനാളും ജൂലൈ 3 ദുക്റാനത്തിരുനാളും കടമുള്ള ദിവസങ്ങളാകയാൽ വിശ്വാസികളേവർക്കും സംബന്ധിക്കത്തക്കവിധം പരി. കുർബാന ഇടവകകളിൽ ക്രമീകരിക്കേണ്ടതാണ്.

## III
## പ്രത്യേക പിരിവുകൾ

1. പത്രോസിന്റെ കാശ്:

പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോട് അനുബന്ധിച്ച് ജൂൺ 29-ാം തീയതിയിലെ സ്തോത്രകാഴ്ച പത്രോസിന്റെ കാശ് (Peter's Pence) ആയി പരി. പിതാവിന് സമർപ്പിക്കാനുള്ളതാണ്.

2. സീറോ മലബാർ സഭാദിന ഫണ്ട്:

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ (ജൂലൈ 3) സഭാദിനമായി ആചരിക്കപ്പെടുന്നു. ജൂലൈ 3-ലെ സ്തോത്ര കാഴ്ച - ഒരാൾക്ക് രണ്ട് രൂപാവീതം - സീറോ മലബാർ സഭാ കാര്യാല യത്തിന്റെ പ്രവർത്തനച്ചെലവുകൾക്കായി നൽകുവാനുള്ളതാണ്.

3. ഓഗസ്റ്റ് 11 ഞായർ

യുവജനദിനമാകയാൽ ഈ ദിവസത്തെ സ്തോത്രക്കാഴ്ച യുവജന ങ്ങളുടെ വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ളതാണ്.

ടി പിരിവുകൾ 2018 ഓഗസ്റ്റ് 18 നു മുമ്പ് അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

## IV
## മൂറോൻ കൂദാശ

മാർ അപ്രേം പിതാവിന്റെ ഓർമ്മദിനമായ ജൂൺ 8-ാം തീയതി (2019) ഉച്ചകഴിഞ്ഞ് 3 മണിക്ക് മെത്രാപ്പോലീത്തൻ പള്ളിയിൽ വിശുദ്ധ മൂറോൻ കൂദാശ ചെയ്യുന്നു. അതിരൂപതയിലെ എല്ലാ വൈദികരും സാധ്യമാകുന്നിടത്തോളം സന്യസ്തരും അല്മായരും മൂറോൻ കൂദാശ കർമ്മത്തിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# പ്രാർത്ഥനാശംസകൾ

**ചങ്ങനാശേരി അതിരൂപത**
**വേദപ്രചാരമദ്ധ്യസ്ഥന്റെ**
**എക്സിക്യൂട്ടീവ് എഡിറ്ററായി**
**സ്തുത്യർഹമായ സേവനത്തിനുശേഷം**
**സീറോ മലബാർ മീഡിയ കമ്മീഷൻ**
**സെക്രട്ടറിയായി നിയമിതനായിരിക്കുന്ന**
**ബഹുമാനപ്പെട്ട ആന്റണി**
**തലച്ചെല്ലൂരച്ചന്**

**അതിരൂപത കുടുംബത്തിന്റെ**
**പ്രാർത്ഥനാശംസകൾ**



# 132-ാമത് അതിരൂപതാ ദിനാഘോഷ റിപ്പോർട്ട്

കുടിയേറ്റമേഖലയ്ക്ക്ഉണർവായി 132-ാമത് ചങ്ങനാശേരി അതിരൂപതാ ദിനാഘോഷം അമ്പൂരി ഫൊറോനയുടെ നേതൃത്വത്തിൽ കുറ്റിച്ചൽ ലൂർദ് മാതാ എഞ്ചിനീയറിംങ് കോളേജ് കാമ്പസിലെ ദൈവദാസൻ ഫാ. അദെയോദാത്തൂസ് ഒ.സി.ഡി. നഗറിൽ നടന്നു. വിപുലമായ തയ്യാറെടുപ്പുകളോടും ഒരാഴ്ച നീണ്ടുനിന്ന പ്രാർത്ഥനാ ഒരുക്കത്തോടെയുമാണ് ഈ വർഷത്തെ അതിരൂപതാ ദിനാചരണം നടത്തപ്പെട്ടത്.

**1. ഇടവകതല ആഘോഷവും പ്രാർത്ഥനാവാരാചരണവും (മെയ് 12–19 വരെ)**

2019, മെയ് 12 ഞായറാഴ്ച അതിരൂപതയിലെ എല്ലാ ഇടവകകളിലും കുരിശുപള്ളികളിലും അതിരൂപതാദിനാചരണത്തിന്റെ ഇടവകതല ആഘോഷവും പതാകദിനവും ഭംഗിയായി നടന്നു. അതിരൂപതയുടെ നിയോഗത്തിനായി വിശുദ്ധ കുർബാന അർപ്പിച്ചു. അഭിവന്ദ്യപിതാവിന്റെ അതിരൂപതാദിന സർക്കുലർ പള്ളികളിൽ വായിച്ചു. അതിരൂപതാദിന ഒരുക്കപ്രാർത്ഥനയും അതിരൂപതാദിനപ്രതിജ്ഞയും, അതിരൂപതാ ആന്തവും, വിളംബരമായി പേപ്പൽ പതാക ഉയർത്തലും നടത്തി. അഭിവന്ദ്യപിതാവിന്റെ നിർദ്ദേശപ്രകാരം ഒരാഴ്ച ഒരുക്കപ്രാർത്ഥനാ ദിനമായി ആചരിച്ചു. ഓരോ ദിവസത്തേയും പ്രത്യേക പ്രാർത്ഥനാ നിയോഗങ്ങൾ മദ്ധ്യസ്ഥനിൽ നൽകിയിരുന്നു. ഭവനങ്ങളിലും പള്ളികളിലും ചൊല്ലുവാനുള്ള പ്രാർത്ഥനകളും പോസ്റ്ററുകളും തയ്യാറാക്കി ഇടവകകളിൽ എത്തിച്ചിരുന്നു. മെയ് 17 വെള്ളി ഉപവാസ പ്രാർത്ഥനാദിനമായിരുന്നു.

**2. മെയ് 18 ശനി വിളംബരദിനം**

മെയ് 18 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് മായം സെന്റ് മേരീസ് പള്ളിയിലെ ദൈവദാസൻ ഫാ. അദെയോദാത്തൂസിന്റെ സ്മൃതി മണ്ഡപത്തിൽ നിന്ന് അമ്പൂരി സെന്റ് ജോർജ് ഫൊറോന പള്ളിയിലേക്കുള്ള ദീപശിഖ- ഛായചിത്ര, വിശുദ്ധ ഗ്രന്ഥ പ്രയാണങ്ങൾ ആരംഭിച്ചു. അമ്പൂരി ഫൊറോന വികാരി വെരി റവ. ഫാ. ജോസഫ് ചൂളപ്പറമ്പിൽ സ്മൃതിമണ്ഡപത്തിൽ ഒപ്പീസിന് കാർമ്മികത്വം വഹിച്ചു. തിരുവനന്തപുരം ഫൊറോന വികാരി വെരി. റവ. ഫാ. ജോസ് വിരുപ്പേൽ കബറിടത്തിൽ നിന്ന് ദീപശിഖ കത്തിച്ച് ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി - എസ്.എം.വൈ.എം. വൈസ്പ്രസിഡന്റ് ജോസഫ് ജെയിംസിന് കൈമാറി. വിളംബരറാലിക്ക് എസ്.എം.വൈ.എം. ഭാരവാഹികളായ അതിരൂപത സെക്രട്ടറി ജോബിൻ ജോസഫ്, സംസ്ഥാനപ്രതിനിധി കുമാരി

ദിവ്യാ വിജയൻ, അമ്പൂരി ഫൊറോന പ്രസിഡന്റ് മനു ഫിലിപ്പോസ്, ഡെപ്യൂട്ടി പ്രസിഡന്റ് ജീന ജോർജ് കുന്നേൽ, അതിരൂപത ഓഫീസ് സെക്രട്ടറി ശ്രീ. ലാലിച്ചൻ മറ്റത്തിൽ എന്നിവർ നേതൃത്വം നൽകി. ഫൊറോനയിലെ വിവിധ ഇടവകയിൽനിന്നായി 150 നു മുകളിൽ അംഗങ്ങൾ ബൈക്ക് റാലിയിൽ ഹെൽമെറ്റ് ധരിച്ച് പങ്കുചേർന്നത് വളരെ ആവേശകരവും മാതൃകാപരവുമായി.

വൈകിട്ട് 6 മണിക്ക് അമ്പൂരി ഫൊറോനപള്ളിയിൽ എത്തിച്ചേർന്ന പ്രയാണങ്ങൾ ബാന്റുമേളങ്ങളുടെയും ദൈവാലയ മണിനാദത്തിന്റെയും അകമ്പടിയോടെ നൂറുകണക്കിന് വിശ്വാസികൾ ഇരുനിരയായി നിന്ന് പ്രാർത്ഥനയോടെ സ്വീകരിച്ചു.

ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാനും അതിരൂപതാ ദിനാചരണങ്ങളുടെ ജനറൽകൺവീനറുമായ മാർ തോമസ് തറയിൽ പിതാവിന്റെ നേതൃത്വത്തിൽ പ്രയാണങ്ങൾ സ്വീകരിച്ച് ദൈവാലയത്തിലേക്കാനയിച്ചു. അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായി റംശാപ്രാർത്ഥന അർപ്പിച്ചു. പിതാവ് ആമുഖ സന്ദേശം നൽകി. തുടർന്ന് ഫാ. സെബാസ്റ്റ്യൻ കരുമ്പനാനിക്കൽ O.C.D. ദൈവദാസൻ ഫാ. അദെയോദാത്തൂസ് O.C.D. യെക്കുറിച്ചുള്ള അനുസ്മരണ പ്രഭാഷണം നടത്തി. കൊല്ലം - ആയൂർ ഫൊറോന വികാരി വെരി റവ. ഫാ. എബ്രഹാം കരിപ്പിങ്ങാംപുറം എല്ലാവർക്കും നന്ദി പറഞ്ഞു.

**3. അതിരൂപതാ ദിനാചരണം** (മെയ് 20 തിങ്കളാഴ്ച)

**a. പ്രതിനിധി സമ്മേളനം**

തെക്കൻ മേഖലയോടുള്ള ചങ്ങനാശ്ശേരി അതിരൂപതയുടെ സ്നേഹം വിളിച്ചോതി വലിയ ഉത്സാഹനിറവിലാണ് 132-ാമത് അതിരൂപതാദിനാചരണത്തിന് കുറ്റിച്ചൽ ലൂർദ് മാതാ എഞ്ചിനീയറിംഗ് കോളേജ് സാക്ഷിയായത്. രാവിലെ 10 മണിക്കു മുമ്പേ, അതിരൂപതയുടെ 5 ജില്ലകളിൽ നിന്ന് 300 ഓളം ഇടവകകളിൽ നിന്നുള്ള പ്രതിനിധികളുടെ വാഹനങ്ങൾ പേപ്പൽ പതാകയും അതിരൂപതാദിന ബാനറുകളുംകെട്ടി ആവേശത്തോടെ ഒഴുകിയെത്തിയത് ആനന്ദകരമായ കാഴ്ചയായിരുന്നു. 10:30 ന് മുമ്പേ പന്തലും പരിസരവും പ്രതിനിധികളെകൊണ്ട് നിറഞ്ഞു കവിഞ്ഞു. കൃത്യം 10:30ന് കലാപരിപാടികൾ ആരംഭിച്ചു. 10:55 ന് വിശിഷ്ടാതിഥികളെ സമ്മേളനനഗറിലെ പ്രവേശന കവാടത്തിൽ വച്ച് അമ്പൂരി ഫൊറോന പ്രതിനിധികൾ ഷാൾ അണിയിച്ച് സ്വീകരിച്ചു. തുടർന്ന് ബാന്റുമേളങ്ങളുടെ അകമ്പടിയോടെ അമ്പൂരി ഫൊറോനയിലെ 132 മാതൃജ്യോതി പ്രതിനിധികൾ ഇരുവശങ്ങളിലുമായി മുത്തുക്കുടകൾ പിടിച്ച് വിശിഷ്ടാതിഥികളെ സമ്മേളന നഗറിലേക്ക് ആനയിച്ചു.

പാസ്റ്ററൽ കൗൺസിൽ അസി. സെക്രട്ടറി ശ്രീ. ജോസ് മാത്യു ആനിത്തോട്ടം അതിരൂപതാദിനപതാക ഉയർത്തിയതോടെ 132-മത് അതിരൂപതാദിനാഘോഷങ്ങൾക്ക് ആവേശകരമായ തുടക്കമായി. ചങ്ങനാശ്ശേരി അതിരൂപത വികാരി ജനറാൾ വെരി. റവ. ഡോ. തോമസ് പാടിയത്ത് ഖുഥാ ആ പ്രാർത്ഥനയ്ക്ക് കാർമ്മികത്വം വഹിച്ചു.

സ്വാഗത നൃത്തത്തോടെ പ്രതിനിധി സമ്മേളനം ആരംഭിച്ചു. അഭിവന്ദ്യ മാർ തോമസ് തറയിൽ മെത്രാൻ വിശിഷ്ടാതിഥികൾക്ക് സ്വാഗതം ആശംസിച്ചു. വിശിഷ്ടാതിഥികൾക്ക് പ്ലാവിൻ തൈ നല്കി സ്വീകരിച്ചത് കുടിയേറ്റ കർഷകരുടെ ഉചിതമായ സ്വീകരണമായി. ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് ചൂളപറമ്പിൽ സമ്മേളനനഗർ ഹ്രസ്വമായി പരിചയപ്പെടുത്തി.

പ്രതിനിധി സമ്മേളനം കെ.സി.ബി.സി. പ്രസിഡന്റും തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ചുബിഷപ്പുമായ റൈറ്റ്. റവ. ഡോ. എം. സൂസൈപാക്യം ഉദ്ഘാടനം ചെയ്തു. സഭാസമൂഹത്തിനുവേണ്ടത് അർപ്പണ മനോഭാവത്തോടെയുള്ള പ്രവർത്തനമാണെന്ന് അദ്ദേഹം പറഞ്ഞു. ആർച്ച്ബിഷപ്പ് ഡോ. എം. സൂസൈപാക്യം കൊളുത്തിയ ഭദ്രദീപത്തിൽ നിന്നും 16 ഫൊറോനകളിലെ സെക്രട്ടറിമാർ ദീപം തെളിച്ച് അതിരൂപതിൽ നാം ഒരു കുടുംബമെന്ന ചൈതന്യത്തെ അതിരൂപതയിലെ വിശ്വാസികളുടെ മുഴുവൻ ഹൃദയങ്ങളിലേക്ക് ഏറ്റുവാങ്ങി. ജോയിന്റ് സെക്രട്ടറിമാർ പേപ്പൽ പതാകയുമായി ദീപത്തെ അനുഗമിച്ചു. അപ്പോൾ ഗായകസംഘം അതിരൂപതാദിന തീംസോംഗ് ആലപിച്ചു.

സഭയുടെ ദൗത്യം പ്രേഷിത പ്രവർത്തനമാണെന്ന് മാർ ജോസഫ് പെരുംന്തോട്ടം മെത്രാപ്പോലീത്ത അദ്ധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചു. 132 വർഷത്തെചരിത്രമുള്ള ചങ്ങനാശേരി അതിരൂപത തിരുസഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നതിനു സാധിച്ചിട്ടുണ്ടെന്നും കൂടുതൽ തീക്ഷ്ണതയോടെ അതു തുടരണമെന്നും പറഞ്ഞു. 'അതിരൂപതയിൽ നാം ഒരു കുടുംബം' എന്ന ആപ്തവാക്യം മനസ്സിൽ ഉറപ്പിച്ചുകൊണ്ട് ഒരുമിച്ചു കൂടിയിരിക്കുന്ന നമ്മൾ വർദ്ധിച്ച പ്രേഷിത ഉണർവോടെ വേണം കർമ്മ മണ്ഡലങ്ങളിലേക്ക് മടങ്ങിപ്പോകേണ്ടതെന്ന് പിതാവ് ആഹ്വാനം ചെയ്തു.

നമ്മുടെയുള്ളിൽ വസിക്കുന്ന നന്മ കണ്ടെത്തുന്നതിന് ഓരോരുത്തർക്കും സാധിക്കണമെന്നു പ്രതിനിധി സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയ ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ യു. വി. ജോസ് ഐ.എ. എസ്. പ്രസ്താവിച്ചു. വികാരി ജനറാൾ റവ. ഡോ. ജോസഫ് മുണ്ടകത്തിൽ അവതരിപ്പിച്ച അജപാലന റിപ്പോർട്ട് (ഓഡിയോ- വിഷ്വൽ),

അതിരൂപതാ ദിനത്തെ സമ്പന്നമാക്കി. എസ്. എച്ച്. പ്രൊവിൻഷ്യാൾ സിസ്റ്റർ ഡോ. അമല ജോസ് ആശംസകൾ നേർന്നു. സീറോമലബാർ യൂത്ത്മൂവ്മെന്റ് സംസ്ഥാന പ്രതിനിധി കുമാരി ദിവ്യാ വിജയൻ (അമ്പൂ രി ഫൊറോന) പ്രതിനിധി സമ്മേളനത്തിന് നന്ദിപറഞ്ഞു. കോർഡി നേറ്റർ ഫാ. ജോസഫ് പുത്തൻചിറ, അമ്പൂരി കൈക്കാരൻ ഷാജി കാക്കനാട് എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. തുടർന്ന് സ്നേഹ വിരുന്ന്, തദവസരത്തിൽ സ്റ്റേജിൽ അമ്പൂരി ഫൊറോനയുടെ നേതൃത്വ ത്തിൽ കലാപരിപാടികൾ നടന്നു.

**b. പൊതുസമ്മേളനം**

ഉച്ചകഴിഞ്ഞ് 2:15 ന് പൊതുസമ്മേളനം പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ചു. ചങ്ങനാശേരി അതിരൂപതയുടെ വിദ്യാഭ്യാസമേഖലയുടെ പ്രത്യേക ചുമതലകൂടിയുള്ള സിഞ്ചെല്ലൂസ് വെരി. റവ. ഡോ. ഫിലിപ്സ് വടക്കേക്കളം ഏവർക്കും സ്വാഗതം ആശംസിച്ചു. ചങ്ങനാശ്ശേരി അതിരൂ പത ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷനായിരുന്നു. കുറ്റിച്ചൽ ലൂർദ്മാതാ എൻജിനീയറിംഗ് കോളജ് അതിരൂപത ഏറ്റെടു ക്കുന്നതുമായി ബന്ധപ്പെട്ട ഔദ്യോഗിക പ്രഖ്യാപനം അഭിവന്ദ്യ പിതാവ് നടത്തി. കോളേജിന്റെ സമഗ്രമായ വളർച്ചയ്ക്ക് എല്ലാവരുടെയും സഹ കരണങ്ങളും നേതൃത്വവും അഭിവന്ദ്യ പിതാവ് അഭ്യർത്ഥിച്ചു.

ചങ്ങനാശേരി അതിരൂപത കഴിഞ്ഞ സാമ്പത്തിക വർഷം പൂർ ത്തിയാക്കിയത് കുട്ടനാട് പ്രളയപുനരധിവാസ പദ്ധതികൾ ഉൾപ്പെ ടെ 43.03 കോടി രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളാണ് എന്ന് ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം അറിയിച്ചു. പ്രളയവുമാ യി ബന്ധപ്പെട്ട അടിയന്തിര സഹായമായി 20.56 കോടി രൂപയും ഭവന നിർമ്മാണ പദ്ധതിക്കായി 17.56 കോടി രൂപയും പുനരധിവാസ വരുമാന സ്രോതസ് പദ്ധതികൾക്കായി 4.89 കോടി രൂപയുമാണ് ചെലവഴിച്ചത്. ചങ്ങനാശ്ശേരി അതിരൂപതയുടെ സാമൂഹ്യക്ഷേമ വിഭാഗമായ ചാസിന്റെ നേതൃത്വത്തിലാണ് എല്ലാ ഇടവകകളേയും കളർ എ ഹോം പദ്ധതിക ളേയും ഡിപ്പാർട്ടുമെന്റുകളേയും സന്യാസസമൂഹങ്ങളേയും ഇന്ത്യക്ക് അകത്തും പുറത്തുമുള്ള വിവിധ ഏജൻസികളെയും പ്രവാസികളെയും സഹകരിപ്പിച്ച് സർക്കാരുമായി ചേർന്ന് ഈ പദ്ധതികൾ നടപ്പിലാക്കിയ തെന്ന് ആർച്ച് ബിഷപ്പ് അറിയിച്ചു.

കർണ്ണാടക മുൻ ചീഫ് സെക്രട്ടറി ഡോ. ജെ. അലക്സാണ്ടർ I.A.S. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ സഭാസമൂഹം ഭാരതത്തിനു നൽകിയ സംഭാവനകൾ വലുതാണെന്നും ജനസംഖ്യാടി സ്ഥാനത്തിൽ ക്രൈസ്തവസമൂഹം ന്യൂനപക്ഷമാണെങ്കിലും ആതുര

ശുശ്രൂഷ, വിദ്യാഭ്യാസം, സമൂഹനന്മ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങ ളിൽ ഈ സമൂഹം നൽകുന്ന സംഭാവനകൾ വിലമതിക്കാനാകാത്തതാ ണെന്നും അദ്ദേഹം പ്രസ്താവിച്ചു. ഭാരതസഭയ്ക്കും കേരളസഭയ്ക്കും ചങ്ങനാശ്ശേരി അതിരൂപതയും അഭിവന്ദ്യ പിതാക്കന്മാരും നൽകുന്ന ശക്തമായ ആത്മീയനേതൃത്വത്തെ ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം മുക്തകണ്ഠം പ്രശംസിച്ചു.

പൊതുസമ്മേളനത്തിൽ കാഞ്ഞിരപ്പള്ളി രൂപതമെത്രാൻ ബിഷപ്പ് മാർ മാത്യു അറയ്ക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. ആർച്ചബിഷപ് മാർ ജോസഫ് പെരുന്തോട്ടം സപ്തതി സ്മരക ഭവന നിർമ്മാണ പദ്ധതി കളുടെ സമർപ്പണം ചങ്ങനാശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ നിർവ്വഹിച്ചു. 93 ഭവനങ്ങളുടെ നിർമ്മാണം പൂർത്തി യാകുന്നതായി അഭിവന്ദ്യപിതാവ് അറിയിച്ചു.

### അതിരൂപതയുടെ പ്രത്യേക ആദരവുകൾ

**എക്സലൻസ് അവാർഡ്** - അതിരൂപതാ ദിനത്തോടനുബന്ധിച്ചുള്ള അതിരൂപതയുടെ പരമോന്നത ബഹുമതിയായ എക്സലൻസ് അവാർ ഡ് ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് മുൻ ഡയറക്ടർ പ്രഫ. ജെ. ഫിലിപ്പിന് ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുംന്തോട്ടം സമ്മാനിച്ചു. ഉന്നത നേട്ടങ്ങൾ കൈവരിച്ച അതിരൂപതാംഗങ്ങളെ ചട ങ്ങിൽ ആദരിച്ചു.

ജേതാക്കളെ അതിരൂപത പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ പരിച യപ്പെടുത്തി. ദി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ് ലീഗൽ സ്റ്റഡീസ് കൊച്ചിയുടെ പുതിയ വൈസ് ചാൻസലറായി തെരഞ്ഞെടു ക്കപ്പെട്ട പ്രൊഫ. കെ.സി. സണ്ണി, അബുദാബിയിൽ നടന്ന സ്പെഷ്യൽ ഒളിംപിക്സ് 2019 ജേതാക്കളായ അപ്ളോണിയ ജോർജ് (സൈക്കിളിംഗ് 2 ബ്രോൺസ്), ടോണി ഡൊമിനിക് (ബാസ്ക്കറ്റ് ബോൾ സിൽവർ), ബിജി മോൾ ജെ. (വോളിബോൾ ബ്രോൺസ്), 2018 ലെ മികച്ച മത്സ്യകർഷക അവാർഡ് ജേതാവ് ശ്രീ. യേശുദാസ് തോമസ് ഉമിക്കുപ്പയിൽ (കൈ തവന), ഇന്റർനാഷണൽ ചെസ് ടൂർണമെന്റ് ജേതാവ് മാസ്റ്റർ ജൂബിൻ ജിമ്മി (കൊല്ലം), ലോഗോസ് ക്വിസ് സംസ്ഥാനതല E- കാറ്റഗറിയിൽ ഒന്നാംസ്ഥാനവും മെഗാഫൈനലിൽ 4-ാം സ്ഥാനവും കരസ്ഥമാക്കിയ ശ്രീമതി ജെസി ജോസ് കുഴിംതൊട്ടിയിൽ (തിരുവല്ലം), തത്തംപള്ളി ഇടവക അത്ലറ്റിക് കോച്ച് (കുറുമ്പനാടം) ശ്രീ. സ്റ്റീഫൻ വിളഞ്ഞൂർ, ശാസ്ത്ര-പത്രപ്രവർത്തക അവാർഡ് ജേതാവ് ശ്രീ. സണ്ണി ലൂക്കോസ് ചേക്കാത്ര (കോട്ടയം) എന്നിവരെ അതിരൂപതയുടെ പ്രത്യേക പുരസ്കാര ങ്ങൾ നല്കി ആദരിച്ചു.

**മികച്ച ഡയറക്ടറി –** 2019 ലെ ഏറ്റവും നല്ല ഡയറക്ടറിക്കുള്ള അവാർഡുകൾ കരസ്ഥമാക്കിയ പാറേൽ സെന്റ് മേരീസ് (500 ന് മുകളിൽ കുടുംബങ്ങളുള്ള ഇടവക), തിരുവല്ലം തിരുഹൃദയ ഇടവകകൾക്ക് (500 ൽ താഴെ കുടുംബങ്ങളുള്ള ഇടവക) സമ്മാനങ്ങൾ നല്കി.

**മികച്ച ഇടവക ബുള്ളറ്റിൻ –** ഏറ്റവും നല്ല ഇടവക ബുള്ളറ്റിനുള്ള അവാർഡുകൾ കരസ്ഥമാക്കിയ തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാ പള്ളി (500 ന് മുകളിൽ കുടുംബങ്ങളുള്ള ഇടവക), പൊടിപ്പാറ തിരുക്കുടുംബ ഇടവക (നസ്രത്ത് വോയ്സ് – 500 ൽ താഴെ കുടുംബങ്ങളുള്ള ഇടവക), പ്രത്യേക പുരസ്കാരത്തിന് അർഹമായ മായം സെന്റ് മേരീസ് ഇടവകയുടെ മരിയ ദീപ്തി എന്നിവർക്ക് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത പ്രത്യേക പുരസ്കാരങ്ങൾ സമ്മാനിച്ചു.

**മികച്ച പാരീഷ് കൗൺസിൽ –** സെന്റ് ജോസഫ് ചർച്ച് പുഷ്പഗിരി തെള്ളകം, മാർ ഗ്രിഗോറിയോസ് ചർച്ച് പുന്നപ്രാ എന്നിവരെ മികച്ച പാരീഷ് കൗൺസിലുകളായി തെരഞ്ഞെടുത്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ആന്റണി മാത്യൂസ് അവരെ പരിചയപ്പെടുത്തി.

**പുതിയ ഇടവകകൾ –** ചങ്ങനാശേരി അതിരൂപതയുടെ കീഴിലുള്ള തെക്കേക്കര സെന്റ് സെബാസ്റ്റ്യൻസ് പള്ളി, പാമ്പാടി ദൈവമാതാ പള്ളി, മാന്നാനം 12 ശ്ലീഹന്മാരുടെ അജപാലനകേന്ദ്രം, കാര്യവട്ടം സെന്റ് ജോസഫ് പള്ളി, ആലപ്പുഴ ചാത്തനാട് വി. അൽഫോൻസ പള്ളി എന്നിവയെ മെത്രാപ്പോലീത്ത പുതിയ സ്വതന്ത്ര ഇടവകകളായി പ്രഖ്യാപിച്ചു. അതിരൂപത ചാൻസിലർ വെരി. റവ. ഡോ. ഐസക്ക് ആലഞ്ചേരി പത്രികാ പാരായണം നടത്തി. 133-മത് അതിരൂപതാ ദിനാഘോഷത്തിന്റെ പതാക കോട്ടയം ഫൊറോന വികാരി വെരി. റവ. ഡോ. ജോസഫ് മണക്കളവും പ്രതിനിധികളും അഭിവന്ദ്യപിതാവിൽനിന്നും ഏറ്റുവാങ്ങി.

പ്രഫ. ജെ. ഫിലിപ്പ് മറുപടി പ്രസംഗം നടത്തി. കോ- ഓഡിനേറ്റർ റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ ഏവർക്കും നന്ദി പറഞ്ഞു. ഫൊറോന വികാരി വെരി റവ. ഫാ. ജോസഫ് ചൂളപ്പറമ്പിൽ, അതിരൂപതദിന ജനറൽ കോ-ഓർഡിനേറ്റർ റവ. ഫാ. ജോർജ്ജ് മാന്തുരുത്തിൽ, ലൂർദ് മാതാ കോളേജിലെ ഡയറക്ടർ റവ. ഡോ. ടോമി പടിഞ്ഞാറേവീട്ടിൽ, പ്രിൻസിപ്പൽ ഡോ. പി.പി. മോഹൻലാൽ, മാതൃജ്യോതി ഫൊറോന പ്രസിഡന്റ് വള്ളിയാനിപ്പുറം അമ്മിണി പൗലോസ്, സിസ്റ്റർ റിന്റാ മേരി ASMI എന്നിവർ പൊതുസമ്മേളന വേദിയെ സാന്നിദ്ധ്യം കൊണ്ട് അലങ്കരിച്ചു.

**ഉപസംഹാരം**

അമ്പൂരി ഫൊറോന ആദ്യമായി ഏറ്റെടുത്തു നടത്തിയ അതിരൂപതാ

ദിനാചരണം വൻവിജയമായി മാറിയതിനു പിന്നിൽ മാസങ്ങളായുള്ള മുന്നൊരുക്കങ്ങളും കൂട്ടായ പരിശ്രമവും പ്രാർത്ഥനയുമാണ്. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ നേതൃത്വത്തിൽ കൂടിയ വോളന്റിയേഴ്സിന്റെ ആദ്യ ആലോചനാ മീറ്റിംഗിൽ അമ്പൂരി ഫൊറോനയിലെ അമ്പൂരി, ഡാൽമുഖം, പച്ചക്കാട്, കുച്ചപ്പുറം, മായം, രാജഗിരി, തേക്കുപാറ, വാവോട് എന്നീ 8 ഇടവകകളിൽ നിന്ന് ബഹു. വൈദീകരും സിസ്റ്റേഴ്സും മാതാപിതാക്കളും യുവജനങ്ങളും ഉൾപ്പെടെ 350 പേർ പങ്കെടുത്തതു തന്നെ അതിരൂപതാദിനാഘോഷത്തെ എത്ര ആവേശത്തോടെ ഏറ്റെടുത്തു എന്നതിന്റെ തെളിവായിരുന്നു.

അതിരൂപതയിലെ 300 നടുത്ത് ഇടവകകളിലെ ബഹു. വൈദീകരെ കുറഞ്ഞത് രണ്ട് പ്രാവശ്യമെങ്കിലും നേരിട്ട് വിളിച്ചത് ഈ വർഷത്തെ അതിരൂപതാ ദിനാഘോഷത്തെ ഏറെ ഹൃദ്യമാക്കി. ആ ഹൃദ്യതയാണ് എല്ലാ പ്രതീക്ഷകൾക്കുമപ്പുറം ആവേശത്തോടെ വലിയ ജനപങ്കാളിത്തം ഉണ്ടാകാൻ കാരണം. അമ്പൂരിയിൽ ആയതിനാൽ ആള് കുറയും എന്ന സൂചനയുണ്ടായിരുന്നു. ഫോണിൽ വിളിച്ചപ്പോൾ മാക്സിമം 2500 പേര് പങ്കെടുക്കുമെന്ന സൂചനയായിരുന്നു. എന്നാൽ 3500 ആളുകൾ പങ്കെടുത്തതായാണ് രജിസ്ട്രേഷൻ കമ്മറ്റി നൽകുന്ന കണക്ക്. പെരി. ബഹു. ജോസഫ് ചൂളപ്പറമ്പിലച്ചന്റെ നേതൃത്വത്തിൽ ഉടനെ തന്നെ ഭക്ഷണം തയ്യാറാക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തെങ്കിലും അവിടെ കുറച്ച് ബുദ്ധിമുട്ട് ഉണ്ടായി. എന്നാൽ കുടുംബാരൂപിയിൽ ബഹു. വൈദീകരും ഇടവകപ്രതിനിധികളും അതിനെ അംഗീകരിച്ചപ്പോൾ അത് അതിരൂപത ഒരു കുടുംബമെന്ന ബന്ധത്തിന്റെ വളർച്ചയായി.

അടുത്തകാലത്തു നടന്ന അതിരൂപതാ ദിനാഘോഷങ്ങളിലെ മികച്ച പങ്കാളിത്തം കൊണ്ടും ഹൃദ്യതകൊണ്ടും മികച്ച സംഘാടകമികവുകൊണ്ടും എന്നും ഓർമ്മിപ്പിക്കപ്പെടുന്നതായിരിക്കും അമ്പൂരി ഫൊറോന നേതൃത്വം നൽകിയ 132-ാമത് അതിരൂപതാദിനാഘോഷം. അത് മനോഹരമാക്കാൻ നേതൃത്വമെടുത്ത അമ്പൂരി ഫൊറോനയ്ക്കും കുറ്റിച്ചൽ ലൂർദ് മാതാ എൻജിനീയറിംഗ് കോളേജിനും പാസ്റ്ററൽ കൗൺസിൽ, ഫൊറോനാ കൗൺസിൽ അംഗങ്ങൾക്കും അതിരൂപതാ PROയ്ക്കും വളരെ ആവേശപൂർവ്വം സഹകരിച്ച എല്ലാ വൈദീകർക്കും ഇടവകാംഗങ്ങൾക്കും പ്രതിനിധികൾക്കും ചങ്ങനാശേരി അതിരൂപതയുടേയും അഭിവന്ദ്യ പിതാക്കന്മാരുടേയും പേരിൽ ഒരായിരം നന്ദി.

**ഫാ. ജോർജ് മാന്തുരുത്തിൽ**
(ജനറൽ കോ-ഓഡിനേറ്റർ)

## ചങ്ങനാശേരി അതിരൂപത ജീവകാരുണ്യപ്രവർത്തനങ്ങൾ 2018-2019

| | | | |
|---|---|---|---|
| I | കുട്ടനാട് പ്രളയം | | |
| | **Immediate Relief Response** | | **20,56,85,600.00** |
| II | **ഭവനനിർമ്മാണ പദ്ധതികൾ** | | |
| | a. ചാസ് നേരിട്ട് (അഗാപേ ഹൗസിംഗ് സ്കീം **etc.** ഉൾപ്പെടെ) | 5,95,64,000.00 | |
| | b. കളർ എ ഹോം പദ്ധതി, ഇടവകകൾ, സംഘടനകൾ, ചാരിറ്റി വേൾഡ് etc- | 5,43,31,121.00 | |
| | c. സന്യാസസമൂഹങ്ങൾ വഴി | 4,35,60,000.00 | |
| | d. മാർ ജോസഫ് പെരുന്തോട്ടം സപ്തതി സ്മാരക പദ്ധതി (അമ്പൂരി, കൊല്ലം-ആയൂർ, തിരുവനന്തപുരം ഫൊറോനകൾ) | 1,82,39,000.00 | |
| | **ആകെ** | | **17,56,94,121.00** |
| III | **Rehabilitation Activities by Chass, Colour A Home, Parishes etc.** | | |
| | 1. കുടിവെള്ളപദ്ധതി | 49,24,000.00 | |
| | 2. വിദ്യാഭ്യാസം | 66,35,700.00 | |
| | 3. കൃഷി | 1,09,80,000.00 | |
| | 4. ജീവനോപാധി വിതരണം (livelihood Distribution) (Goat Rearings, Duck, Dairy, Poultry, Petty shop etc.) | 1,84,50,000.00 | |
| | 5. Toilet (ശൗചാലയം) | 79,83,000.00 | |
| | **Total** | | **4,89,72,700.00** |
| | **Grand Total** | | **43,03,52,421.00** |

132-മത് അതിരൂപതാദിനത്തിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ സമർപ്പിച്ച 2018-19 ലെ ചങ്ങനാശേരി അതിരൂപത ജീവകാരുണ്യ പ്രവർത്തന റിപ്പോർട്ട്. രണ്ടാംഘട്ട പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങൾക്ക് അഭിവന്ദ്യ പിതാവ് എല്ലാവരുടേയും പിന്തുണ അഭ്യർത്ഥിച്ചു.

## രണ്ടാം വർഷം - പ്രായോഗിക നിർദ്ദേശങ്ങൾ

### ശ്ലീഹാക്കാലം - പ്രേഷിതദൗത്യം, വിദ്യാഭ്യാസം

ശ്ലീഹന്മാരുടെ പ്രേഷിതപ്രവർത്തനങ്ങൾ ചിന്താവിഷയമാക്കുന്ന ഈ കാലത്ത് നമ്മുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളും പ്രേഷിതദൗത്യവും യഥാർത്ഥ ക്രൈസ്തവസാക്ഷ്യം നല്കാനുള്ള ഉത്തരവാദിത്വവും വിചിന്തനവിഷയമാക്കാം. കഴിഞ്ഞ വർഷം നടപ്പിലാക്കാനായി നല്കിയിരുന്ന നിർദ്ദേശങ്ങളുടെ തുടർച്ചയായാണ് ഈ വർഷത്തേക്കുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടത്. തുടർച്ചയായ അജപാലനശ്രദ്ധ എല്ലാ മേഖലകളിലും ആവശ്യമായിരിക്കുന്നതിനാൽ ഈ മേഖലകളിലെ പ്രവർത്തനങ്ങൾ വർഷം മുഴുവൻ തുടരുവാൻ ശ്രദ്ധിക്കുമല്ലോ.

### പ്രേഷിതദൗത്യം

1. മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഓരോ ഫൊറോനയും ഒരു മിഷൻ പ്രദേശം ദത്തെടുത്ത് പ്രാർത്ഥിക്കുകയും സാമ്പത്തിക സഹായം നല്കുകയും ചെയ്യുക. ആ മിഷൻ പ്രദേശത്തെപ്പറ്റി കൂടുതൽ അറിയുന്നതിന് അവിടുത്തെ വിശേഷങ്ങൾ പങ്കുവയ്ക്കുന്ന ഒരു പത്രം തയ്യാറാക്കുക. ആ മിഷൻ പ്രദേശത്തെ അടുത്തറിയുവാൻ മിഷൻ യാത്രകൾ സംഘടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക.
2. ഞങ്ങളുടെ സ്വന്തം വിശുദ്ധർ എന്ന പേരിൽ അവരവരുടെ പേരിന് കാരണക്കാരായ വിശുദ്ധരെക്കുറിച്ച് ഒരു കയ്യെഴുത്ത് മാസിക ഇടവക തലത്തിൽ തയ്യാറാക്കുക. ഇടവകയുടെ വിശുദ്ധരെക്കുറിച്ചും ആരാധനാവത്സരത്തിൽ പ്രത്യേകം അനുസ്മരിക്കുന്ന വിശുദ്ധരെക്കുറിച്ചും സീറോ മലബാർ സഭയിലെ വിശുദ്ധരെക്കുറിച്ചും ഇടവകതലത്തിൽ ഡോക്യുമെന്ററികൾ തയ്യാറാക്കുക.
3. സുമ്മാറ എന്ന പേരിൽ അതിരൂപതാ തലത്തിൽ സംഘടിപ്പിക്കുന്ന ബൈബിൾ അധിഷ്ഠിതമായ ആക്ഷൻസോംഗ് മത്സരത്തിൽ എല്ലാ ഇടവകകളും പങ്കെടുക്കുക. സ്വന്തമായി രചിച്ച് ഈണം നല്കി അഭിനയിച്ച് റിക്കോഡ് ചെയ്ത ആക്ഷൻ സോംഗുകൾ സന്ദേശനിലയത്തിൽ ഏല്പിക്കുക.
4. ജീവിതദർശൻ എന്ന പേരിൽ ഇടവകയിലെ 5 മുതൽ 10 വരെ ക്ലാസ്സുകളിൽ നിന്നു തിരഞ്ഞെടുക്കുന്ന, ദൈവവിളികളോട് ആഭിമുഖ്യമുള്ള, കുട്ടികളെ സംഘടിപ്പിക്കുക. അവർക്ക് വ്യക്തമായ ജീവിതദർശനവും സഭാവബോധവും നല്കാൻ ശ്രമിക്കുക. ഇവരുടെ പരിശീലന പരിപാടികൾ മിഷൻലീഗിന്റെ അതിരൂപതാകേന്ദ്രവുമായി ബന്ധപ്പെട്ട് നടത്തുക.
5. വിവിധ സ്ഥലങ്ങളിൽ സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിമാരെയും അതിരൂപതയിലെ വിവിധ സ്ഥാപനങ്ങളിലൂടെയും വ്യക്തിപര

മായും പ്രേഷിതശുശ്രൂഷ ചെയ്യുന്ന സമർപ്പിതരെയും അൽമായരെയും ഇടവക-ഫൊറോന-അതിരൂപതാ തലങ്ങളിൽ അനുയോജ്യമായ അവസരങ്ങളിൽ ആദരിക്കുക.

## വിദ്യാഭ്യാസം

1. സമൂഹത്തിൽ കത്തോലിക്കാസഭയുടെ സാന്നിധ്യം കത്തോലിക്കാ വിദ്യാലയങ്ങൾവഴി പ്രത്യേകമാംവിധം പ്രകടമാക്കണം. മാതാപിതാക്കൾക്ക് ബോധവത്കരണം നല്കി നമ്മുടെ കുട്ടികളെ കത്തോലിക്കാവിദ്യാലയങ്ങളിൽ ചേർത്തു പഠിപ്പിക്കാൻവേണ്ട പ്രോത്സാഹനം നല്കണം.
2. സുവിശേഷമൂല്യങ്ങൾക്കനുസരിച്ചുള്ള ജീവിതം നയിക്കാൻ കുട്ടികളെ പ്രാപ്തരാക്കുംവിധമുള്ള വചനാധിഷ്ഠിതപ്രവർത്തനങ്ങൾ പാഠ്യ-പാഠ്യേതര പദ്ധതിയോടുചേർത്തു നടത്താൻ ശ്രദ്ധിക്കുക. നമ്മുടെ സ്ഥാപനങ്ങളിൽ ഇതിനു സഹായിക്കുന്ന ക്ലാസ്സുകളും സെമിനാറുകളും കുട്ടികൾക്കും മാതാപിതാക്കൾക്കും നല്കണം.
3. സഭാദൗത്യനിർവ്വഹണമാണ് വിദ്യാഭ്യാസത്തിലൂടെ നടക്കുന്നത് എന്ന ബോധ്യം അധ്യാപകർക്ക് നല്കുവാൻ കത്തോലിക്കാസഭയെയും സഭയുടെ പ്രബോധനങ്ങളെയും സഭാദൗത്യങ്ങളെയുംകുറിച്ച് വ്യക്തമായ അവബോധം നല്കുന്ന സെമിനാറുകൾ അദ്ധ്യാപകർക്കു നല്കുക.
4. ന്യൂനപക്ഷങ്ങളുടെ അവകാശമെന്ന നിലയിലാണ് നാം വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നതെന്നും ഈ അവകാശം സംരക്ഷിക്കേണ്ടത് നമ്മുടെ അർത്ഥപൂർണമായ നിലനില്പിന് ആവശ്യമാണ് എന്നുമുള്ള ബോധ്യം അദ്ധ്യാപകർക്കും സഭാംഗങ്ങൾക്കും നല്കുവാൻ തക്കവിധം നമ്മുടെ വിദ്യാഭ്യാസചിന്തകരെ ഉൾപെടുത്തി ശില്പശാലകൾ നടത്തുക.
5. നമ്മുടെ സ്കൂളുകളിൽ വൈദികരുടെയും സന്ന്യസ്തരുടെയും സാന്നിധ്യം ഉറപ്പുവരുത്തുകയും കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

# അതിരൂപത കുട്ടനാട് പുനർനിർമ്മാണ പദ്ധതി

ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ കുട്ടനാട്ടിൽ നടത്തപ്പെടുന്ന പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി മെയ് മാസം വിവിധ പദ്ധതികളിൽ സഹായവിതരണം നടത്തി.

## (A) ഭവനനിർമ്മാണം (13.05.2019)

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| കണ്ണാടി സെന്റ് ജോസഫ്സ് | 4 | 326000 |
| ചങ്ങങ്കരി | 4 | 350000 |
| എടത്വാ | 4 | 200000 |
| തെക്കേക്കര | 3 | 233500 |
| കണ്ടങ്കരി | 3 | 283000 |
| നസ്രത്ത് | 3 | 288500 |
| കായൽപ്പുറം സെന്റ് ജോസഫ്സ് | 4 | 385000 |
| കായൽപ്പുറം സെന്റ് ആന്റണീസ് | 3 | 255000 |
| കൊണ്ടാക്കൽ | 3 | 293000 |
| കൈതവന | 3 | 293000 |
| അറുന്നൂറ്റിൻപാടം | 5 | 398000 |
| കുട്ടമംഗലം | 3 | 253000 |
| വൈശ്യംഭാഗം | 3 | 292000 |
| നർബോനപുരം | 3 | 282500 |
| തോട്ടുവാത്തല | 4 | 388000 |
| പുല്ലങ്ങടി | 4 | 360000 |
| കൂലിപ്പുര | 3 | 325000 |
| കാവാലം സെന്റ് ജോസഫ്സ് | 3 | 291000 |
| കരിയിൽ തോട്ടപ്പള്ളി | 2 | 190000 |
| മങ്കൊമ്പ് | 4 | 310000 |
| പൊങ്ങ | 4 | 400000 |
| **ആകെ** | **72** | **6396500** |

## (B) CHASS-ITALIAN BISHOP'S CONFERENCE-PERK

ഇറ്റാലിയൻ ബിഷപ്പ് കോൺഫ്രൻസിന്റെ സഹായത്തോടെ എടത്വാ, മുട്ടാർ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയുടെ ഭാഗമായി താഴെ പ്പറയുന്ന സഹായങ്ങൾ നൽകി.

**1. ഹൈടെക് കൂടും കോഴിയും** (മെയ് 7) ഒരു ഗുണഭോക്താവിന് 25 കോഴി വീതം

| ഇടവക | ഗുണഭോക്താക്കൾ | ആകെ തുക |
|---|---|---|
| എടത്വാ | 5 | 52500 |
| **ആകെ** | **5** | **52500** |

**2. താറാവ് വിതരണം** (മെയ് 14) ഒരു ഗുണഭോക്താവിന് 25 താറാവ് വീതം

| ഇടവക | ഗുണഭോക്താക്കൾ | ആകെ തുക |
|---|---|---|
| ചങ്ങങ്കരി | 13 | 65000 |
| മുട്ടാർ ഓൾഡ് | 9 | 45000 |
| മുട്ടാർ ന്യൂ | 7 | 35000 |
| മുട്ടാർ CMI | 4 | 20000 |
| കിഴക്കേമിത്രക്കരി | 7 | 35000 |
| **ആകെ** | **40** | **200000** |

**3. ശൗചാലയനിർമ്മാണം** (മെയ് 13)

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | CEI സംഭാവന | ഗുണഭോക്തൃ വിഹിതം | ആകെ പദ്ധതി തുക |
|---|---|---|---|---|
| തായങ്കരി | 4 | 60000 | 20000 | 80000 |
| മിത്രക്കരി | 2 | 30000 | 10000 | 40000 |
| കേളമംഗലം | 3 | 45000 | 15000 | 60000 |
| **ആകെ** | **9** | **135000** | **45000** | **180000** |

## (C) CHASS-CARITAS INDIA- EA PROJECT

കാരിത്താസ് ഇൻഡ്യയുമായി സഹകരിച്ച് നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയിൽ താഴെപ്പറയുന്ന സഹായങ്ങൾ വിതരണം ചെയ്തു.

**1. വാട്ടർപ്യൂരിഫയർ വിതരണം** (മെയ് 17)

| ഇടവക | ഗുണഭോക്താക്കൾ | ആകെ തുക |
|---|---|---|
| വടക്കേഅമിച്ചകരി | 7 | 38500 |
| ചമ്പക്കുളം | 11 | 60500 |
| നസ്രത്ത് | 8 | 44000 |
| ചേന്നങ്കരി | 8 | 44000 |
| കണ്ടങ്കരി | 7 | 38500 |
| കൂലിപ്പുര | 11 | 60500 |
| തെക്കേക്കര | 6 | 33000 |
| വൈശ്യംഭാഗം | 7 | 38500 |
| പൊങ്ങ | 5 | 27500 |
| കൊണ്ടാക്കൽ | 6 | 33000 |
| തോട്ടുവാത്തല | 8 | 44000 |

| | | |
|---|---|---|
| നർബോനപുരം | 6 | 33000 |
| ഒന്നാംകര | 4 | 22000 |
| പുല്ലങ്ങടി | 5 | 27500 |
| **ആകെ** | **99** | **544500** |

**2. ആട് വളർത്തൽ** (മെയ് 17, 25) ഒരു ഗുണഭോക്താവിന് 2 ആടുകൾ

| **ഇടവക** | **ഗുണഭോക്താക്കൾ** | **ആകെ തുക** |
|---|---|---|
| കണ്ടങ്കരി | 6 | 66000 |
| വൈശ്യംഭാഗം | 8 | 88000 |
| കൊണ്ടാക്കൽ | 3 | 33000 |
| പുല്ലങ്ങടി | 7 | 77000 |
| ഒന്നാംകര | 3 | 33000 |
| ചമ്പക്കുളം | 16 | 176000 |
| **ആകെ** | **43** | **473000** |

**3. കോഴി വളർത്തൽ** (മെയ് 22) ഒരു ഗുണഭോക്താവിന് 10 കോഴി വീതം

| **യൂണിറ്റ്** | **ഗുണഭോക്താക്കൾ** | **ആകെ തുക** |
|---|---|---|
| നസ്രത്ത് | 13 | 19500 |
| ചേന്നങ്കരി | 17 | 25500 |
| കൂലിപ്പുര | 14 | 21000 |
| പൊങ്ങ | 21 | 31500 |
| തോട്ടുവാത്തല | 13 | 19500 |
| നർബോനപുരം | 17 | 25500 |
| ഒന്നാംകര | 5 | 7500 |
| **ആകെ** | **100** | **150000** |

**4. ഭവനനിർമ്മാണം-ഒന്നാം ഗഡു** (ഏപ്രിൽ 26, മെയ് 7)

| **ഇടവക** | **ഗുണഭോക്താക്കളുടെ എണ്ണം** | **ആകെ പദ്ധതി തുക** |
|---|---|---|
| ഒന്നാംകര | 1 | 30000 |
| പുല്ലങ്ങടി | 5 | 150000 |
| **ആകെ** | **6** | **180000** |

**5. ശൗചാലയം-ഒന്നാം ഗഡു** (ഏപ്രിൽ 26)

| **ഇടവക** | **ഗുണഭോക്താക്കളുടെ എണ്ണം** | **ആകെ പദ്ധതി തുക** |
|---|---|---|
| ഒന്നാംകര | 2 | 30000 |
| പുല്ലങ്ങടി | 7 | 105000 |
| **ആകെ** | **9** | **135000** |

## (D) ഷംഷാബാദ് രൂപത-ഭവനനിർമ്മാണം

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതി തുക |
|---|---|---|
| പച്ച-ചെക്കിടിക്കാട് | 4 | 800000 (പൂർണ്ണം) |
| ചേന്നങ്കരി | 5 | 650000 (ഭാഗീകം) |
| പാണ്ടി | 3 | 525000 (ഭാഗീകം) |
| തായങ്കരി | 3 | 375000 (ഭാഗീകം) |
| **ആകെ** | **15** | **2350000** |

## (E) Xisco Muñoz Expuig, Spain -WATSAN Project

**ശൗചാലയം-ഒന്നാം ഗഡു** (ഏപ്രിൽ 30, മെയ് 7)

| ഇടവക | ഗുണഭോക്താ ക്കളുടെ എണ്ണം | ആകെ പദ്ധതി തുക |
|---|---|---|
| രാമങ്കരി | 1 | 30000 |
| കൈനടി | 5 | 150000 |
| കുമരങ്കരി | 4 | 120000 |
| വെളിയനാട് കേസറിയ | 3 | 90000 |
| കാവാലം ലിസ്യൂ | 5 | 150000 |
| **ആകെ** | **18** | **540000** |

www.missionkuttanad.com
www.chasschry.org

**Fr. Joseph Kalarickal**

Secretary, Director CHASS & Secretary
Archdiocesan Rehabilitation & Monitoring Cell

## ARCHBISHOP MAR JOSEPH PERUMTHOTTAMSAPTHATHI SMARAKA HOUSING AID CONTRIBUTION LIST (ThekkanMekhala) 2018 - 2019

| Sl. No | Rpt. No | NAME | | AMOUNT |
|---|---|---|---|---|
| 1 | 42 | Dr. George Joseph,Vallath, St.Alphonsa Church Pogammood, Trivandram | | Rs.10000/- |
| 2 | 43 | Mr.Benu G.Joseph,Naduvileparampil | " | Rs.500/- |
| 3 | 44 | Mr.A.V.Scaria,Plamparampil | " | Rs.5000/- |
| 4 | 45 | Mr.Sebastian Ukken | " | Rs.2000/- |
| 5 | 46 | Mr.Johny.K.U,Kolliyil | " | Rs.1000/- |
| 6 | 47 | Mr.Jerin.k.Ponnamattom | " | Rs.1000/- |
| 7 | 48 | Mr.Shijo Xavier,Kuriamparampil | " | Rs.2000/- |
| 8 | 49 | Mr.Thomas.P.K(Joby)Pothiyittayil | " | Rs.2000/- |
| 9 | 50 | Mr.A.K.Kuriakose,Adukuzhiyil | " | Rs.2000/- |
| 10 | 51 | Mr.K.C.Jacob Elavumkal | " | Rs.1000/- |
| 11 | 52 | Mr.Binny Mathew,Theruvil | " | Rs.2000/- |
| 12 | 53 | Mr.P.J.George,Cholenkeril | " | Rs.2000/- |
| 13 | 54 | Mr.Joshy Varghese,Kadathumkal | " | Rs.2000/- |
| 14 | 55 | Mr.C.L.Jose Chennappillil | " | Rs.500/- |
| 15 | 56 | Mr.Jose Nedumackal | " | Rs.2000/- |
| 16 | 57 | Sri.Shobi Thalamundakathil | " | Rs.1000/- |
| 17 | 58 | Mr.Noel Don Thomas,Ayckara | " | Rs.500/- |
| 18 | 59 | Sri.Annie Kuriakose,Archana Nagra | " | Rs.2500/- |
| 19 | 60 | Mr.Enosh Joy Palakunnel | " | Rs.2000/- |
| 20 | 61 | Mr.Siby Thomas,Puthiyaparampil | " | Rs.1000/- |
| 21 | 62 | Anonymous Person | " | Rs.1000/- |
| 22 | 63 | Mr.Shaji Mathew,Muttomthundiyil | " | Rs.2000/- |
| 23 | 64 | Mr.Georgi George Manamel | " | Rs.10000/- |
| 24 | 65 | Mr.Tony.M.Alex,Machiyamickal | " | Rs.1000/- |
| 25 | 66 | Mr.Thomas Joseph,Parayil | " | Rs.1000/- |
| 26 | 67 | Sri.Rosamma V.A,Thvaruparampil,Mammood Dept.of Mathematics HOD Assumption College | | Rs.50000/- |
| 27 | 68 | Dr.Antony Mathews (Sony) Kandamkary S.B.Autonomous College Controller of Examinations | | Rs.50000/- |
| 28 | 69 | Sri.K.C.Joseph & Thresiamma Joseph Kuruvachira (H) Mudiyoorkara | | Rs.50000/- |
| 29 | 70 | Lourdes Forane Church,Trivandram | | Rs.200000/- |
| 30 | 72 | Mrs.Rani Maria Thomas,Dept of Eco. Assumption College Changanacherry | | Rs.50000/- |

**Continue...**

മിശിഹായിൽ സ്നേഹമുള്ളവരേ,

പുതിയ മതബോധനവർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ, പ്രാർത്ഥനാശംസകൾ സ്നേഹപൂർവ്വം നേരുന്നു. പ്രാർത്ഥിച്ച് ഒരുങ്ങിയും ആത്മാർത്ഥമായ വിലയിരുത്തൽ വ്യക്തിപരമായും കൂട്ടായും നടത്തിയും നമുക്ക് പുതിയ വർഷത്തിലേക്ക് പ്രവേശിക്കാം. മെയ് 25-നു നടന്ന മതാദ്ധ്യാപകനേതൃസംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. പന്തക്കുസ്താതിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

### ജൂൺ

| | | |
|---|---|---|
| 2 ഞായർ | : | ഉയിർപ്പ് ഏഴാം ഞായർ ക്ലാസ് - 1<br>ഇടവകതല വിശ്വാസ പരിശീലനക്ലാസുകൾ ആരംഭിക്കുന്നു. |
| 8 ശനി | : | അതിരൂപതാതല മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനം, **അതിരൂപതാ മതബോധനവർഷം ഉദ്ഘാടനം.** |
| 9 ഞായർ | : | **പന്തക്കുസ്താതിരുനാൾ**<br>ശ്ലീഹാക്കാലം ഒന്നാം ഞായർ ക്ലാസ് - 2<br>ഇടവകതല മതബോധന ദിനാചരണം |
| 15 ശനി | : | BCT Day Scholar Batch 1 ഒന്നാം ദിവസം<br>(ആലപ്പുഴ, ചമ്പക്കുളം, പുളിങ്കുന്ന്, എടത്വാ, കോട്ടയം, അതിരമ്പുഴ, കുടമാളൂർ) |
| 16 ഞായർ | : | പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ<br>ശ്ലീഹാക്കാലം രണ്ടാം ഞായർ ക്ലാസ് 3 |
| 20 വ്യാഴം | : | പരിശുദ്ധ കുർബാനയുടെ തിരുനാൾ |
| 22 ശനി | : | BCT Day Scholar Batch - 1 രണ്ടാംദിവസം<br>(ആലപ്പുഴ, ചമ്പക്കുളം, പുളിങ്കുന്ന്, എടത്വാ, കോട്ടയം, അതിരമ്പുഴ, കുടമാളൂർ) |
| 23 ഞായർ | : | ശ്ലീഹാക്കാലം മൂന്നാം ഞായർ ക്ലാസ് 4 |
| 28 വെള്ളി | : | **ഈശോയുടെ തിരുഹൃദയത്തിരുനാൾ** |
| 29 ശനി | : | മാർ പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുന്നാൾ (കടമുള്ള ദിവസം) ഓഫീസ് അവധി. |

| | | |
|---|---|---|
| 30 ഞായർ | : | ശ്ലീഹാക്കാലം നാലാം ഞായർ ക്ലാസ് 5 |

**ജൂലൈ**

| | | |
|---|---|---|
| 1 തിങ്കൾ | : | Last date for submitting CLT & MCC application forms |
| 3 ബുധൻ | : | **ദുക്റാന തിരുനാൾ** |
| | | **അതിരൂപതാ മതാദ്ധ്യാപകദിനം** (കടമുള്ള ദിവസം) ഓഫീസ് അവധി |
| 6 ശനി | : | BCT Day Scholar Batch 1 മൂന്നാംദിവസം |
| | | വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം കുറുമ്പനാടം ഫൊറോന. |
| 7 ഞായർ | : | ശ്ലീഹാക്കാലം അഞ്ചാം ഞായർ ക്ലാസ് 6 |
| 13 ശനി | : | CLT, MCC കോഴ്സുകളുടെ ഉദ്ഘാടനം |
| 14 ഞായർ | : | PTF Leaders Meet / Sunday School Leaders Meet |

## മതബോധനവർഷം അതിരൂപതാതല ഉദ്ഘാടനം

ജൂൺ 8-ാം തീയതി മതബോധനവർഷത്തിന്റെ അതിരൂപതാതല ഉദ്ഘാടനം ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ ഉച്ചകഴിഞ്ഞ് 3.00 മണിക്ക് നടക്കുന്ന മൂറോൻ കൂദാശയ്ക്കുശേഷം അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവ്വഹിക്കുന്നു. 9-ാം തീയതി ഞായറാഴ്ച ഇടവകതല മതബോധനവർഷ ഉദ്ഘാടനവും മതബോധനദിനാചരണവും സമുചിതമായി ആഘോഷിക്കേണ്ട താണ്.

## സ്കോളർഷിപ്പ് പരീക്ഷയുടെ സമ്മാനദാനം

2018-19 വർഷത്തിൽ സ്കോളർഷിപ്പിന് അർഹരായവർക്കുള്ള സമ്മാനദാനം ജൂലൈ 4ന് പി. റ്റി. എഫ്. ലീഡേഴ്സ് മീറ്റിനോടനുബന്ധിച്ച് നടത്തുന്നതാണ്. യോഗ്യത നേടിയവരെ നേരത്തെ അറിയിക്കുന്നതായിരിക്കും. സമ്മാനാർഹ രായവർ രാവിലെ 9.30ന് അസ്സംപ്ഷൻ കോളേജിൽ എത്തേണ്ടതാണ്.

## CLT കോഴ്സ് & MCC കോഴ്സ്

CLT 40-ാം ബാച്ച്, MCC 11-ാം ബാച്ച് എന്നിവയുടെ ഉദ്ഘാടനം ജൂലൈ 13 ശനിയാഴ്ച രാവിലെ 10 മണിക്ക് സന്ദേശനിലയം ഹാളിൽ നടക്കും. പുതിയ ബാച്ചുകളിലേയ്ക്കുള്ള പ്രവേശനഫോം സന്ദേശനിലയം ഓഫീസിൽ ലഭ്യ മാണ്. കോഴ്സിൽ ചേരുന്നവർ ജൂലൈ ഒന്നിനകം ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുക.

## വിശ്വാസപരിശീലന പ്രാർത്ഥനാ വാരം (ജൂൺ 2 -9)

**a.** ഉത്തരാധുനിക യുഗത്തിന്റെ വെല്ലുവിളികളെ അതിജീവിക്കുവാൻ വിശ്വാ സപരിശീലകരെയും, കുട്ടികളെയും, കുടുംബങ്ങളെയും രൂപപ്പെടുത്തുന്നതിന് അതിരൂപതയിലെ വിശ്വാസപരിശീലക സമൂഹം ഒന്നുചേർന്ന് തീവ്രമായി പ്രാർത്ഥിക്കുന്ന ദിനങ്ങളാണിത്. പന്തക്കുസ്തായ്ക്കു മുമ്പുള്ള ദിനങ്ങളിൽ ഈ പ്രാർത്ഥന ഭവനങ്ങളിലോ കുടുംബപ്രാർത്ഥനാ സമയത്തോ ചൊല്ലാവുന്നതാണ്.

അധ്യാപകർ വ്യക്തിപരമായോ, ഇടവകയിൽ ഒന്നിച്ചുകൂടിയോ റംശായോടൊപ്പം പ്രാർത്ഥിക്കാവുന്നതാണ്. കഴിവതും എല്ലാ അധ്യാപകരും ഈ ദിനങ്ങളിൽ കുമ്പസാരിക്കുകയും അനുദിനം പരി. കുർബാന അർപ്പിക്കുകയും ചെയ്യേണ്ടതാണ്.

**b. കുടുംബകൂട്ടായ്മ / പി.റ്റി.ഫ്. സമ്മേളനങ്ങൾ**

ജൂൺ മാസത്തിൽ നടക്കുന്ന കുടുംബകൂട്ടായ്മ സമ്മേനങ്ങളിലോ പി.റ്റി.എഫ്. സമ്മേളനങ്ങളിലോ അതിരൂപതാ സന്ദേശനിലയത്തിൽ നിന്നും നല്കുന്ന ലഘുരേഖ ചർച്ചയ്ക്കു വിധേയമാക്കേണ്ടതാണ്.

**വിഷയം :** 1. കുടുംബങ്ങളിലെ വിശ്വാസപരിശീലനം നേരിടുന്ന വെല്ലുവിളികൾ.

2. ഇടവകയിലെ കുട്ടികളുടെ വിശ്വാസപരിശീലനത്തിന്റെ ആവശ്യകതയും കുടുംബങ്ങളുടെ പങ്കും.

## 100% ഹാജറിന് അതിരൂപതാതല അവാർഡ്

സണ്ടേസ്കൂളിൽ 12 വർഷവും ഒരു ഹാജർ പോലും നഷ്ടമാകാതെ എല്ലാ ദിവസവും പങ്കെടുത്ത കുട്ടികളെ മെയ് 25ന് നടന്ന മതാധ്യാപക നേതൃസംഗമത്തിൽ പ്രത്യേകം ആദരിക്കുകയുണ്ടായി. സമ്മാനർഹരായവരുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു:

1. റിയാ റീത്താ സെബാസ്റ്റ്യൻ, സെന്റ് ജോസഫ്സ്, ആറാട്ടുവഴി.
2. അന്നമ്മ ജോസഫ് കളപ്പുര, സെന്റ് സേവിയേഴ്സ്, വില്ലൂന്നി.
3. ജോസഫ് ജോൺ നക്കര, സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ്, നെടുംകുന്നം.
4. മരിയ തോമസ് ശൗര്യമാക്കൽ, സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ്, നെടുംകുന്നം.
5. സിന്ത എസ്തേർ റെജി ചെമ്മാക്കൽ, സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ്, നെടുംകുന്നം.
6. വിനീത റോയ് കൊച്ചുകളത്തിൽ, സേക്രഡ് ഹാർട്ട്, താഴത്തങ്ങാടി.
7. മരിയ മേരി ജോസഫ് പത്തിൽചിറ, സെന്റ് ജോസഫ്സ്, പടഹാരം.
8. ബെന്നറ്റ് സ്കറിയ കൈപ്പടശ്ശേരി, സെന്റ് തോമസ്, മുട്ടാർ.
9. ശ്രേയ മരിയ വിൻസെന്റ്, സെന്റ് ജോർജ്ജ്, വടക്കേ അമിച്ചകരി.

## ആദരാഞ്ജലികൾ

ഫാത്തിമാപുരം ഫാത്തിമമാതാ സൺഡേസ്കൂൾ അദ്ധ്യാപിക സിസ്റ്റർ റാണി ജോസ് എഫ്.സി.സി. യുടെ പിതാവിന്റേയും, പായിപ്പാട് ലൂർദ്ദുമാതാ സൺഡേസ്കൂൾ അദ്ധ്യാപിക ഗ്രേയ്സമ്മ കട്ടപ്പുറത്തിന്റെ ഭർത്താവിന്റേയും, അരുവിക്കുഴി സെന്റ് ജോസഫ്സ് സൺഡേസ്കൂൾ വിദ്യാർത്ഥി എബിൻ പുതുപ്പറമ്പിലിന്റേയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

പുത്തൻ പ്രതീക്ഷകളും സ്വപ്നങ്ങളുമായി പുതിയ അദ്ധ്യയനവർഷത്തിലേക്കും പ്രവർത്തനവർഷത്തിലേക്കും നാം പ്രവേശിക്കുകയാണല്ലോ. പുതിയ പ്രവർത്തനവർഷത്തിന് എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു. വചനമായ ഈശോയെ കൂടുതൽ അടുത്തറിഞ്ഞ് തീക്ഷ്ണതയോടെ വചനത്തിന് സാക്ഷ്യം വഹിക്കുന്നവരായി നമുക്ക് മാറാം. ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട് നമ്മുടെ പ്രവർത്തനങ്ങൾ നമുക്കാരംഭിക്കാം. അതിരൂപതാ നിർദ്ദേശങ്ങളോട് സഹകരിച്ചുകൊണ്ട് മേഖലാ-ശാഖാ തല പ്രവർത്തനങ്ങൾ കാര്യക്ഷമതയോടെ നിർവ്വഹിക്കുവാൻ നിങ്ങൾക്ക് കഴിയട്ടെ. ജൂൺ 8-ാം തീയതി നടക്കുന്ന അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനത്തിലേക്ക് ഏവരേയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. പന്തക്കുസ്താതിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

### ജൂൺ

| | | |
|---|---|---|
| 1 ശനി | : | ചരമദിനം - ധന്യൻ മാർ തോമസ് കുര്യാളശേരി |
| 8 ശനി | : | അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം, മാനേജിംഗ് കമ്മിറ്റി |
| | | ശ്ലീഹാക്കാലം - പന്തക്കുസ്താതിരുനാൾ |
| 9 ഞായർ | : | പ്രവർത്തനവർഷ ഉദ്ഘാടനം (ശാഖകളിൽ) |
| 15 ശനി | : | പ്രവർത്തനവർഷ ഉദ്ഘാടനം (മേഖലകളിൽ) |
| 29 ശനി | : | വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ, കടമുള്ള ദിവസം (ഓഫീസ് അവധി) |

### ജൂലൈ

| | | |
|---|---|---|
| 2 ചൊവ്വ | : | അംഗത്വസ്വീകരണം - അതിരൂപതാതല ഉദ്ഘാടനം |
| 3 ബുധൻ | : | ദുക്റാനത്തിരുനാൾ, കടമുള്ള ദിവസം, ഓഫീസ് അവധി, അംഗത്വസ്വീകരണം ശാഖകളിൽ, മാർ തോമസ് തറയിൽ പിതാവിന്റെ നാമഹേതുകത്തിരുനാൾ |

*ശേഷം .... 45-ാം പേജിൽ....*

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

പന്തക്കുസ്താ തിരുനാൾ ആശംസകൾ ഏവർക്കും പ്രാർത്ഥനാ പൂർവ്വം നേരുന്നു. പരി.ആത്മാവിനാൽ നിറഞ്ഞ് ഈ വർഷത്തെ കൂട്ടായ്മാ പ്രവർത്തനങ്ങളിൽ വ്യാപരിക്കാൻ നമുക്ക് പ്രാർത്ഥിച്ചൊരുങ്ങാം.

ജൂൺ 8-ാം തീയതി ശനിയാഴ്ച കൂട്ടായ്മാ ലീഡേഴ്സ് ട്രെയിനിംഗ് കോഴ്സ് (കെ.എൽ.റ്റി) ആരംഭിക്കുകയാണ്. ഒരു ഇടവകയിൽനിന്ന് 2 പേരെ അയയ്ക്കണമെ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 70 പേർക്കാണ് ആദ്യ ബാച്ചിൽ അവസരം ലഭിക്കുക.

ഈ വർഷത്തെ ലോഗോസ് ക്വിസിന്റെ രജിസ്ട്രേഷൻ ജൂൺ 1 ന് ആരംഭിച്ചുകഴിഞ്ഞു.അതിരൂപതയിലെ എല്ലാ കുടുംബങ്ങളിൽനിന്നും പങ്കാളിത്തം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. മാതൃകാ ചോദ്യങ്ങളടങ്ങിയ പുസ്തകം വാങ്ങി ഏറ്റവും അടുത്ത ഒരുക്കം അതിനായി നമുക്കു നടത്താം.

കൂട്ടായ്മാ ലീഡേഴ്സിന്റെ ഫൊറോനാതല സംഗമം കെരിഗ്മ ഭംഗിയായി നടന്നുവരുന്നു. എല്ലാവരുടെയും സാന്നിദ്ധ്യ സഹകരണങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു.

വചനം പഠിക്കുവാനും, സ്വന്തമാക്കുവാനും ഉതകുന്ന പ്രവർത്തനങ്ങൾ ഈ വർഷം ക്രമീകരിക്കണമെന്ന അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശമനുസരിച്ച് കുടുംബക്കൂട്ടായ്മാ, ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ മൂന്ന് വചനാധിഷ്ഠിത മത്സരങ്ങൾ സംഘടിപ്പിക്കുകയാണ്. വചനത്തെ ജീവിതത്തിലേയ്ക്ക് കൊണ്ടുവരാൻ ഇതിലൂടെ നമുക്കു സാധിക്കും.

ഏവരുടെയും ആത്മാർത്ഥമായ സഹകരണവും പങ്കാളിത്തവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജെന്നി കായംകുളത്തുശേരി**
*(ഡയറക്ടർ)*

## വാർത്തകൾ - പ്രവർത്തനങ്ങൾ

### ബസാലേൽ കൺവൻഷൻ

തെക്കേക്കര സെന്റ് ജോൺസ് ഇടവകയിൽ മെയ് 5 നും ലൂർദ്മാതാ പച്ച ചെക്കിടിക്കാട് ഇടവകയിൽ മെയ് 12 നും മാടപ്പള്ളി ലൂർദ്ദ് മാതാ ഇടവകയിൽ മെയ് 26 നും ബസാലേൽ കൺവൻഷൻ നടത്തുകയുണ്ടായി. അതി. ഡയറക്ടർ റവ.ഫാ. ജെന്നി കായംകുളത്തുശേരി ക്ലാസ് നയിക്കുകയും, ശ്രീ ജോബ് ആന്റണി പവ്വത്തിൽ, ബ്രദർ ജസ്റ്റിൻ എന്നിവർ നേതൃത്വം നൽകുകയും ചെയ്തു. പ്രസ്തുത ഇടവകകളിൽ ബസാലേൽ സംഘടിപ്പിക്കുവാൻ യത്നിച്ച റവ. ഫാ. ജോഷി പുത്തൻപുര, റവ. ഫാ.ആന്റണി നെരയത്ത്, റവ. ഫാ. ചാക്കോ പുതിയാ

പറമ്പിൽ എന്നിവരേയും കൂട്ടായ്മാ ലീഡേഴ്സിനേയും, ബഹു. സിസ്റ്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു.

## ബൈബിൾ ക്ലാസ്

എഴുമറ്റൂർ സെന്റ് ജോസഫ്സ് ഇടവകയിൽ 2019 മെയ് 2 വെള്ളിയാഴ്ച ബൈബിൾ ക്ലാസ് സംഘടിപ്പിക്കുകയുണ്ടായി. വി. മർക്കോസിന്റെ സുവിശേഷത്തെ ആസ്പദമാക്കി ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ റവ.ഫാ. ജെന്നി കായംകുളത്തുശേരി ക്ലാസ് നയിച്ചു. വികാരി റവ.ഫാ. തോമസ് പാറത്തോട്ടാൽ പരിപാടികൾക്ക് നേതൃത്വം വഹിച്ചു.

## കെരിഗ്മ കുടുംബക്കൂട്ടയ്മാ ഫൊറോന നേതൃസംഗമം - കുറുമ്പനാടം ഫൊറോനയിൽ

2019 മെയ് 18 ന് കുറുമ്പനാടം ഫൊറോനയിലെ കുടുംബക്കൂട്ടയ്മാ ലീഡേഴ്സിനായി കെരിഗ്മ സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നായി 170 പേർ പ്രസ്തുത സംഗമത്തിൽ പങ്കെടുത്തു. ഫൊറോനാ ഡയറക്ടർ റവ. ഫാ. ജയിംസ് കുടിലിൽ സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം കുടുംബക്കൂട്ടായ്മയുടെ അടിസ്ഥാന പ്രവർത്തശൈലിയുടെ ചുവടുപിടിച്ച് പ്രഭാഷണം നൽകി ഉദ്ഘാടനം നിർവ്വഹിക്കുകയും തുടർന്ന് വികാരി ജനറാളും ബൈബിൾ അപ്പോസ്തലേറ്റ് സഹരക്ഷാധികാരിയുമായ വെരി. റവ. ഡോ. തോമസ് പാടിയത്ത് പഞ്ചവത്സര ദ്വിതീയവർഷ പഠനവിഷയമായ വചനം ജീവിതവെളിച്ചം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിക്കുകയും ചെയ്തു. തുടർന്ന് ഫൊറോനാ വികാരി വെരി. റവ. ഫാ. ജേക്കബ്ബ് അഞ്ചുപങ്കിൽ ആശംസാ പ്രസംഗം നടത്തുകയും ചെയ്തു. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും പ്രവർത്തനവർഷ പരിപാടികൾ വിശദീകരിക്കുകയും ചെയ്തു. ഫൊറോനാ സമിതി രൂപീകരണത്തിന് ശ്രി. ജോബ് ആന്റണി പവ്വത്തിൽ നേതൃത്വം നൽകി. ശ്രീ. ഇ. ജെ. ജോസഫ് ഇളപ്പുങ്കൽ നന്ദി അർപ്പിച്ചു. പ്രസ്തുത സംഗമത്തിലേയ്ക്ക് ലീഡേഴ്സിനെ പറഞ്ഞയച്ച കുറുമ്പനാടം ഫൊറോനയിലെ ബഹു. എല്ലാ അച്ചന്മാർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

## കെരിഗ്മ കുടുംബക്കൂട്ടയ്മാ ഫൊറോന നേതൃസംഗമം - ചമ്പക്കുളം ഫൊറോനയിൽ

2019 മെയ് 25 ന് ചമ്പക്കുളം ഫൊറോനയിലെ കുടുംബക്കൂട്ടയ്മാ ലീഡേഴ്സിനായി കെരിഗ്മ സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നും പ്രസ്തുത സംഗമത്തിൽ പങ്കെടുത്തു. ഫൊറോനാ ഡയറക്ടർ റവ. ഫാ. ജോഷി പുത്തൻപുര സ്വാഗതം ആശംസിച്ചു. വെരി. റവ.ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ കുടുംബക്കൂട്ടായ്മയുടെ ഇന്നത്തെ പ്രസക്തിയെക്കുറിച്ച് പ്രഭാഷണം നൽകി ഉദ്ഘാടനം നിർവ്വഹിക്കുകയും തുടർന്ന് റവ. ഫാ. മോബൻ ചൂരവടി വചനം ജീവിതവെളിച്ചം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു. ഫൊറോനാ വികാരി വെരി. റവ. ഫാ. അബ്രാഹം കാടാത്തുകളം ആശംസാ പ്രസംഗം നടത്തി. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും പ്രവർത്തനവർഷ പരിപാടികൾ വിശദികരിക്കുകയും ചെയ്തു. ഫൊറോനാ സമിതി രൂപീകരണത്തിന് ശ്രീ. ജോബ് ആന്റണി പവ്വത്തിൽ

നേതൃത്വം നൽകി. ഫൊറോനാ ജനറൽ കൺവീനർ നന്ദി അർപ്പിച്ചു. പ്രസ്തുത സംഗമത്തിലേയ്ക്ക് ലീഡേഴ്സിനെ പറഞ്ഞയച്ച കുറുമ്പനാടം ഫൊറോനയിലെ ബഹു. എല്ലാ അച്ചന്മാർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

**ജൂൺ മാസം കെരിഗ്മാ നടക്കുന്ന ഫൊറോനകളും, തീയതികളും**
**കോട്ടയം - ജൂൺ 1, തുരുത്തി - ജൂൺ 5, തൃക്കൊടിത്താനം - ജൂൺ 15**

## അറിയിപ്പുകൾ

### Koottayma Leader's Training Course (K. L. T) കുടുംബക്കൂട്ടായ്മാ നേതൃത്വ പരിശീലനം

അതിരൂപതാ കുടുംബക്കൂട്ടായ്മാ പ്രവർത്തനങ്ങൾക്ക് ഓരോ ഇടവകയിലും നേതൃത്വം നൽകുന്ന കൂട്ടായ്മാ ലീഡേഴ്സിനായി അതിരൂപതാ തലത്തിൽ ഒരു വർഷംകൊണ്ട് പൂർത്തിയാകുന്ന വിധം 7 വിഷയങ്ങൾ ഉൾപ്പെടുത്തി (15 ക്ലാസുകൾ) ഒരു അർദ്ധ വർഷ പരിശീലന പരിപാടി ആരംഭിക്കുന്നു. 2019 ജൂൺ - നവംബർ, ഡിസംബർ - 2020 മെയ് മാസത്തിൽ സമാപിക്കുന്ന രീതിയിൽ 2 ബാച്ചുകളിലായി ക്ലാസുകൾ ക്രമികരിച്ചിരിക്കുന്നു. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. വിശ്വാസ വിഷയങ്ങളിൽ ബോദ്ധ്യങ്ങൾ ലഭിക്കുന്ന ഒരു കൂട്ടായ്മാ നേതൃത്വത്തെ സജ്ജമാക്കുകയും ഇവരിലൂടെ അതിരൂപതയിലെ മറ്റിടവകകളിൽ പ്രബോധനം നൽകുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ആയതിനാൽ കൂട്ടായ്മാ പ്രേഷിതരംഗത്ത് നേതൃത്വം നൽകാൻ കഴിവും താൽപ്പര്യവുമുള്ളവരെ അച്ചന്റെ ഇടവകയിൽനിന്നും കണ്ടെത്തി കോഴ്സിന യയ്ക്കണമെന്ന് താൽപ്പര്യപ്പെടുന്നു. ആദ്യം ഫീസടച്ച് രജിസ്റ്റർ ചെയ്യുന്ന 70 പേർക്കാണ് ആദ്യ ബാച്ചിൽ അവസരം ലഭിക്കുക.

**വചനം ജീവിതവെളിച്ചം - പഠനവിഷയം**

പഞ്ചവത്സര ദ്വിതീയവർഷ പഠനവിഷയമായ വചനം ജീവിതവെളിച്ചം എന്ന പ്രസിദ്ധീകരണം കുടുംബക്കൂട്ടായ്മാ ഓഫീസിൽ ലഭ്യമാണ്. വില. 50 രൂപ

**ലോഗോസ് മാതൃകാ ചോദ്യ പഠനസഹായി 2019**

ലോഗോസ് മാതൃകാ ചോദ്യങ്ങളടങ്ങിയ പഠനസഹായി കുടുംബക്കൂട്ടായ്മാ ഓഫീസിൽ ലഭ്യമാണ്. വില. 40 രൂപ. ബൈബിൾ ഭാഗങ്ങൾ പൂർണ്ണമായും വായിച്ച് ഉത്തരങ്ങൾ എഴുതുന്ന രീതിയിലും വചനഭാഗങ്ങൾ ഹൃദിസ്ഥമാക്കാൻ സാധിക്കുന്ന രീതിയിലുമാണ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ മാതൃകാ ചോദ്യ പേപ്പറിലെയും ചോദ്യങ്ങളുടെ ഏകദേശ ക്രമീകരണം ഇപ്രകാരമാണ്.

1. മത്തായി - 34 ചോദ്യങ്ങൾ
2. നിയമാവർത്തനം - 30 ചോദ്യങ്ങൾ (35 മുതൽ)
3. വെളിപാട് - 16 ചോദ്യങ്ങൾ (65 മുതൽ)
4. പ്രഭാഷകൻ 20 ചോദ്യങ്ങൾ (80 മുതൽ)

ആകെ 100 ചോദ്യങ്ങൾ. കൂടാതെ 3 ചോദ്യങ്ങൾ വാക്യങ്ങൾ പഠിക്കാനും നൽകിയിരിക്കുന്നു. 6 സെറ്റ് മാതൃകാ ചോദ്യങ്ങൾക്ക് പുറമെ അനുബന്ധ

മായി 312 ചോദ്യങ്ങളും നൽകിയിരിക്കുന്നു. ആറാമത്തെ സെറ്റ് ചോദ്യങ്ങൾ ഇടകലർത്തിയാണ് നല്കിയിരിക്കുന്നത്.

5 കോപ്പിയിൽ കുടുതൽ വാങ്ങുന്നവർക്ക്10 ശതമാനവും 10 കോപ്പിയിൽ കുടുതൽ വാങ്ങുന്നവർക്ക് 20 ശതമാനവും കമ്മീഷൻ നൽകുന്നതാണ്.

## കുടുംബക്കൂട്ടായ്മാ, ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വചനാധിഷ്ഠിത മത്സരങ്ങൾ

തീയതി: 2019 സെപ്റ്റംബർ 9 തിങ്കൾ, സമയം: രാവിലെ 9:30 മുതൽ

സ്ഥലം : മാർ ജെയിംസ് കാളാശേരി ഇൻഡോർ സ്റ്റേഡിയം

1. **മാതാപിതാക്കൾ** – ബൈബിൾ കഥാപ്രസംഗം – 30 മിനിട്ട് (സ്ക്രിപ്റ്റ് നൽകേണ്ടതാണ്)

ടീമിൽ 3 പേരിൽ കുറയുകയോ, 7 പേരിൽ കൂടുകയോ ചെയ്യാൻ പാടുള്ളതല്ല. സംഗീതോപകരണങ്ങൾ ഉപയോഗിക്കാവുന്നതാണ്.

*വിഷയം* – വി. മത്തായി 19 മുതൽ 28 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്ന്

2. **യുവജനങ്ങൾ** – ബൈബിൾ വചനങ്ങൾ മനപ്പാഠമാക്കി എഴുതുക (15 നും 30 നും ഇടയിൽ പ്രായമുള്ളവർ )

*വിഷയം* – നിയമാ. 12 മുതൽ 21 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്ന്. വാക്യങ്ങൾ സൂചനയുൾപ്പടെ എഴുതേണ്ടതാണ്. സമയം : 20 മിനിറ്റ്

3. **കുട്ടികൾ** – ബൈബിൾ വചനങ്ങൾ മനപ്പാഠമാക്കി അവതരിപ്പിക്കുക (15 വയസിൽ താഴെയുള്ളവർ)

*വിഷയം* – പ്രഭാഷകൻ 11 മുതൽ 17 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്ന്. വാക്യങ്ങൾ സൂചനയുൾപ്പടെ പറയേണ്ടതാണ്. സമയം : 15 മിനിറ്റ്

മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹനസമ്മാനങ്ങൾ നൽകുന്നതാണ്.

## ലോഗോസ് ക്വിസ് 2019

*പഠനഭാഗം :* നിയമാവർത്തനം 12 – 21, പ്രഭാഷകൻ 11–17, മത്തായി 19–28, വെളിപാട് 17–22

*പരീക്ഷാ തീയതി:* (രൂപതാതലം) സെപ്റ്റംബർ 29 ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ

രജിസ്ട്രേഷൻ ജൂൺ 1 മുതൽ ജൂലൈ 31 വരെ

*for online registration* www.logosquiz.com

Cont. No: 9447776920, 8848492369

പ്രിയ കുടുംബപ്രേഷിതരേ,

ജൂൺമാസം വരവായി, കുട്ടികൾ വീടുകളിൽനിന്നും വിദ്യാലയങ്ങളി ലേയ്ക്കു പോകുന്നു. പഠനത്തിലും പാഠ്യേതരവിഷയങ്ങളിലും മാത്രമല്ല, വ്യക്തിത്വ രൂപീകരണത്തിലും വിശ്വാസപരിശീലനത്തിനും കൂടി മാതാപിതാക്കൾക്കു കരുതലുണ്ടാവണം. തിന്മയുടെ സ്വാധീനം മുൻപെന്നതിനേക്കാൾ ശക്തമാണെന്ന സത്യം മറക്കാതിരിക്കാം. വചനത്തിന്റെ പാതയിലൂടെ വഴിതെറ്റാതെ മുന്നേറാൻ കുട്ടികളെ സഹായിക്കേണ്ടത് വചനവീടുകളുടെ സാന്നിദ്ധ്യമാണ്. എല്ലാദിവസവും ബൈബിൾ വായിക്കാൻ കുട്ടികളെ പരിശീലിപ്പിക്കണം. ഇടവകകളിലെ മാതൃ-പിതൃവേദി സംഘടനകളുടെ പിൻതുണയോടെ വചനത്തിന്റെ പ്രാധാന്യം കുടുംബങ്ങൾക്കു ബോധ്യപ്പെടുത്തിക്കൊടുക്കാനാവണം. വചനവീടിന്റെ കർമ്മപരിപാടികൾ അതിന് നമ്മെ സഹായിക്കട്ടെ. യൂണിറ്റ്-ഫൊറോനാ പ്രവർത്തനങ്ങൾക്ക് ആശംസകളും പ്രാർത്ഥനകളും നേർന്നുകൊണ്ട്

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

**ഫാ ജോൺസൺ ചാലയ്ക്കൽ**
**ഫാ. മാത്യു അഞ്ചിൽ**
**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
*(അസി. ഡയറക്ടർമാർ)*

## വചനവീട്

'വചനവീട്' നൂറുദിന കർമ്മപദ്ധതി ഇടവകകളിൽ ഭംഗിയായി നടക്കുന്നുവെന്ന് വിചാരിക്കുന്നു. കർമ്മപദ്ധതി വിഭാവനം ചെയ്യുന്ന പ്രോഗ്രാമുകൾ ഇടവകകളിൽ നടത്തണം. വചനവീട് എന്നത് ബൈബിൾ പ്രയാണം മാത്രമല്ല, 9 വിഭാഗങ്ങളിലായുള്ള വിവിധ പ്രോഗ്രാമുകൾ നടത്തുന്നതു കൂടിയാണ്. അതുകൊണ്ട് ഇടവകകളിൽ വിവിധ പ്രോഗ്രാമുകൾ നടത്താൻ ശ്രദ്ധിക്കണം. ഫൊറോന സമിതി ഓരോ ഫൊറോനയിലെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുമല്ലോ.

## സമ്മാനകൂപ്പൺ

സമ്മാനകൂപ്പൺ എല്ലാ ഇടവകകളിലും എത്തിച്ചേർന്നിട്ടുണ്ടാകുമല്ലോ. മാതൃവേദി-പിതൃവേദിയുടെ അതിരൂപത, ഫൊറോന, യൂണിറ്റ് തലത്തിലുള്ള പ്രോഗ്രാമുകൾ നടത്താനുള്ള ഫണ്ട് ശേഖരിക്കുന്നതിനുവേണ്ടിയാണ് കൂപ്പൺ വിറ്റഴിക്കുന്നത്. എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൂപ്പൺ വിഹിതം : അതിരൂപത - ഫൊറോന 30%, യൂണിറ്റിന് 40% നിരക്കിലാണ് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## പിതൃദിനം

ലോകപിതൃദിനമായ ജൂൺ16-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4:30 വരെ കൈതവന വിമലഹൃദയ പള്ളിയിൽ അതിരൂപത തലത്തിലുള്ള പിതൃദിനാഘോഷം നടക്കുന്നു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ്,

പിതൃദിനം ഉദ്ഘാടനം ചെയ്യുന്നതാണ്. എല്ലാ പിതൃവേദി അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## മാതൃദിനം

ലോകമാതൃദിനത്തോടനുബന്ധിച്ച് മെയ് 11-ാം തീയതി ശനിയാഴ്ച അതിരൂപത മാതൃദിനാഘോഷം കുറുമ്പനാടം സെന്റ് ആന്റണീസ് പള്ളിയിൽ നടത്തി. സീറോ മലബാർ സഭാവക്താവ് പ്രൊഫ. രേഖ ജിജിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം അതിരൂപത വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് മുണ്ടകത്തിൽ ഉദ്ഘാടനം ചെയ്തു. ഏറ്റവും കൂടുതൽ മക്കളുള്ള അമ്മമാരെയും ഏറ്റവും കൂടുതൽ സമർപ്പിതരുള്ള അമ്മയെയും ഏറ്റവും പ്രായംകൂടിയ മാതൃവേദി പ്രവർത്തകയെയും കർഷക അവാർഡ് നേടിയ അമ്മയെയും ആദരിച്ചു. റവ. ഫാ. ജേക്കബ് അഞ്ചുപങ്കിൽ, റവ. സി. ജോബിൻ F.C.C., ശ്രീമതി ആൻസി ചേന്നോത്ത്, റവ. ഫാ. ജിജോ പ്ലാത്താനം, ലാലി ഇളപ്പുങ്കൽ എന്നിവർ പ്രസംഗിച്ചു. മാതൃവേദി ഭാരവാഹികളായ ആൻസി മാത്യു, മായാ ജോയി, സോണിയ ജോർജ്, രഞ്ജിനി മാത്യു, മിനി ജോസ്, തങ്കമ്മ ജോസഫ്, ടെസി വർഗീസ്, ജോമ ചെത്തിപ്പുഴ, റോസമ്മ സെബാസ്റ്റ്യൻ, റോസിലി സോണി എന്നിവർ നേതൃത്വം നൽകി.

## കണ്ണാടി തീർത്ഥാടനം

പുളിങ്കുന്ന് ഫൊറോനയുടെ ആഭിമുഖ്യത്തിൽ നടന്ന കണ്ണാടി തീർത്ഥാടനത്തിൽ ആയിരങ്ങൾ പങ്കെടുത്തു. മെയ് 17-ാം തീയതിയാണ് പുളിങ്കുന്ന് പള്ളിയിൽ നിന്ന് കണ്ണാടി സെന്റ് റീത്താസ് പള്ളിയിലേക്കാണ് തീർത്ഥാടനം നടന്നത്. തീർത്ഥാടനം, ഫൊറോന വികാരി വെരി റവ. ഫാ. മാത്യു ഓടലാനി ഫ്ളാഗ് ഓഫ് ചെയ്തു. ഫൊറോന പ്രസിഡന്റ് മരിയ ജോളി സക്കറിയ, രഞ്ജിനി തോമസ് എന്നിവർ പതാക ഏറ്റുവാങ്ങി. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് മുഖ്യസന്ദേശം നല്കി. റവ. ഫാ. ജോസ് മുകളേൽ ആമുഖസന്ദേശവും ലാലി ഇളപ്പുങ്കൽ സന്ദേശവും നല്കി.

## യുവദമ്പതി സംഗമം

തൃക്കൊടിത്താനം ഫൊറോന യുവദമ്പതീ സംഗമം തൃക്കൊടിത്താനം പള്ളിയിൽ മെയ് 12-ാം തീയതി നടത്തി. പ്രൊഫ. റോസമ്മ സെബാസ്റ്റ്യൻ ക്ലാസ് നയിച്ചു. അതിരൂപത ഡയറക്ടർ ഉദ്ഘാടനം ചെയ്തു. തൃക്കൊടിത്താനം ഫൊറോന ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം കൊടുത്തു. തൃക്കൊടിത്താനം യൂണിറ്റ് ഒരുക്കിയ പ്രോലൈഫ് എക്സിബിഷനും നടത്തി.

## തെക്കൻമേഖല ദമ്പതി സംഗമം

തിരുവനന്തപുരം, കൊല്ലം, അമ്പൂരി ഫൊറോനകളെ ഉൾപ്പെടുത്തി സംഘടിപ്പിച്ച ദമ്പതി സംഗമം തിരുവനന്തപുരം ലൂർദ്ദ് ഹാളിൽ മെയ് 12-ാം തീയതി ഞായറാഴ്ച അഭിവന്ദ്യ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. തെക്കൻമേഖല ഡയറക്ടർ ഇൻ ചാർജ്ജ് റവ. ഫാ. മാത്യു അഞ്ചിൽ, ഫൊറോന വികാരിമാരായ വെരി റവ. ഫാ. ജോസ് വിരുപ്പേൽ, വെരി റവ. ഫാ. എബ്രാഹം കരിപ്പിങ്ങാംപുറം, അതിരൂപത വൈസ് പ്രസിഡന്റ് ശ്രീ. ജോസ് വെള്ളിക്കര, വി.എം. ജോസഫ്, ഡോളി കുര്യച്ചൻ, സി. ജയ്ൻ റോസ്, ജോൺ പോൾ, സീനാ തോമസ് എന്നിവർ പ്രസംഗിച്ചു.

## കോട്ടയം ഫൊറോന മാതൃസംഗമം

കോട്ടയം ഫൊറോനയിലെ മാതൃസംഗമം കൂരോപ്പട പള്ളിയിൽ മെയ് 18-ാം തീയതി ശനിയാഴ്ച നടത്തി. റവ. ഫാ. ജോൺസൺ ചാലക്കൽ ക്ലാസ് നയിച്ചു.

## പുത്തൻപാന പാരായണ മത്സരം

നെടുങ്കുന്നം ഫൊറോനയുടെ ആഭിമുഖ്യത്തിൽ പുത്തൻപാന പാരായണ മത്സരം നെടുങ്കുന്നം പള്ളിയിൽ നടന്നു.

## സ്വാഗതം

ഫാമിലി അപ്പോസ്റ്റോലേറ്റ് അസി. ഡയറക്ടർ ആയി മെയ് 28 ന് ചുമതല ഏറ്റെടുത്ത ഫാ. റ്റിജോ പുത്തൻപറമ്പിൽ അച്ചനും ഓഫീസ് സെക്രട്ടറിയായി ചുമതല ഏറ്റെടുത്ത സി. അനിത കൊച്ചുപറമ്പിൽ F.C.C. യ്ക്കും സ്വാഗതം

## വിവാഹ ഒരുക്ക ധ്യാനം

| JUNE 2019 | | JULY 2019 | | AUGUST 2019 | |
|---|---|---|---|---|---|
| 7, 8, 9 | Chry | 1, 2, 3 | Zion | 5, 6, 7 | Chry |
| 17, 18, 19 | Zion | 8, 9, 10 | Zion | 19, 20, 21 | Zion |
| 24, 25, 26 | Chry | 22, 23, 24 | Chry | | |

*ചെറുപുഷ്പ മിഷൻലീഗ് 38-ാം പേജ് തുടർച്ച....*

## പ്രത്യേക ശ്രദ്ധയ്ക്ക്

മിഷൻലീഗ് അതിരൂപതാ നേതൃസംഗമവും പ്രവർത്തനവർഷ ഉദ്ഘാടനവും ജൂൺ 8 ശനിയാഴ്ച രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 1:30 വരെ ചങ്ങനാശേരി അസംപ്ഷൻ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നു. ചങ്ങനാശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതാണ്. മേഖലാ ഡയറക്ടേഴ്സ്, അതിരൂപതാ മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾ, മേഖലാ-ശാഖാ ജോയിന്റ് ഡയറക്ടേഴ്സ്, ഓർഗനൈസേഴ്സ്, കുട്ടികളുടെ ഭാരവാഹികൾ (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജൂണിയർ ഓർഗനൈസർ രണ്ടുപേർ, ഹെഡ്മാസ്റ്റർ) എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 70 രൂപ. പുതിയ പ്രവർത്തനവർഷ മാർഗരേഖയും പഠനഗ്രന്ഥവും വാങ്ങുവാൻ സൗകര്യമുണ്ടായിരിക്കും. സമ്മേളനാവസരത്തിൽ 2018-19 ബെസ്റ്റ് മേഖല, ബെസ്റ്റ് ശാഖ, കയ്യെഴുത്തു മാസിക, ഒന്നാം ഘട്ടത്തിലെ മികച്ച ശാഖകൾ, മിഷൻ വോയ്സ് പത്രം, ക്രിസ് കാർഡ്, ഉണ്ണിയെത്തേടി പ്രോഗ്രാം എന്നിവയുടെ സമ്മാനങ്ങളും വിതരണം ചെയ്യുന്നതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ജൂൺ 5-നു മുമ്പായി ഓഫീസിൽ അറിയിക്കുവാൻ ശ്രദ്ധിക്കുക.

## 'റെഹം' – തുരുത്തി ഫൊറോനാ വനിതാ സംഗമം

തുരുത്തി ഫൊറോന യുവദീപ്തി – എസ്.എം.വൈ.എം. വനിതാ സംഗമം 'റെഹം' – 2019 വടക്കേക്കര സെന്റ് മേരീസ് പള്ളിയിൽ നടത്തി. ഫൊറോനാ ഡെപ്യൂട്ടി പ്രസിഡന്റ് നിബി കാതറൈൻ തോമസ് അദ്ധ്യക്ഷതവഹിച്ച സംഗമത്തിൽ മുൻ അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് എലിസബത്ത് മോബി ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. ഗ്രിഗറി മേപ്പുറം, അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് സീനാമോൾ ചെറിയാൻ, എഡിറ്റർ റോഷ്നി സെബാസ്റ്റ്യൻ, റിയ ജോസഫ്, മേഘാ ബെന്നി എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് സെൽഫ് ഡിഫൻസ് ക്ലാസും പോസ്റ്റർ ഡിസൈനിംഗ് മത്സരവും നടത്തി.

## 'കരുതൽ'

ചങ്ങനാശേരി അതിരൂപതാ യുവദീപ്തി – എസ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 23 ന് അതിരൂപതയിലെ എല്ലാ ഫൊറോനകളും കുടിവെള്ളം വിതരണം ചെയ്തു. ഏകദേശം 1 ലക്ഷം ലിറ്റർ വെള്ളം അന്നേദിവസം നൽകുകയുണ്ടായി. അതിരൂപതാ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ തെങ്ങണായിലും പരിസരപ്രദേശങ്ങളിലും കുടിവെള്ള വിതരണം അന്നേദിവസം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര കുടിവെള്ളവിതരണം ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു, ജസ്റ്റിൻ ജോസഫ്, സീനാമോൾ ചെറിയാൻ, ജോസ്ന ജോസഫ്, റോസ് മരിയ സെബാസ്റ്റ്യൻ, അഞ്ജലി പി. തോമസ്, അഖിൽ ജോർജ് ചാക്കോ, ലാലിച്ചൻ മറ്റത്തിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ലീഡേഴ്സ് മീറ്റ് – 'ഡിലിജൻസ്'

അതിരൂപതയിലെ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പ്രധാനപ്പെട്ട ലീഡേഴ്സിനുവേണ്ടി മെയ് 5–ാം തീയതി ഞായറാഴ്ച പാസ്റ്ററൽ സെന്ററിൽ ലീഡേഴ്സ് മീറ്റ് "Diligense" സംഘടിപ്പിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര 'Diligense' ഉദ്ഘാടനം ചെയ്തു. ഷിജോ മാത്യു ഇടയാടി ക്ലാസ് നയിച്ചു. നൂറ്റി അമ്പതോളം യുവനേതാക്കന്മാർ പ്രോഗ്രാമിൽ പങ്കെടുത്തു. സി. സെലിൻ ജോസ് എസ്.ഡി., ബ്രദർ ജേക്കബ്കുട്ടി, ജസ്റ്റിൻ ജോസഫ്, ലാലിച്ചൻ മറ്റത്തിൽ, എത്സാ ബിജു, അഞ്ജലി പി. തോമസ്, റോസ് മരിയ സെബാസ്റ്റ്യൻ, ഡിലോ ദേവസ്യാ, ജോസ്നാ ജോസഫ് എന്നിവർ ലീഡേഴ്സ് മീറ്റിന് നേതൃത്വം നൽകി. ലീഡേഴ്സ് മീറ്റിനോടനുബന്ധിച്ച് ശ്രീലങ്കയിൽ സ്ഫോടനത്തിൽ മരിച്ചവർക്കുവേണ്ടി മെഴുകുതിരി കത്തിച്ച് ആദരാഞ്ജലി അർപ്പിച്ചു.

## മീഡിയ വർക്ക്ഷോപ്പ്

യുവദീപ്തി – എസ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ മെയ് 6–ന് തിങ്കളാഴ്ച രാവിലെ 10 മണി മുതൽ പാസ്റ്ററൽ സെന്ററിൽവച്ച് മീഡിയ വർക്ക് ഷോപ്പ് സംഘടിപ്പിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നെത്തിയ മീഡിയ കോർഡിനേറ്റേഴ്സാണ് മീഡിയ വർക്ക്ഷോപ്പിൽ പങ്കെടുത്തത്. സമൂഹ മാധ്യമങ്ങളുടെ പ്രസക്തിയും

അവ കൈകാര്യം ചെയ്യേണ്ട വിധവും വർക്ക്ഷോപ്പിൽ ചർച്ച ചെയ്തു. കൂടാതെ നവമാധ്യമങ്ങൾ സഭയ്ക്കു നേരെയുള്ള ആയുധങ്ങളാക്കി മാറ്റുന്നതും അതിനെതിരെ കത്തോലിക്കാ ചെറുപ്പക്കാർ എപ്രകാരം പ്രവർത്തിക്കണമെന്നതും വർക്ക്ഷോപ്പിന്റെ വിഷയങ്ങളായിരുന്നു. റവ. ഫാ. റോബി കണ്ണൻചിറ CMI, ഫാ. റോബി തലച്ചെല്ലൂർ, ഫാ. ജെയിംസ് കൊക്കാവയലിൽ എന്നിവർ ക്ലാസുകൾ നയിച്ചു. ഫാ. ജേക്കബ് ചക്കാത്ര, ഷിജോ മാത്യു ഇടയാടി, സീനാ ചെറിയാൻ, ലാലിച്ചൻ മറ്റത്തിൽ, ജസ്റ്റിൻ മഞ്ചേരിക്കളം, ഡിലോ ദേവസ്യ, ജോസഫ് ജെയിംസ്, ജോബിൻ ജോസഫ് എന്നിവർ മീഡിയാ വർക്ക് ഷോപ്പിനു നേതൃത്വം നൽകി.

## 'പാത്ത് ഫൈൻഡർ' – കരിയർ ഗൈഡൻസ് സെമിനാർ

അതിരൂപതാ യുവദീപ്തി – എസ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ 'പാത്ത്ഫൈൻഡർ' എന്ന പേരിൽ 2019 മെയ്മാസം 11–ാം തീയതി സന്ദേശനിലയം ഇൻഡോർകോർട്ടിൽ വച്ച് കരിയർ ഗൈഡൻസ് സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. മുന്നൂറോളം യുവതീ യുവാക്കൾ സെമിനാറിൽ പങ്കെടുത്തു. പ്രൊഫ. ടോമി കുര്യൻ പാലാ, ക്ലാസ് നയിച്ചു. സിവിൽ സർവീസ് പരീക്ഷയെക്കുറിച്ച് ഡോ. പി.സി. അനിയൻകുഞ്ഞ് സംസാരിച്ചു. പ്ലസ് ടു പരീക്ഷയിൽ ഫുൾ $A^+$ കിട്ടിയവരേയും 1200 ൽ 1200 മാർക്ക് കിട്ടിയവരേയും സെമിനാറിൽ ആദരിച്ചു. അതിരൂപതാ വികാരി ജനറാൾ വെരി റവ. ഡോ. തോമസ് പാടിയത്ത് ഇവരെ ആദരിച്ചു സംസാരിക്കുകയും മെഡലുകൾ സമ്മാനമായി നൽകുകയും ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടി, സീനാമോൾ ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

## 'ഇഗ്നിറ്റ് 2K19' പ്രാർത്ഥനാ പഠനപരിശീലന ക്യാമ്പ്

മണിമല ഫൊറോനയുടെ 2019 പ്രവർത്തനവർഷത്തെ പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പ് 'ഇഗ്നിറ്റ് 19' മണിമല സെന്റ് ജോർജ് ഹൈസ്കൂളിൽ വച്ച് മെയ്മാസം 17, 18, 19 തീയതികളിൽ നടത്തി. അതിരൂപതാ വികാരി ജനറാൾ വെരി റവ. ഡോ. തോമസ് പാടിയത്ത്, ദീപിക സർക്കുലേഷൻ അസിസ്റ്റന്റ് മാനേജർ ഫാ. ജിനോ പുന്നമറ്റത്തിൽ, ശ്രീ. സിജി ആന്റണി, അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര എന്നിവർ ക്യാമ്പിൽ ക്ലാസ് നയിച്ചു. സീനാ ചെറിയാൻ, ബ്രദർ ജേക്കബ്കുട്ടി, റോഷ്നി സെബാസ്റ്റ്യൻ, അജയ് വർഗീസ്, ജോസഫ് ജെയിംസ് എന്നിവർ ക്യാമ്പ് നയിച്ചു. ഫാ. അലൻ വെട്ടുകുഴിയിൽ, റ്റിജോ മാത്യു, ഡിലോ ദേവസ്യ, എത്സ ബിജു വർഗീസ്, സി. റാണി എസ്.ഡി., സോണിയ പി. ജോസ്, റിച്ചു ജോഷി എന്നിവർ ക്യാമ്പിന്റെ നടത്തിപ്പിനു നേതൃത്വം നൽകി.

## ജൂൺമാസത്തിലെ പരിപാടികൾ

ജൂൺ 1 – കൈത്തിരി 2K19 – പഠനോപകരണ വിതരണം
2 – സെനറ്റ് മീറ്റിംഗ്
3 – തണൽ 2K19 – പരിസ്ഥിതി ദിനാചരണം
7,8,9 – പ്രാർത്ഥനാപഠനപരിശീലന ക്യാമ്പ് (ചങ്ങനാശേരി, തുരുത്തി)
8 – YTP യൂത്ത് ട്രെയിനിംഗ് പ്രോഗ്രാം – ക്ലാസ്
9 – ആന്റപ്പൻ ആമ്പിയായം മെമ്മോറിയൽ പരിസ്ഥിതി – പ്രസംഗമത്സരം
14, 15, 16 – പ്രാർത്ഥനാ പഠനപരിശീലന ക്യാമ്പ് – കോട്ടയം, അതിരമ്പുഴ
23 – 'സ്മൃതി – 19' വി. തോമസ് മൂർ ദിനാചരണം
29 – YTP

മിശിഹായിൽ സ്നേഹം നിറഞ്ഞ കൂട്ടുകാരേ,

സന്തോഷപ്രദമായ അവധിക്കാലത്തിനുശേഷം പുതിയ അധ്യായനവർഷ ത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. എല്ലാ വിജയാശംസകളും പ്രാർത്ഥനാ പൂർവ്വം ഏവർക്കും നേരുന്നു. അവധിക്കാലമെല്ലാം ഫലപ്രദമായി വിനിയോഗിച്ചു എന്ന് കരുതുന്നു. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജ യം കരസ്ഥമാക്കിയ എല്ലാ കെസിഎസ്എൽ അംഗങ്ങൾക്കും ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ.

മാവേലിക്കരയിൽ നടത്തപ്പെട്ട ഈ വർഷത്തെ നേതൃത്വ പരിശീലന ക്യാമ്പിൽ നമ്മുടെ അതിരൂപതയിൽ നിന്നും 33 അംഗങ്ങൾ പങ്കെടുത്തു. എച്ച്.എസ്. എസ്. സെക്രട്ടറിയായി സച്ചു സ്കറിയ (SB HSS) ഉം, ബെസ്റ്റ് ക്യാമ്പറായി ഐറിൻ ഷിബു (സെന്റ് സേവ്യേഴ്സ് എച്ച്.എസ്. മിത്രക്കരി) ഉം തെരഞ്ഞെടു ക്കപ്പെട്ടു. 2019 മെയ് 4-ാം തീയതി മുൻ കെ.സി.എസ്.എൽ റീജന്റ് ബ്രദർ ആയി രുന്ന ജിന്റോ തേയ്ക്കാനത്ത് C.SS.R പൗരോഹിത്യ പട്ടം സ്വീകരിച്ചു. അച്ചന് എല്ലാവിധ ആശംസകളും.

മുൻ അതിരൂപതാ കെ.സി.എസ്.എൽ പ്രസിഡന്റ് ശ്രീ. ജെയിംസ് മാളിയേ ക്കൽ സാർ AJJ മെമ്മോറിയൽ HSS ന്റെ ഹെഡ്മാസ്റ്ററായി നിയമിതനായ വിവ രം അറിയിച്ചുകൊള്ളുന്നു. സാറിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. 2019-20 അധ്യായനവർഷത്തിലേക്കുള്ള കെ.സി.എസ്.എൽ സ്കൂൾ ഭാരവാഹികളെ ജൂൺമാസത്തിൽതന്നെ തെരഞ്ഞെടുക്കേണ്ടതാണ്.

**ലീഡർഷിപ്പ് ക്യാമ്പ് :** 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കാ യി ലീഡർഷിപ്പ് ക്യാമ്പും സ്റ്റുഡൻസ് കൗൺസിൽ തെരഞ്ഞെടുപ്പും 2019 ജൂൺ 21, 22, 23 തീയതികളിൽ നടത്തപ്പെടുന്നു. യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗങ്ങളിൽനിന്നും 4 കുട്ടികളെ വീതം ഓരോ സ്കൂളിൽനിന്നും പങ്കെടുപ്പി ക്കാം. പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം ജൂൺ 14ന് മുമ്പായി കെ.സി.എസ്. എൽ ഓഫീസിൽ അറിയിക്കണം. 2019-20 അധ്യായനവർഷത്തെ അതിരൂപതാ കെ.സി.എസ്.എൽ പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും പ്രതിഭാസംഗമവും ജൂൺ 28-ാം തീയതി നടത്തപ്പെടുന്നു. എല്ലാ ആനിമേറ്റേഴ്സും നിർബന്ധമായും ഇതിൽ പങ്കെടുക്കേണ്ടതാണ്.

**പ്രതിഭാസംഗമം :** എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ ഉന്നതവിജയം കര സ്ഥമാക്കിയ കഴിഞ്ഞ അധ്യായനവർഷത്തെ ഏറ്റവും മികച്ച ഒരു സജീവ അംഗ ത്തിന്റെ പേര് എല്ലാ സ്കൂളുകളും ജൂൺ 14നു മുമ്പ് കെ.സി.എസ്.എൽ ഓഫീ സിൽ എത്തിക്കണം. പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ, ആനിമേറ്റേഴ്സ്, സ്റ്റുഡൻസ് ലീഡേഴ്സ് എന്നിവരുടെ പേരുകൾ എഴുതി ഓഫീസിൽ തരുവാനായി അതി നുള്ള ഫോം Education site ൽ കൊടുത്തിട്ടുണ്ട്. ലീഡർഷിപ്പ് ക്യാമ്പും, പ്രതിഭാ സംഗമവും ചങ്ങനാശേരി എസ്.ബി. ഹയർസെക്കണ്ടറി സ്കൂളിൽ നടത്തപ്പെടു ന്നതാണ്. ലീഡർഷിപ്പ് ക്യാമ്പിന്റെ ഫീസ് 600/- രൂപാ ആയിരിക്കും.

2018-19 വർഷത്തെ മെമ്പർഷിപ്പ്, സ്റ്റഡിസർക്കിൾ എന്നീ ഇനങ്ങളിൽ കുടിശിക ഉള്ളവർ അടച്ചു തീർക്കാൻ ശ്രദ്ധിക്കുമല്ലോ. സന്തോഷനിർഭരമായ ഒരു അധ്യായനവർഷം ആശംസിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ

## ആത്മീയസഹവാസം

കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ 2019 ഏപ്രിൽ 6-ാം തീയതി ചങ്ങനാശേരി മെത്രാപ്പോലിത്തൽ പള്ളിയിൽ ആത്മീയ സഹവാസം നടന്നു. അഭിവന്ദ്യ പിതാക്കന്മാരുടെ കബറിടത്തിൽ അതിരൂപതാ ഡയറക്ടർ ഫാ.ജോസ് മുകളേൽ പ്രാർത്ഥനാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. തുടർന്ന് കുരിശിന്റെ വഴി നടത്തി. ആത്മീയ സഹവാസത്തിന്റെ ഉദ്ഘാടനവും നോമ്പിന്റെ സന്ദേശവും അഭിവന്ദ്യ അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ പിതാവ് നിർവഹിച്ചു. ഫൊറോനാ വികാരി റവ.ഫാ. കുര്യൻ പുത്തൻപുര സന്ദേശം നൽകി. തുടർന്നു നടന്ന ദിവ്യകാരുണ്യ ആരാധനയ്ക്ക് കെ.സി.എസ്.എൽ അതിരൂപതാ ഡയറക്ടർ ഫാ. സിനു വേങ്ങാട്ടുശേരി നേതൃത്വം നൽകി.ആരാധനയുടെ സമയത്ത് കുമ്പസാരവും നടന്നു. തുടർന്ന് വർഗീസ് ആന്റണിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഈ വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. അതിരൂപതാ ഭാരവാഹികൾ, പ്രതിനിധി സഭാംഗങ്ങൾ, ഫൊറോനാ ഭാരവാഹികൾ, എന്നിവർ ആത്മീയസഹവാസത്തിൽ പങ്കെടുത്തു.

## മെമ്പർഷിപ്പ് ക്യാമ്പയിൽ ഉദ്ഘാടനം.

കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ നടന്ന അതിരൂപതാ മെമ്പർഷിപ്പ് ക്യാമ്പയിൻ ഉദ്ഘാടനം 2019 മെയ് 12 ന് ചങ്ങനാശേരി ചെത്തിപ്പുഴ എസ്.എച്ച്. ദേവാലയ ഹാളിൽ നടന്നു. അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനവും മെമ്പർഷിപ്പ് വിതരണത്തിന്റെ ഉദ്ഘാടനവും അതിരൂപതാ ചാൻസിലർ റവ.ഫാ. ഐസക്ക് ആലഞ്ചേരി നടത്തി. ചെത്തിപ്പുഴ ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ അട്ടിച്ചിറ സി.എം.ഐ മുഖ്യസന്ദേശവും നടത്തി. അതിരൂപതാ ജനറൽ സെക്രട്ടറി രാജേഷ് ജോൺ, സൈബി അക്കര, ജോർജ് വർക്കി, തോമസുകുട്ടി മണക്കുന്നേൽ, ജോർജുകുട്ടി മുക്കത്ത്, ബിജു സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

1. അതിരൂപതയിലെ എല്ലാ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റുകൾ ആരംഭിക്കുവാനും നിലവിലുള്ള യൂണിറ്റുകളിൽ കൂടുതൽ അംഗങ്ങളെ സംഘടനയിൽ ചേർക്കുവാനും മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ എല്ലാ ഭാരവാഹികളും പ്രത്യേകം ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു. മെമ്പർഷിപ്പ് കൂപ്പണുകൾ ആവശ്യമുള്ളവർ അതിരൂപതാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.
2. എല്ലാ യൂണിറ്റുകളിൽ നിന്നും മാധ്യമ സമിതിയിലേയ്ക്ക് 2 അംഗങ്ങളെ തിരഞ്ഞെടുക്കണം. ഇവർ യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ആകരുത്. തിരഞ്ഞെടുത്തവരുടെ പേരും ഫോൺ നമ്പറും അതിരൂപതാ ഓഫിസിൽ അറിയിക്കുക.

| | | |
|---|---|---|
| **വർഗീസ് ആന്റണി** | **ഫാ. ജോസ് മുകളേൽ** | **രാജേഷ് ജോൺ എൻ** |
| (പ്രസിഡന്റ്) | (ഡയറക്ടർ) | (ജനറൽ സെക്രട്ടറി) |

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനിന്നും ആശംസകൾ !**

കാലവർഷം വീണ്ടും സമാഗതമാകുന്നു. കഴിഞ്ഞ വർഷത്തെ മറക്കാനാവാത്ത അനുഭവങ്ങളുടെ ഓർമ്മകളുമായിട്ടാണല്ലോ നമ്മൾ മലയാളികൾ ഇന്നും ജീവിക്കുന്നത്. പക്ഷേ സമൂഹം വളരെ വേഗത്തിൽ സാധാരണ ജീവിതക്രമത്തിലേയ്ക്ക് തിരിച്ചെത്തി. വീടും ഉപജീവനമാർഗ്ഗങ്ങളും കൃഷിയും നഷ്ടപ്പെട്ടവർ, പൊതുസമൂഹത്തിന്റെ സഹായത്തോടെ തങ്ങളുടെ ജീവിതങ്ങളെ തിരിച്ചുപിടിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഒരുപക്ഷേ ജൂൺ-ആഗസ്റ്റ് കാലയളവിലെ വെള്ളപ്പൊക്കത്തിനും പ്രളയത്തിനും ശേഷം, പ്രകൃതിതന്നെ, പുനർജനിച്ചതുപോലെ അനുഭവപ്പെടുന്നു. കുട്ടനാട്ടിലെ നെൽവയലുകൾ സാധാരണ നൽകുന്നതിന്റെ മടങ്ങുകളായി വിളവ് നൽകി. ഒരു പക്ഷേ കഴിഞ്ഞ രണ്ട് മൂന്ന് ദശാബ്ദങ്ങളിലായി അടിഞ്ഞുകൂടിയ രാസ വസ്തുക്കൾ ഒഴുകിപ്പോയതുകൊണ്ടും, നല്ല എക്കൽ ഒഴുകിയെത്തി അടിഞ്ഞതുകൊണ്ടുമാവാം ഇങ്ങനെ സംഭവിച്ചത്. ദുരന്തങ്ങൾ നല്ലപാഠങ്ങൾകൂടി പ്രദാനം ചെയ്യാറുണ്ട്. പക്ഷേ നമ്മൾ ആ പാഠങ്ങൾ ഗ്രഹിക്കുന്നുണ്ടോ എന്ന് ആത്മശോധന ചെയ്യണം.

വിവിധങ്ങളായ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനും, സംഘതലം മുതലുള്ള പ്രവർത്തനങ്ങൾ പുതിയ ദിശാബോധത്തോടെ നിർവ്വഹിക്കാനും എല്ലാവരും സന്നദ്ധരാകണം. SHG, യൂണിറ്റ് സമിതി, ക്രെഡിറ്റ് യൂണിയൻ എന്നീ അടിസ്ഥാനതലങ്ങളിൽ ചാസിന്റെ നിലപാടുകളും, പ്രവർത്തനശൈലിയും വ്യക്തമാക്കുന്ന കത്തുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ ഗൗരവത്തോടെ ഏവരും പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം അടുത്ത മൂന്നു വർഷക്കാലത്തെ പ്രവർത്തനപരിപാടികളും വിഭാവനം ചെയ്ത് നടപ്പാക്കാൻ പരിശ്രമിക്കണം. യൂണിറ്റുകളിൽ പ്രസ്തുത പദ്ധതികൾ നടപ്പാക്കി സമൂഹത്തിൽ സാമൂഹ്യവികസനത്തിന്റെയും, പ്രകൃതിവിഭവസംരക്ഷണത്തിന്റെയും ശീലങ്ങൾ പ്രചരിപ്പിക്കാനും വികസന പദ്ധതികളിൽ പങ്കാളികളാക്കാനും കഴിയണം.

ജൂൺ 5-ാം തീയതി ബുധനാഴ്ച സന്ദേശനിലയം ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്ന നേതൃസംഗമത്തിൽ ബന്ധപ്പെട്ട എല്ലാവരും പങ്കെടുക്കണമെന്ന് താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോസഫ് കളരിക്കൽ**
*(ഡയറക്ടർ)*

*ശേഷം .... 55-ാം പേജിൽ....*

# 132–ാമത് ചങ്ങനാശേരി അതിരൂപതാ ദിനാഘോഷം



ലോഗോ പ്രകാശനം





അതിരൂപതാദിനാചരണത്തിന്റെ ഇടവകതല ആഘോഷം



കാൽനാട്ട് കർമ്മം



ദീപശിഖ പ്രയാണം



മായം സെന്റ് മേരീസ് പള്ളിയിലെ ദൈവദാസൻ ഫാ. അദെയോദാത്തൂസിന്റെ സ്മൃതി മണ്ഡപം



ബൈക്ക് റാലി





വിളംബരദിനം: അമ്പൂരി സെന്റ് ജോർജ് ഫൊറോന പള്ളിയിൽ പ്രയാണങ്ങൾക്ക് സ്വീകരണം

# 132–ാമത് ചങ്ങനാശേരി അതിരൂപതാ ദിനാഘോഷം – പ്രതിനിധി സമ്മേളനം








സ്വീകരണം


കലാപരിപാടികൾ


പതാക ഉയർത്തൽ




പ്രതിനിധി സമ്മേളന ഉദ്ഘാടനം


അജപാലന റിപ്പോർട്ട് (ഓഡിയോ – വിഷ്വൽ)


16 ഫൊറോനകളിലെ
സെക്രട്ടറിമാർ – ജോയിന്റ് സെക്രട്ടറിമാർ



# 132–ാമത് ചങ്ങനാശേരി അതിരൂപതാ ദിനാഘോഷം – പൊതുസമ്മേളനം









പൊതുസമ്മേളന ഉദ്ഘാടനം



എക്സലൻസ് അവാർഡ് പ്രഫ. ജെ. ഫിലിപ്പിന് ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുംന്തോട്ടം സമ്മാനിക്കുന്നു.



ആർച്ചബിഷപ് മാർ ജോസഫ് പെരുന്തോട്ടം സപ്തതി സ്മരക ഭവന നിർമ്മാണ പദ്ധതികളുടെ സമർപ്പണം



സുകൃതസുമങ്ങളണിഞ്ഞതിരൂപത ചങ്ങനാശേരി വെൽക...



അതിരൂപതാദിന ഗായകസംഘം



133–മത് അതിരൂപതാ ദിനാഘോഷത്തിന്റെ പതാക കോട്ടയം ഫൊറോന ഏറ്റുവാങ്ങുന്നു.



3500 പ്രതിനിധികൾ പങ്കെടുത്തു.



## 132–ാമത് ചങ്ങനാശേരി അതിരൂപതാ ദിനാഘോഷം – ആദരിക്കൽ


NUALS വൈസ് ചാൻസലർ
പ്രൊഫ. കെ.സി. സണ്ണി


മത്സ്യകർഷക അവാർഡ്
യേശുദാസ് തോമസ്


ലോഗോസ് ക്വിസ്
ജെസി ജോസ്
കുഴിംതൊട്ടിൽ


ഇന്റർനാഷണൽ
ചെസ് ടൂർണമെന്റ്
മാസ്റ്റർ ജൂബിൻ ജിമ്മി

സ്പെഷ്യൽ ഒളിംപിക്സ് 2019 ജേതാക്കളായ


ടോണി ഡൊമിനിക്
ബിജിമോൾ ജെ.


അപ്ളോണിയ ജോർജ്


പത്രപ്രവർത്തക അവാർഡ്
സണ്ണി ലൂക്കോസ് ചേക്കാത്ര


അത്‌ലറ്റിക് കോച്ച് (കുറുമ്പനാടം) ശ്രീ. സ്റ്റീഫൻ വിളഞ്ഞൂർ


ഏറ്റവും നല്ല ഇടവക ബുള്ളറ്റിൻ
തിരുവനന്തപുരം
ലൂർദ്ദ് ഫൊറോനാ പള്ളി

ഏറ്റവും നല്ല ഡയറക്ടറിക്കുള്ള അവാർഡുകൾ


പാറേൽ സെന്റ് മേരീസ് ഇടവക


തിരുവല്ലം തിരുഹൃദയ ഇടവക

ഏറ്റവും നല്ല ഇടവക ബുള്ളറ്റിൻ


പൊടിപ്പാറ തിരുക്കുടുംബ ഇടവക


മായം സെന്റ് മേരീസ് ഇടവക

മികച്ച പാരിഷ് കൗൺസിൽ അവാർഡുകൾ


മാർ ഗ്രിഗോറിയോസ് ചർച്ച് പുന്നപ്ര


സെന്റ് ജോസഫ് ചർച്ച് പുഷ്പഗിരി തെള്ളകം

*ചാസ് 50-ാം പേജ് തുടർച്ച....*

## പ്രോജക്ട് വാർത്തകൾ

### I. ഭവനനിർമ്മാണം

കുട്ടനാട് പുനർനിർമ്മാണ പദ്ധതിയിൽ ചാസിന്റെ 21 യൂണിറ്റുകളിലെ 72 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന് 63,96,500/- രൂപ മെയ് 13 ന് വിതരണം ചെയ്തു.

### II. CHASS-ITALIAN BISHOP'S CONFERENCE-PERK

**(1) ഹൈടെക് കൂടും കോഴിയും വിതരണം**

ഇറ്റാലിയൻ ബിഷപ്സ് കോൺഫ്രൻസിന്റെ സഹായത്തോടെ എടത്വാ, മുട്ടാർ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയുടെ (PERK) ഭാഗമായി മെയ് 7 ന് എടത്വാ യൂണിൽ 5 ഗുണഭോക്താക്കൾക്ക് 25 കോഴിയും ഹൈടെക് കൂടും വിതരണം ചെയ്തു. 52,500 രൂപ പദ്ധതിയിൽ ചെലവഴിച്ചു.

**(2) താറാവ് വിതരണം**

ഇറ്റാലിയൻ ബിഷപ്സ് കോൺഫ്രൻസിന്റെ സഹായത്തോടെ എടത്വാ, മുട്ടാർ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയുടെ (PERK) ഭാഗമായി മെയ് 14 ന് ചങ്ങങ്കരി, മുട്ടാർ ഓൾഡ്, മുട്ടാർ ന്യൂ, മുട്ടാർ CMI, കിഴക്കേ മിത്രക്കരി എന്നീ യൂണിറ്റുകളിൽ ഒരു ഗുണഭോക്താവിന് 25 താറാവുവീതം 40 ഗുണഭോക്താക്കൾക്ക് 1000 താറാവുകളെ വിതരണം ചെയ്തു. രണ്ട് ലക്ഷം രൂപ പദ്ധതിക്കായി ചെലവഴിച്ചു.

**(3) ശൗചാലയ നിർമ്മാണം**

കുട്ടനാട് പുനരധിവാസ പദ്ധതിയിൽ PERK പദ്ധതിയുടെ ഭാഗമായി തായങ്കരി, മിത്രക്കരി, കേളമംഗലം യൂണിറ്റുകളിൽ 9 ഗുണഭോക്താക്കൾക്ക് 1,80,000 രൂപ ശൗചാലയ നിർമ്മാണത്തിനായി നൽകി.

### III. CHASS-CARITAS INDIA, EA PROJECT (അതിജീവൻ)

**1. വാട്ടർപ്യൂരിഫയർ വിതരണം**

ചാസിന്റെ ആഭിമുഖ്യത്തിൽ കുട്ടനാട് പുനരധിവാസ പദ്ധതിയിൽ കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ നടപ്പാക്കുന്ന 'അതിജീവൻ' പദ്ധതിയിൽ ചമ്പക്കുളം, നെടുമുടി പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 99 കുടുംബങ്ങൾക്ക് വാട്ടർപ്യൂരിഫയർ വിതരണം ചെയ്തു. മെയ് 17 ന് ചമ്പക്കുളം ബസ്‌ലിക്ക ഓഡിറ്റോറിയത്തിൽ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബിജു പാലത്തിങ്കൽ ഉദ്ഘാടനം നിർവഹിച്ചു. ഫൊറോനാ വികാരി റവ. ഫാ. എബ്രഹാം കാടാത്തുകളം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പദ്ധതി വിശദീകരണം നടത്തി. ജലസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും വാട്ടർപ്യൂരിഫയറിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും സെബാസ്റ്റ്യൻ എം.റ്റി. ക്ലാസ് നയിച്ചു. പ്രോജക്ട് കോ-ഓർഡിനേറ്റർ ബേബി ജോസഫ്, യൂണിറ്റ് പ്രസിഡന്റ് എൻ. എം. ആന്റണി നാലുപറയിൽ എന്നിവർ പ്രസംഗിച്ചു. 5,44,00/- രൂപ ഈ പദ്ധതിയിൽ ചെലവഴിച്ചു.

**2. ആട് വിതരണം**

കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ ചമ്പക്കുളം ഫൊറോനായിൽ നടപ്പാക്കുന്ന EA Project-ന്റെ ഭാഗമായി മെയ് 17, 25 തീയതികളിൽ കണ്ടങ്കരി, വൈശ്യംഭാഗം, കൊണ്ടാക്കൽ, പുല്ലങ്ങടി, ഒന്നാംകര, ചമ്പക്കുളം യൂണിറ്റുകളിൽ 2 ആടുകൾ വീതം 43 ഗുണഭോക്താക്കൾക്ക് 86 ആടുകളെ വിതരണം ചെയ്തു. 4,73,000/- രൂപ ഈ പദ്ധതിയിൽ ചെലവഴിച്ചു.

**3. കോഴി വിതരണം**

അതിജീവൻ പദ്ധതിയുടെ ഭാഗമായി മെയ് 22 ന് നസ്രത്ത്, ചേന്നങ്കരി, കൂലിപ്പുര, പൊങ്ങ, തോട്ടുവാത്തല, നർബോനപുരം, ഒന്നാംകര യൂണിറ്റുകളിലെ തെരഞ്ഞെടുക്കപ്പെട്ട 100 കുടുംബങ്ങൾക്ക് (ഒരു ഗുണഭോക്താവിന് 10 കോഴി വീതം) 1000 മുട്ടക്കോഴികളെ വിതരണം ചെയ്തു. 1,50,000/- ലക്ഷം രൂപ ചെലവഴിച്ചു.

**4. ഭവനനിർമ്മാണം ഒന്നാം ഗഡു വിതരണം**

അതിജീവൻ പദ്ധതിയുടെ ഭാഗമായി ഒന്നാംകര, പുല്ലങ്ങടി യൂണിറ്റുകളിലെ 6 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ സഹായത്തിന്റെ ആദ്യഗഡു 1,80,000/- രൂപ വീതം ഏപ്രിൽ 26, മെയ് 7 തീയതികളിൽ വിതരണം ചെയ്തു.

**5. ശൗചാലയം-ഒന്നാം ഗഡു വിതരണം**

അതിജീവൻ പദ്ധതിയുടെ ഭാഗമായി ഒന്നാംകര, പുല്ലങ്ങടി യൂണിറ്റുകളിലെ 9 കുടുംബങ്ങൾക്ക് ശൗചാലയ നിർമ്മാണസഹായത്തിന്റെ ആദ്യഗഡു 1,35,000/ രൂപ ഏപ്രിൽ 26 ന് വിതരണം ചെയ്തു.

### (IV) ഷംഷാബാദ് രൂപത-ഭവനനിർമ്മാണം

കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഷംഷാബാദ് രൂപതയുടെ സഹകരണത്തോടെ പച്ച-ചെക്കിടിക്കാട്, ചങ്ങങ്കരി, പാണ്ടി, തായങ്കരി യൂണിറ്റുകളിലെ തെരഞ്ഞെടുത്ത 15 കുടുംബങ്ങൾക്ക് നാളിതുവരെ ഘട്ടം ഘട്ടമായി 23,50,000/- രൂപ വിതരണം ചെയ്തു.

### (V) Xisco Muñoz Expuig, Spain-WATSAN Project

**ശൗചാലയ നിർമ്മാണം-ഒന്നാം ഗഡു വിതരണം** (ഏപ്രിൽ 30, മെയ് 7)

കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി Xisco Muñoz Expuig, Spain സഹകരണത്തോടെ രാമങ്കരി, കൈനടി, കുമരങ്കരി, വെളിയനാട് കേസറിയ, കാവാലം ലിസ്യൂ യൂണിറ്റുകളിൽ നടപ്പാക്കുന്ന WATSAN പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 18 കുടുംബങ്ങൾക്ക് ശൗചാലയ നിർമ്മാണ സഹായത്തിന്റെ ആദ്യഗഡുവായി 5,40,000/- രൂപ വിതരണം ചെയ്തു.

## അറിയിപ്പുകൾ

### നേതൃസംഗമവും പരിസ്ഥിതിദിനാചരണവും

ചാസ് യൂണിറ്റ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ക്രെഡിറ്റ് യൂണിയൻ കൺവീനർ, SHG കൺവീനർ എന്നിവരുടെ സംഗമം ജൂൺ 5 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് സന്ദേശനിലയം ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും. 2019-22 കാലഘട്ടത്തിലേയ്ക്ക് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളുടെ ഉദ്ഘാടനവും SHG, യൂണിറ്റ്, മേഖലാതലങ്ങളിലെ

പ്രവർത്തനക്രമീകരണങ്ങളെ സംബന്ധിച്ച വിശകലനങ്ങളും സംഗമത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. കേന്ദ്രതലപരിസ്ഥിതി ദിനാചരണപരിപാടികളും, ബോധവത്ക്കരണവും സംഗമത്തോടനുബന്ധിച്ചുണ്ടായിരിക്കും.

## പ്രവർത്തനറിപ്പോർട്ട്

യൂണിറ്റുകളുടെ 2018-19 പ്രവർത്തനവർഷത്തെ സമഗ്രറിപ്പോർട്ട്, യൂണിറ്റുകൾക്ക് ലഭ്യമാക്കിയിരിക്കുന്ന നിശ്ചിതഫോറത്തിൽ തയ്യാറാക്കി ജൂൺ 5-ാം തീയതി സംഗമത്തിനെത്തുമ്പോൾ യൂണിറ്റ് സെക്രട്ടറി കൗണ്ടറിൽ ഏല്പ്പിക്കേണ്ടതാണ്.

## മഴക്കൊയ്ത്ത്

**മഴവെള്ള സംഭരണി നിർമ്മാണ പദ്ധതി** (പലിശ രഹിത വായ്പ)

ചാസ് യൂണിറ്റുകളിൽ ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്ക് മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകുന്നതിന് പലിശരഹിത ധനസഹായം ലഭ്യമാക്കുന്നു. ക്രെഡിറ്റ് യൂണിയനിൽനിന്ന് അംഗങ്ങൾക്ക് ഒരു വർഷ കാലാവധിയിൽ വായ്പ നൽകുകയും ഗുണഭോക്താവ് വായ്പാ തുക തിരിച്ചടച്ചുകഴിയുമ്പോൾ ചാസ് കേന്ദ്ര ഓഫീസിൽ നിന്നും യൂണിറ്റുകൾക്ക് പലിശ വിഹിതം നൽകുകയും ചെയ്യുന്നതാണ്. കാലാവധിക്കുള്ളിൽ തുക തിരിച്ചടയ്ക്കുന്നവർക്കു മാത്രമേ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. 5000 ലിറ്റർ മുതൽ 200000 ലിറ്റർ വരെ സംഭരണശേഷിയുള്ള ടാങ്കുകളാണ് നിർമ്മിച്ചു നൽകുന്നത്. ആവശ്യമുള്ളവർ അതാത് ചാസ് യൂണിറ്റു ഭാരവാഹികൾ മുഖേനയോ കോ-ഓർഡിനേറ്റർ മുഖേനയോ ബന്ധപ്പെടുക.

കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9539701153.

Cost Estimate for Construction

| Capacity | Per ltrs | Cost including labour and material |
|---|---|---|
| 5000 ltrs FC tank | 7 | 35,000/- |
| 10000 ltrs FC tank | 5 | 50,000/- |
| 15000 ltrs FC tank | 5 | 75,000/- |
| 20000 ltrs FC tank | 5 | 1,00,000/- |
| 25000 ltrs FC tank | 4.75 | 1,18,750/- |
| 30000 ltrs FC tank | 4.75 | 1,42,500/- |
| 40000 ltrs FC tank | 4.75 | 1,90,000/- |
| 50000 ltrs FC tank | 4.50 | 2,25,000/- |
| 75000 ltrs FC tank | 4.25 | 3,18,750/- |
| 100000 ltrs FC tank | 4 | 4,00,000/- |
| 200000 ltrs FC tank | 3.5 | 7,00,000/- |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2019 മെയ് മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 414. ഭാസുര ജ്ഞാനശേഖരൻ | തേജസ് | ആറാട്ടുവഴി | ആലപ്പുഴ |
| 415. തങ്കമ്മ ശൗര്യാർ | സ്നേഹദീപം | കൊടുപ്പുന്ന | എടത്വാ |
| 416. വർഗ്ഗീസ് വർഗ്ഗീസ് | ഗ്രാമശ്രീ | പള്ളാത്തുരുത്തി | ആലപ്പുഴ |

### (2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം

- **മരണാനന്തരസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 251. റോസമ്മ തോമസ് പാറശ്ശേരി | നാലുകോടി | തൃക്കൊടിത്താനം |
| 252. ഗ്രേയ്സി വർഗ്ഗീസ് | ഫിൽഗിരി | കൊല്ലം |
| 253. പെണ്ണമ്മ ജോസഫ് കണ്ണന്തറ | പൊടിപ്പാറ | തുരുത്തി |
| 254. അന്നമ്മ സെബാസ്റ്റ്യൻ കൊച്ചുമതിക്കളം | പച്ച-ചെക്കിടിക്കാട് | എടത്വാ |

- **ചികിത്സാസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 122. ഹസ്സീനാ അലി, അന്തേക്കുപറമ്പ് | ആറാട്ടുവഴി | ആലപ്പുഴ |
| 123. എ. കബീർ, അന്തേക്കുപറമ്പ് | ആറാട്ടുവഴി | ആലപ്പുഴ |
| 124. പി.എ. ബഹീർ നിലംനികത്തിൽ | ആറാട്ടുവഴി | ആലപ്പുഴ |

### (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2019 മെയ് മാസം 29 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 64 അപേക്ഷകർക്ക് 72,500/- രൂപ നൽകി.

### (4) സേവ് എ ഫാമിലി പ്ലാൻ (SAFP)

- 2019 ഏപ്രിൽ-മെയ് മാസങ്ങളിൽ 55 കുടുംബങ്ങൾക്കായി 676184/- രൂപ സഹായധനം അനുവദിച്ചു.

### (5) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2019 മെയ് മാസം 3 കുടുംബങ്ങൾക്ക് ചികിത്സാചെലവായി 20,423/- രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|
| 1. ലിസമ്മ ആന്റണി, കരിക്കണ്ടത്തിൽ | കുറുമ്പനാടം | 6373/- |
| 2. ചാക്കോ ജോർജ്ജ് വെട്ടുപറമ്പിൽ | മുട്ടാർ ഓൾഡ് | 7300/- |
| 3. രാജ് പി. ജോസ്, പുതുപ്പള്ളി | വാഴൂർ | 6750/- |

## വിധവകൾക്ക് സ്വയംതൊഴിൽ പദ്ധതി

പ്രളയബാധിത മേഖലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് കേരളാ സോഷ്യൽ സർവ്വീസ് ഫോറവുമായി സഹകരിച്ച് ചാസിന്റെ നേതൃത്വത്തിൽ 25 കോഴിയും ഹൈടെക് കൂടും 16 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

## PME

തുരുത്തി മേഖലാ PME കുറിച്ചിയിൽ വച്ച് മെയ് 5 ഞായറാഴ്ച നടത്തപ്പെട്ടു.

## ചങ്ങാതിക്കൂട്ടം 'കിളിക്കൂട്-2018'

ചാസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ചങ്ങാതിക്കൂട്ടം കുട്ടികൾക്കുവേണ്ടി മെയ് 18 ന് ചാസ് കേന്ദ്ര ഓഫീസിൽ 'കിളിക്കൂട്-2019' ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആശംസകൾ നേർന്നു. 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്. സുഹൃത്ത്ബന്ധം, നേതൃത്വപരിശീലനം, വ്യക്തിത്വവികസനം തുടങ്ങിയ വിഷയങ്ങളിൽ എൽദോ മാർ ബസേലിയസ് കോതമംഗലം, സെന്റ് ഗ്രിഗോറിയോസ് പരുമല എന്നീ കോളേജുകളിലെ MSW വിദ്യാർഥികൾ ക്യാമ്പിന് നേതൃത്വം നൽകി. 37 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

## കരിയർ ഗൈയ്ഡൻസ് ക്ലാസ്

10, +2 വിജയിച്ച കുട്ടികൾക്കുവേണ്ടി മെയ് 22 ന് ചാസ് കോൺഫറൻസ് ഹാളിൽ കരിയർ ഗൈയ്ഡൻസ് ക്ലാസ് സംഘടിപ്പിച്ചു. ശ്രീ. ബാലചന്ദ്രൻ Psychologist and hypnotic counsellor ക്ലാസ് നയിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ പ്രസംഗിച്ചു. 41 വിദ്യാർത്ഥികൾ പങ്കെടുത്തു.

## കേന്ദ്ര ഖാദിഗ്രാമവ്യവസായ കമ്മീഷനിൽ നിന്നും ട്രെയിനിംഗ് ഡയറക്ടർ ചാസ് ഓഫീസ് സന്ദർശിച്ചു

ഖാദിവിദ്യാലയത്തിലെ പരിശീലന പരിപാടികളെ കുറിച്ച് ആലോചിക്കുന്നതിനായി കേന്ദ്ര ഖാദിഗ്രാമവ്യവസായ കമ്മീഷനിൽ നിന്നും ട്രെയിനിംഗ് ഡയറക്ടർ ഡോ. സഞ്ജീവ് റോയ്, തൃശൂർ MDTC യിൽനിന്ന് എക്സിക്യൂട്ടീവുമാരായ ശ്രീ ഐ.സ് രാജ, ശ്രീ. ഗോമതി നായകം എന്നിവർ ചാസ് കേന്ദ്ര ഓഫീസ് സന്ദർശിച്ചു. തുടർന്ന് മല്ലപ്പള്ളി ഗ്രാമവിദ്യാലയത്തിൽ പത്തനംതിട്ട ജില്ലാ വ്യവസായവകുപ്പിൽനിന്നും ലഭിച്ച 20 തറികളുടെ പ്രവർത്തനോദ്ഘാടനവും നിർവഹിച്ചു.

## ചാസ് ഗവേണിംഗ് ബോർഡ് മീറ്റിംഗ്

ചാസിന്റെ ഉന്നതാധികാര ഭരണസമിതി സമ്മേളനം മെയ് 25 ശനിയാഴ്ച രാവലെ 10.30 ന് ചാസ് കേന്ദ്രഓഫീസിൽ നടത്തപ്പെട്ടു. 2019-22 കാലഘട്ടത്തിൽ വിവിധ തലങ്ങളിൽ നടത്താനുദ്ദേശിക്കുന്ന പദ്ധതികൾക്ക് ആവശ്യമായ രൂപരേഖ തയാറാക്കി.

## മേഖലാവാർത്തകൾ

സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *സംഘം* | *യൂണിറ്റ്* | *അംഗങ്ങൾ* |
|---|---|---|---|
| 25.04.2019 | മരിയൻ | ഇരവുചിറ | 20 |
| 03.05.2019 | അമല | കുമരങ്കരി | 13 |
| 03.05.2019 | ലൂർദ്ദ് മാതാ | ,, | 16 |
| 03.05.2019 | ചെറുപുഷ്പം | ,, | 12 |
| 03.05.2019 | അനുഗ്രഹ | ,, | 18 |
| 08.05.2019 | അസീസ്സി | പുന്നക്കുന്നത്തുശ്ശേരി | 19 |
| 08.05.2019 | സെന്റ് ചാവറ | ,, | 14 |
| 08.05.2019 | സെന്റ് പോൾ | ,, | 20 |
| 08.05.2019 | എബനൈസർ | ,, | 18 |
| 08.05.2019 | സെന്റ് ജോർജ്ജ് | ,, | 14 |
| 08.05.2019 | അസംപ്ഷൻ | ,, | 15 |
| 08.05.2019 | സെന്റ് ആന്റണി | ,, | 20 |
| 08.05.2019 | നിർമ്മാല്യം | ,, | 17 |
| 08.05.2019 | ആവേമരിയ | മുട്ടാർ ഓൾഡ് | 14 |
| 08.05.2019 | അതിജീവൻ | ,, | 19 |
| 08.05.2019 | മാർഗ്ഗദീപം | ,, | 14 |
| 08.05.2019 | മരിയ | ചമ്പക്കുളം | 14 |
| 08.05.2019 | തേജസ് | ,, | 11 |
| 08.05.2019 | സംഗമം | ചേന്നംകരി | 14 |
| 22.05.2019 | മരിയൻ | പായിപ്പാട് | 20 |

### ബോധവത്ക്കരണ സെമിനാർ

വെട്ടിമുകൾ യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘാംഗങ്ങൾക്കുവേണ്ടി ഏപ്രിൽ 30 ന് ജൈവകൃഷി ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. അർച്ചന വുമൺസെന്റർ പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീമതി പി.കെ. ജയശ്രീ ക്ലാസ് നയിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീ. എൻ.സി. ജോർജ്ജ് ഉദ്ഘാടനം നിർവ്വഹിച്ചു. 65 അംഗങ്ങൾ പങ്കെടുത്തു.

### ഫ്ളവർ മേക്കിംഗ് പരിശീലനം

കാവാലം സെന്റ് തെരേസാസ് യൂണിറ്റിൽ പ്രവർത്തിക്കുന്ന സംഘാംഗങ്ങൾക്ക് സ്വയംതൊഴിൽ പരിശീലനത്തിന്റെ ഭാഗമായി മെയ് 6 ന് ഫ്ളവർ മേക്കിംഗിൽ പരിശീലനം നൽകി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറിൾ ചേപ്പില ഉദ്ഘാടനം നിർവഹിച്ചു. ശ്രീമതി മേരിക്കുട്ടി മാത്യു പരിശീലനത്തിന് നേതൃത്വം നൽകി. 46 വനിതകൾ പങ്കെടുത്തു.

## യൂണിറ്റ് ഉദ്ഘാടനം

പുന്നക്കുന്നം ചാസ് യൂണിറ്റിന്റെ ഔപചാരിക ഉദ്ഘാടനം മെയ് 7 ചെവ്വാഴ്ച്ച മൂന്ന് മണിക്ക് പുന്നക്കുന്നം സെന്റ് മേരീസ് യു.പി. സ്കൂളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോണി മണിയൻചിറയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. ചാസ് മേഖലാ കോ-ഓർഡിനേറ്റർ എൻ.ഐ. തോമസ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

## ആദരിച്ചു

മുടിയൂർക്കര യൂണിറ്റിൽ പ്രവർത്തിക്കുന്ന 'സെന്റ് ജോസഫ്സ്' സ്വാശ്രയ സംഘാംഗങ്ങളുടെ മക്കളിൽ $10^{th}$, $12^{th}$ പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ 4 വിദ്യാർത്ഥികൾക്ക് മെയ് 19 ന് മെമന്റോ നൽകി ആദരിച്ചു.

## ഫാർമേഴ്സ് ക്ലബ് വാർഷികം

മാന്നില യൂണിറ്റിൽ പ്രവർത്തിക്കുന്ന ഹരിത ഫാർമേഴ്സ് ക്ലബിന്റെ 7 മത് വാർഷികം മെയ് 26 ഞായറാഴ്ച മാന്നില പാരീഷ് ഹാളിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് പറപ്പള്ളി, അദ്ധ്യക്ഷതവഹിച്ചു. ശ്രീമതി റീത്തമ്മ ജോസഫ് ക്ലാസ് നയിച്ചു. പച്ചക്കറി തൈകളുടെ വിതരണവും നടത്തി. യൂണിറ്റിലെ മികച്ച കർഷക നുള്ള അവാർഡ് ശ്രീ. ജോസഫ് എം.ഡി. മുരിയൻകാവുങ്കലിന് സമ്മാനിച്ചു

## ക്രെഡിറ്റ് യൂണിയൻ വിശദീകരണയോഗം

കൊടിനാട്ടുംകുന്ന് യൂണിറ്റിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് യൂണിയൻ അംഗ ങ്ങളുടെ സംഗമം മെയ് 26-ാം തീയതി യൂണിറ്റ് ഓഫീസിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ക്ലാസ് നയിക്കുകയും അംഗങ്ങളുടെ സംശയങ്ങൾക്ക് വിശദീകരണം നല്കുകയും ചെയ്തു.

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2018 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും മെയ് 21 -വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) - (തുടർച്ച)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 156. | തിരുവല്ല | 103650 | 41460 |
| 157. | പൊങ്ങ | 33965 | 13586 |
| 158. | തോട്ടുവാത്തല | 22220 | 8888 |
| 159. | ളായിക്കാട് | 96730 | 38692 |
| 160. | അഞ്ചൽ | 45420 | 18150 |
| 161. | ഈര | 1100 | 440 |
| 162. | മുണ്ടത്താനം | 45560 | 18224 |
| 163. | മണിമല - ഹോളി മാഗി | 30000 | 12000 |
| 164. | പാണ്ടി | 45750 | 18300 |
| 165. | S. L. പുരം | 33750 | 13500 |
| 166. | പാദുവാപുരം | 47823 | 19129 |
| 167. | വെട്ടിക്കൽപുരയിടം | 3500 | 1400 |
| 168. | ചീരഞ്ചിറ | 75000 | 30000 |
| 169. | തെക്കേക്കര | 78260 | 31304 |
| 170. | കിളിരൂർ | 50600 | 20240 |
| 171. | ചേന്നങ്കരി-ലൂർദ് മാതാ | 41900 | 16760 |

**(തുടരും...)**

2018-ലെ അതിരൂപതാദിനത്തിനും 2019-ലെ അതിരൂപതാദിനത്തിനുമിടയിൽ നമ്മുടെ ഇടവകകളിൽ നടന്ന ഭവന നിർമ്മാണ പദ്ധതിയുടെ ടേബിൾ ചുവടെ ചേർക്കുന്നു. കളർ എ ഹോം പാർപ്പിട പദ്ധതി, ചാസിന്റേയും ഇതര പ്രസ്ഥാന ങ്ങളുടേയും നേതൃത്വത്തിൽ നടന്ന പ്രളയ പുനരുദ്ധാരണ ഭവന പദ്ധതി, മാർ ജോസഫ് പെരുന്തോട്ടം സപ്തതി മെമ്മോറിയൽ പാർപ്പിട പദ്ധതി എന്നിവയുടെ കീഴിൽ നടപ്പാക്കിയ ഭവന പദ്ധതികൾ എല്ലാം ഇതിൽ ഉൾപ്പെടുന്നു. ഡേറ്റാ തരാത്ത പള്ളികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇനിയും ഉൾപ്പെടുത്താനുള്ള ഇടവകകൾ ഡേറ്റാ നൽകിയാൽ റിപ്പോർട്ട് ബുക്കിൽ അവ ഉൾപ്പെടുത്തുന്നതാണ്.

കണക്കുകളിൽ എന്തെങ്കിലും തെറ്റ് ഉണ്ടെങ്കിൽ അവയും ശ്രദ്ധയിൽപ്പെടുത്തണം എന്ന് താല്പര്യപ്പെടുന്നു. ബന്ധപ്പെടേണ്ട നമ്പർ: 0481 2410400

**ഫാ. ഗ്രിഗറി ഓണംകുളം**
സെക്രട്ടറി

## FORANE WISE HOUSING SCHEME DATA SUMMARY 2018 - 2019

| | ഇടവക | പുതിയ ഭവനം | ഭൂദാന പാർപ്പിട പദ്ധതി | ഭവന അറ്റകുറ്റ പ്പണിക്ക് സഹായം | ആകെ ചെലവഴിച്ച ഏകദേശ തുക |
|---|---|---|---|---|---|
| | **AMBOORY** | | | | |
| 1 | ST. GEORGE FORANE, AMBOORI | 12 | 1 | | 2200000 |
| 2 | ST. MARY'S, DALMUGHAM | 16 | | | 3200000 |
| 3 | ST. JOSEPH'S, KUTCHAPURAM | 4 | | | 1400000 |
| 4 | ST. MARY'S, MAYAM | 6 | | | 1300000 |
| 5 | ST. MARY'S, THEKKUPARA | 14 | | | 300000 |
| 6 | SACRED HEART, VAVODE | 7 | | | 1500000 |
| | **TOTAL** | **59** | **1** | | **9900000** |
| | **ALAPPUZHA** | | | | |
| 1 | HOLY CROSS FORANE, PAZHAVANGADY | 7 | 1 | 10 | 2214000 |
| 2 | LITTLE FLOWER, ARYAD | 1 | | | 20000 |
| 3 | ST. MARY'S, KAINAKARY | | | 4 | 340000 |
| 4 | IMMACULATE HEART, KAITHAVANA | 1 | | | 900000 |
| 5 | ST. GEORGE'S, MUHAMMA | | | 3 | 200000 |
| 6 | ST. MARY'S, PUNNAMADA | | | 3 | 224434 |
| 7 | HOLY CROSS, PURACKAD | | | 4 | 600000 |
| 8 | ST. GEORGE'S, PUTHANAGADY | | | 2 | 120000 |
| 9 | ST. MICHAEL'S THATHAMPALLY | 2 | | 44 | 150000 |
| 10 | S. H. CHURCH, ARUNOOTTUMPADOM | | 1 | 17 | 800000 |
| | *FILIAL CHURCHES* | | | | |
| 11 | ST. THOMAS, KALAVOOR | | | 1 | 35000 |
| | **TOTAL** | **11** | **2** | **88** | **5603434** |
| | **ATHIRAMPUZHA** | | | | |
| 1 | ST. MARY'S FORANE,ATHIRAMPUZHA | 9 | 3 | 5 | 5800000 |
| 2 | LISIEUX, ATHIRAMPUZHA | | | 1 | 18000 |
| 3 | ST. SEBASTIAN'S CHERUVANDOOR | 4 | | 1 | 405000 |
| 4 | ST. MATHEWS, KOTTACKAPURAM | 2 | | 2 | 550000 |
| 5 | ST. GREGORIOS, MANNARKUNNU | 1 | | 1 | 300000 |
| 6 | ST. JOSEPHS, THELLAKAM | 1 | | 2 | 1200000 |
| | **TOTAL** | **17** | **3** | **12** | **8273000** |

| | | | | | |
|---|---|---|---|---|---|
| | **CHAMPAKULAM** | | | | |
| 1 | ST. MARY'S FORANE, KALLOORKAD | 25 | | 15 | 2250000 |
| 2 | LOURDE MATHA, CHENNAMKARY | | | 6 | 475000 |
| 3 | ST. JOSEPH, CHENNAMKARY | | | 127 | 4000000 |
| 4 | ST. JOSEPH, KANDAMKARY | | 1 | 4 | 620000 |
| 5 | ST, JOSEPH, KONDACKAL | | | 4 | 100000 |
| 6 | ST. SEBASTIAN'S, NARBONAPURAM | 2 | | 11 | 1850000 |
| 7 | ST. JOSEPH'S, PADAHARAM | | | 5 | 330000 |
| 8 | MAR SLEEVA, PONGA | 5 | | 12 | 3910000 |
| 9 | HOLY FAMILY, PULLANGADY | | | 8 | 390000 |
| 10 | ST. JOHN'S ,TEKKEKARA | 1 | | 3 | 190000 |
| 11 | SACRED HEART, THOTTUVATHALA | | | 4 | 120000 |
| 12 | ST. GEORGE, VADAKKEAMICHAKARY | | | 4 | 120000 |
| 13 | ST. ANTONY'S, VAISYAMBHAGOM | | | 4 | 120000 |
| | *FILIAL CHURCHES* | | | | |
| | **TOTAL** | **33** | **1** | **207** | **14475000** |
| | **CHANGANACHERRY** | | | | |
| 1 | ST. MARY'S CATHEDRAL, CHANGANACHERRY | 6 | | 8 | 2170000 |
| 2 | ST. GEORGE, CHEERAMCHIRA | | | 3 | 70000 |
| 3 | SACRED HEART, CHETHIPUZHA | 2 | | 4 | 1853223 |
| 4 | ST. GREGORIOS, KIDANGARA | | | 7 | 550000 |
| 5 | ST. MARY'S, PAREL | | | 3 | 313000 |
| 6 | ST. JOSEPH'S, VEROOR | 8 | | 8 | 6307894 |
| | *FILIAL CHURCHES* | | | | |
| 7 | GETHESEMENY, VAZHAPPALLY | | | 4 | 500000 |
| 8 | ST. JOSEPH, MANACKACHIRA | | | 5 | 50000 |
| 9 | ST. MARY'S VAZHAPPALLY WEST | 1 | | 1 | 380000 |
| 10 | ST. ANTONY'S VETTITHURUTH | | | 1 | 850000 |
| | **TOTAL** | **17** | | **44** | **13044117** |
| | **EDATHUA** | | | | |
| 1 | ST. GEORGE FORANE, EDATHUA | 25 | | 72 | 5906000 |
| 2 | ST. MARY'S, AMBALAPUZHA | | | 3 | 270500 |
| 3 | ST. NICHOLAS, KARUMADY | | | 4 | 280000 |
| 4 | OUR LADY OF DOLOURS, KELAMANGALAM | | | 5 | 740000 |
| 5 | ST. JOSEPH, KODUPUNA | | | 3 | 170000 |
| 6 | ST. THOMAS, MUTTAR NEW | 1 | | 15 | 1500000 |
| 7 | LOURDE MATHA , PACHA CHEKKIDIKADU | 4 | 1 | 11 | 3754000 |
| 8 | FATHIMA MATHA , PANDY | | | 4 | 400000 |
| 9 | ST. XAVIER'S, PUTHUKARY | | | 4 | 170000 |
| 10 | ST. RITA'S, THAKAZHY | | | 7 | 692000 |

| | | | | | |
|---|---|---|---|---|---|
| 11 | ST. ANTONY'S, THAYAMKARY | 3 | | 4 | 867000 |
| | *FILIAL CHURCHES* | | | | |
| 12 | ST. JOSEPH, CHANGANAKRY | | | 2 | 140000 |
| | **TOTAL** | **33** | **1** | **134** | **14889500** |

## KOLLAM

| | | | | | |
|---|---|---|---|---|---|
| 1 | CHRIST THE KING FORANE, AYOOR | 2 | | | 600000 |
| 2 | MARY MATHA, ANCHAL | 1 | 1 | | 300000 |
| 3 | ST. MARY'S, ARYANKAVU | 3 | | | 900000 |
| 4 | ST. GEORGE'S, EDAPALAYAM | 2 | | | 600000 |
| 5 | NITHYA SAHAYA MATHA, KARAVALOOR | 1 | | | 300000 |
| 6 | ST. MARY'S, NARIKALLU | 1 | | | 300000 |
| 7 | ST. THOMAS, PAZHAYEROOR | 2 | | | 600000 |
| 8 | ST. JOSEPH, PHILGIRI | 2 | | | 600000 |
| | **TOTAL** | **14** | **1** | | **4200000** |

## KOTTAYAM

| | | | | | |
|---|---|---|---|---|---|
| 1 | LOURDE MATHA, ARUVIKUZHY | | 1 | 2 | 250000 |
| 2 | ST. SEBASTIAN'S , AYARKUNNAM | | | 2 | 50000 |
| 3 | MARTHA MARIAM, CHEPPUMPARA | | | 4 | 215000 |
| 4 | LITTLE FLOWER, KOLLAD (KADUVAKULAM) | | | 3 | 162000 |
| 5 | HOLY CROSS, KOOROPADA | | | 3 | 50000 |
| 6 | SACRED HEART, PANGADA | | | 4 | 45000 |
| 7 | SACRED HEART, THAZHATHANGADY | | | 3 | 100000 |
| 8 | ST. THOMAS, VADAVATHOOR | 1 | 1 | 1 | 1000000 |
| | **TOTAL** | **1** | **2** | **22** | **1872000** |

## KUDAMALOOR

| | | | | | |
|---|---|---|---|---|---|
| 1 | ST. MARY'S FORANE, KUDAMALOOR | 5 | | | 1000000 |
| 2 | ST. GEORGE'S, AICKARACHIRA | | | 5 | 34000 |
| 3 | ST. XAVEIR'S, ARPOOKARA, (VILLOONNI) | 2 | | | 600000 |
| 4 | ST. ANTONY'S, CHEEPUNKAL | | | 1 | 30000 |
| 5 | ST. FRANCIS DE SALES, KILIROOR | 1 | | | 75000 |
| 6 | NAVA NAZERETH, KUMARAKOM | | | 6 | 156400 |
| 7 | ST. JOHN'S, KUMARAKOM VADAKKUMKARA | | | 3 | 170000 |
| 8 | HOLY FAMILY, MUDIYOORKARA | | 1 | 1 | 1300000 |
| 9 | BETHLEHEM, PARAMPUZHA | 1 | 1 | 9 | 1454600 |
| | *FILIAL CHURCHES* | | | | |
| 10 | ST. SEBASTIAN'S, CHENGALAM | 1 | 1 | | 900000 |
| 11 | ST. THOMAS, KUMARANALLOR | | | 1 | 50000 |
| | **TOTAL** | **10** | **3** | **26** | **5770000** |

| | | | | | |
|---|---|---|---|---|---|
| | **KURUMPANADOM** | | | | |
| 1 | ST. ANTONY'S FORANE, KURUMPANADOM | 3 | 2 | 12 | 2520000 |
| 2 | ST. MARY'S, ERAVUCHIRA | | | 5 | 122000 |
| 3 | ASSUMPTION, KURUMPANADOM | | | 2 | 250000 |
| 4 | LITTLE FLOWER, MADAPPALLY | | | 8 | 540235 |
| 5 | LOURDES MATHA, MAMMOOD | 1 | 1 | 2 | 800000 |
| 6 | HOLY FAMILY, MANNILA | | | 1 | 100000 |
| 7 | SACRED HEART, RAJAMATTAM | | | 4 | 600000 |
| 8 | ST. GEORGE, THOTTACKAD | | | 4 | 400000 |
| | **TOTAL** | **4** | **3** | **38** | **5332235** |
| | **MANIMALA** | | | | |
| 1 | HOLY MAGI FORANE, MANIMALA | | | 2 | 50000 |
| 2 | LITTLE FLOWER, CHUNKAPARA | | | 1 | 10000 |
| 3 | ST. MARY'S, KADAINIKADU | 2 | 8 | 1 | 14000000 |
| 4 | ST. JAMES, KARIKATTOR | 1 | | 2 | 700000 |
| 5 | SACRED HEART, KARIMPANAKULAM | | | 6 | 80000 |
| 6 | ST. JOHN'S, KOTTANGAL | | | 1 | 32000 |
| 7 | LITTLE FLOWER, KULATHOOR | | | 2 | 40000 |
| | **TOTAL** | **3** | **8** | **15** | **14912000** |
| | **NEDUMKUNNAM** | | | | |
| 1 | ST. JOHN THE BAPTIST FORANE, NEDUMKUNNAM | 4 | | 18 | 2164500 |
| 2 | ST. JOSEPH'S, CHAMPAKARA | 1 | | 2 | 908000 |
| 3 | ST. MARY'S, KOOTHRAPPALLY | 1 | | 17 | 2200000 |
| 4 | FATHIMA MATHA, NEDUMANNY | 1 | | 2 | 235000 |
| 5 | ST. MARY'S, PULICKAKAVALA | 1 | | 3 | 205000 |
| 6 | LITLE FLOWER, PUNNAVELY | | | 2 | 125000 |
| 7 | LOURDE MATHA, THAZHATHUVADAKARA | 1 | | | 30000 |
| | **TOTAL** | **9** | | **44** | **5867500** |
| | **PULINCUNNU** | | | | |
| 1 | ST. MARY'S FORANE, PULINCUNNU | 6 | 1 | 80 | 1800000 |
| 2 | ST. RITA'S, KANNADY | | | 3 | 289000 |
| 3 | ST. THERESA'S, KAVALAM | | | 20 | 200000 |
| 4 | LOURDE AMTHA , MAMPUZHAKARY | | | 7 | 250000 |
| 5 | ST. MARY'S, MANALADY | | | 1 | 35000 |
| 6 | ST. PIOUS X , MONCOMPU | 1 | | 37 | 1200000 |
| 7 | ST. XAVIER'S, MITHRAKARY | 2 | | 8 | 500000 |
| 8 | FATHIMA MATHA, PALLIKOOTTUMMA | 2 | | | 1400000 |
| 9 | ST. JOSEPH, PUNNAKUNNATHUSSERY | 1 | | 2 | 100000 |
| 10 | ST. XAVIER'S, VELIYANADU | 1 | | 20 | 1200000 |

| | | | | | |
|---|---|---|---|---|---|
| | *FILIAL CHURCHES* | | | | |
| 11 | ST. JOSEPH'S, KANNADY (KAVALAM) | 1 | | | 700000 |
| | **TOTAL** | **14** | **1** | **178** | **7674000** |

## THIRUVANANTHAPURAM

| | | | | | |
|---|---|---|---|---|---|
| 1 | LOURDE FORANE, TVM | 5 | | | 1600000 |
| 2 | RANIGIRI, MANNANTHALA | 1 | | | 735000 |
| 3 | ST. MARY'S PALODE (PERINGAMALA) | | 1 | | 175000 |
| 4 | LOURDE'S HILL, PEOORKADA | 1 | | | 300000 |
| 5 | HOLY FAMILY, THIRUMALA | | | 1 | 9000 |
| 6 | S.F.S., VATTIYOORKAVU | 1 | | 1 | 400000 |
| 7 | ALL SAINTS , VITHURA | 1 | | | 25000 |
| | *FILIAL CHURCHES* | | | | |
| 8 | KANNAMMOOLA | | | 2 | 100000 |
| 9 | KARYAVATTAM | | | 1 | 125000 |
| 10 | PONGAMOODU | 2 | | 1 | 670000 |
| | **TOTAL** | **11** | **1** | **6** | **4139000** |

## THRICKODITHANAM

| | | | | | |
|---|---|---|---|---|---|
| 1 | ST. XAVIER'S FORANE, TKDM | | | 11 | 694500 |
| 2 | ST. SEBASTIAN, CHANJODY | 1 | | | 700000 |
| 3 | FATHIMA MATHA, FATHIMAPURAM | 2 | | | 400000 |
| 4 | ST. SEBASATIAN'S, KODINATTUKUNNU | 2 | | 5 | 2000000 |
| 5 | ST. JOSEPH'S, KUNNAMTHANAM | | | 2 | 47000 |
| 6 | ST. MARY'S, MUNDUPALAM | 1 | | 1 | 219500 |
| 7 | LOURDE MATHA, PAIPADU | | | 5 | 153107 |
| 8 | ST. THOMAS, NALUKODY | 2 | | 11 | 867000 |
| 9 | ST. ANTONY'S, THIRUVALLA | 1 | | | 400000 |
| | **TOTAL** | **9** | | **35** | **5481107** |

## THURUTHY

| | | | | | |
|---|---|---|---|---|---|
| 1 | MARTH MARIAM, THURUTHY | 5 | 1 | 14 | 1388630 |
| 2 | LOURDE MATHA CHURCH, EARA | 2 | | 10 | 1318650 |
| 3 | ST. MARY'S, ITHITHANAM | | | 6 | 527000 |
| 4 | ST. JOSEPH, KURICHY | 1 | | 4 | 550000 |
| 5 | HOLY FAMILY, PAYATTUPAKKA | | | 4 | 250000 |
| 6 | HOLY FAMILY, PODIPARA | | 1 | 3 | 766948 |
| 7 | ST. MARY'S, VADAKKEKARA | 2 | | | 450000 |
| 8 | ST. JUDE, YUDAPURAM | | 2 | 1 | 2300000 |
| 9 | OUR LADY OF DOLOURS CHURCH, KAINADY | 2 | | 11 | 2900000 |
| 10 | ST. JOSEPH'S CHURCH, KAVALAM | | | 6 | 250000 |
| | **TOTAL** | **12** | **4** | **59** | **10701228** |

## FORANE WISE HOUSING SCHEME DATA SUMMARY 2018 - 2019
## AT A GLANCE

| | ഇടവക | പുതിയ ഭവനം | ഭൂദാന പാർപ്പിട പദ്ധതി | ഭവന അറ്റകുറ്റ പ്പണിക്ക് സഹായം | ആകെ ചെലവഴിച്ച ഏകദേശ തുക |
|---|---|---|---|---|---|
| 1 | AMBOORY | 59 | 1 | | 9900000 |
| 2 | ALAPPUZHA | 11 | 2 | 88 | 5603434 |
| 3 | ATHIRAMPUZHA | 17 | 3 | 12 | 8273000 |
| 4 | CHAMPAKULAM | 33 | 1 | 207 | 14475000 |
| 5 | CHANGANACHERRY | 17 | | 44 | 13044117 |
| 6 | EDATHUA | 33 | 1 | 134 | 14889500 |
| 7 | KOLLAM | 14 | 1 | | 4200000 |
| 8 | KOTTAYAM | 1 | 2 | 22 | 1872000 |
| 9 | KUDAMALOOR | 10 | 3 | 26 | 5770000 |
| 10 | KURUMPANADOM | 4 | 3 | 38 | 5332235 |
| 11 | MANIMALA | 3 | 8 | 15 | 14912000 |
| 12 | NEDUMKUNNAM | 9 | | 44 | 5867500 |
| 13 | PULINCUNNU | 14 | 1 | 178 | 7674000 |
| 14 | THIRUVANANTHAPURAM | 11 | 1 | 6 | 4139000 |
| 15 | THRICKODITHANAM | 9 | | 35 | 5481107 |
| 16 | THURUTHY | 12 | 4 | 59 | 10701228 |
| | **TOTAL** | **257** | **31** | **908** | **13,21,34,121** |

## 1. ചങ്ങനാശേരി അതിരൂപതാ ദിനം

ചങ്ങനാശേരി അതിരൂപതാ ദീപികാ ഫ്രണ്ട്സ് ക്ലബിന്റെ പ്രവർത്തനങ്ങൾ ഇടവകകളിലും ഫൊറോനകളിലും കാര്യക്ഷമമായി നടന്നുവരുന്നു. യൂണിറ്റു തല തിരഞ്ഞെടുപ്പുകളും ഫൊറോനതല തിരഞ്ഞെടുപ്പുകളും ഘട്ടംഘട്ടമായി നടന്നുവരുന്നു.

## 2. ദീപിക ടീം അതിരൂപതാദിനത്തിൽ

ചങ്ങനാശേരി അതിരൂപതാ ഡയറക്ടറായ റവ. ഫാ. ജോർജ് മാന്തുരുത്തി അതിരൂപതാദിന മുഖ്യ കോ-ഓർഡിനേറ്ററായി സേവനം അനുഷ്ഠിച്ചു. തിരുവനന്തപുരം കുറ്റിച്ചൽ ലൂർദ്ദ്മാതാ കോളേജിൽ നടന്ന അതിരൂപതാദിനാഘോഷങ്ങളിൽ ഡി.എഫ്.സി. അതിരൂപതാ ടീം പ്രത്യേകമായി ക്ഷണിക്കപ്പെടുകയും ചങ്ങനാശേരി അതിരൂപതാ ഭാരവാഹികൾ ആഘോഷപരിപാടികളിൽ മുഴുവൻ സമയവും പങ്കെടുക്കുകയും ചെയ്തു.

## 3. ഡി.എഫ്.സി. ഡ്രീംലൈൻ പ്രോജക്ട്

മെയ്മാസം 26 ന് ചങ്ങനാശേരി ചെത്തിപ്പുഴ സേക്രഡ്ഹാർട്ട് ഇടവകയിൽ ദീപിക ഡ്രീംലൈൻ പദ്ധതിപ്രകാരമുള്ള വർക്ക് നടന്നു. ഇതിന് മുന്നോടിയായി 19-ാം തീയതി മാദ്ധ്യമ ജാഗ്രതാ സെമിനാർ നടന്നു. DFC സംസ്ഥാന ജോയിന്റ് ഡയറക്ടർ ഫാ. ജിനോ പുന്നമറ്റത്തിൽ ക്ലാസിന് നേതൃത്വം നൽകി. വികാരി ഫാ. സെബാസ്റ്റ്യൻ അട്ടിച്ചിറ അദ്ധ്യക്ഷതവഹിച്ചു.

## 4. പെന്തക്കുസ്താ തിരുനാൾ എഴുത്തിനിരുത്തൽ (ജൂൺ 9)

ജൂൺ 9 പെന്തക്കുസ്താ തിരുനാളിൽ DFC യുടെ നേതൃത്വത്തിൽ എല്ലാ ഇടവകകളിലും കുട്ടികളുടെ എഴുത്തിനിരുത്ത് ആഘോഷമായി നടത്താൻ തീരുമാനിച്ചു.

## 5. ഇടവക കൺവൻഷനുകൾ, സന്ദർശനങ്ങൾ

ജൂൺ - ജൂലൈ മാസങ്ങളിൽ DFC യുടെ അതിരൂപത, ഫൊറോനാ ഭാരവാഹികളുടെ നേതൃത്വത്തിൽ ഇടവക സന്ദർശനങ്ങളും കൺവൻഷനുകളും നടത്തുന്നു. എല്ലാ വികാരിയച്ചന്മാരുടേയും ഇടവക ഭാരവാഹികളുടേയും പിന്തുണ അഭ്യർത്ഥിക്കുന്നു.

**സണ്ണി പുളിങ്കാലായിൽ**
*(പ്രസിഡന്റ്) Ph:9072725164*

**ആന്റണി തോമസ് മലയിൽ**
*(ജന:സെക്രട്ടറി) Ph:9446342561*

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
*(അതി.ഡയറക്ടർ) Ph:9447432531*

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക് ഫോൺ: 9400390539**
**ജോൺസൺ ജോസഫ് ഫോൺ: 9349599080**

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ചങ്ങനാശേരി അതിരൂപതയിൽ കേരള ലേബർ മൂവ്മെന്റിന്റെ ചരിത്രത്തിൽ അഭിമാനദിനമായാണ് മെയ് 1 നമ്മൾ കാഴ്ചവച്ചത്. ദൈവത്തിന് പ്രത്യേകം നന്ദി പറയാം നല്ല കാലാവസ്ഥ നല്കി അനുഗ്രഹിച്ചു. എല്ലാവരും ഒത്തിരി ത്യാഗം ഏറ്റെടുത്ത് എല്ലാം ഭംഗിയാക്കി തീർത്തു, ഏവർക്കും നന്ദി അർപ്പിക്കുന്നു. കൂടുതൽ കൂടുതൽ ശക്തി പ്രാപിച്ച് മുന്നേറുവാൻ ഐക്യത്തിൽ നീങ്ങുവാൻ നമുക്ക് പരിശ്രമിക്കാം. പരിശുദ്ധാത്മാവിനെ വർഷിക്കപ്പെട്ട പെന്തക്കോസ്ത ദിനത്തിനായി നമുക്ക് ഒത്തൊരുമയോടെ പ്രാർത്ഥിച്ചൊരുങ്ങാം.

**ഫാ. ജോസ് പുത്തൻചിറ**
ഡയറക്ടർ

## വാർഷിക ആഘോഷങ്ങൾ

വിവിധ യൂണിറ്റുകളിലും സംഘങ്ങളിലുമായി വാർഷിക ആഘോഷങ്ങൾ നടത്തപ്പെട്ടു. ഇരവുചിറ, മാടപ്പള്ളി, മാമ്മൂട്, ചാഞ്ഞോടി എന്നീ യൂണിറ്റുകളിൽ കുടുംബ സംഗമങ്ങളും കലാപരിപാടികളും നടത്തി.

## ആദരാഞ്ജലികൾ

ചങ്ങനാശേരി യൂണിറ്റിൽ സെന്റ് ജെയിംസ് സംഘത്തിൽ അംഗമായ കാക്കാശ്ശേരി മറിയാമ്മ ജോസഫ് (62) 21.05.2019 ൽ നിര്യാതയായി. കെ.എൽ എം കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും നേരുന്നു.

## മെയ് ദിന റാലിയും തൊഴിലാളി സംഗമവും

തൊഴിലാളി ദിനമായ മെയ് 1-ാം തിയതി നടത്തപ്പെട്ട മെയ്ദിന റാലി മാർ തോമസ് തറയിൽ ഫ്ളാഗ് ഓഫ് നിർവ്വഹിച്ചു. മൂവായിരത്തി മുന്നൂറോളം പേർ പങ്കെടുത്ത റാലിയിൽ പാറമ്പുഴ യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. കാവുകാട്ട് ഹാളിൽ നടത്തപ്പെട്ട തൊഴിലാളി സംഗമം അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു.

## അഭിനന്ദനങ്ങൾ ആശംസകൾ

ഈ വർഷത്തെ +2, 10-ാം ക്ലാസ്സ് പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും അവർക്ക് പരിശീലനം നല്കിയ ഗുരുക്കന്മാർക്കും പ്രത്യേകിച്ച് തൊഴിലാളി സംഘടനയിൽ അംഗങ്ങളായ മാതാപിതാക്കന്മാർക്കും അഭിനന്ദനങ്ങൾ.....പ്രാർത്ഥനകൾ......ആശംസകൾ.

## കോ-ഓർഡിനേറ്റേഴ്സ്, ലീഡേഴ്സിന്റെ സംഗമം

16.06.2019-ഞായർ 11 മണിക്ക് കോഡിനേറ്റേഴ്സിന്റെ സംഗമം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

## മരണാനന്തര സഹായനിധി

പൊടിപ്പാറ യൂണിറ്റിൽ ഹോളിഫാമിലി സംഘത്തിൽ നിര്യാതനായ കടുപ്പിൽ തോമസ് വറുഗീസിന്റെ കുടുംബത്തിന് 15.5.2019 -ലും, കരിമ്പനക്കുളം വേളാങ്കണ്ണിമാതാ സംഘാംഗം പരേതനായ റ്റി.എം. മത്തായി തുണ്ടത്തിലിന്റെ കുടുംബത്തിന് 16.5.19 ലും മരണാനന്തരസഹായ നിധി കൈമാറി.

## പ്രവാസി അപ്പോസ്തലേറ്റ്

ചങ്ങനാശ്ശേരി അതിരൂപത പ്രവാസി അപ്പസ്തോലേറ്റിന്റെ 2019 ലെ പ്രവാസികുടുംബസംഗമവും, 4-ാം വാർഷികവും ജൂലൈ മാസം 27-ാം തീയതി ശനിയാഴ്ച രാവിലെ 9:30 മുതൽ 2:30 വരെ സന്ദേശനിലയത്തിലെ മാർ ജയിംസ് കാളാശ്ശേരി ഓഡിറ്റോറിയത്തിൽ വെച്ചു നടത്തപ്പെടുന്നതാണ്. മുൻവർഷങ്ങളിലെപ്പോലെ ജീവിതത്തിന്റെ വിവിധ തുറകളിൽ മികവുതെളിയിച്ച പ്രവാസികളെയും, തിരിച്ചെത്തിയവരെയും, പ്രവാസികളുടെ മാതാപിതാക്കളെയും ഈ വർഷവും ആദരിക്കുന്നതാണ്. പ്രവാസി കീർത്തിപുരസ്ക്കാരം, പ്രവാസി സംരംഭക പുരസ്ക്കാരം, പ്രവാസി വിദ്യാഭ്യാസ പുരസ്ക്കാരം, പ്രവാസി കർഷക പുരസ്ക്കാരം, പ്രവാസി കാരുണ്യ പുരസ്ക്കാരം, പ്രവാസി സേവന പുരസ്ക്കാരം, പ്രവാസി മാധ്യമ പുരസ്ക്കാരം, കൂടാതെ 10, 12 ക്ലാസ്സുകളിൽ ഉന്നതവിജയം നേടിയ പ്രവാസി മക്കളെയും, വിവാഹത്തിന്റെ 25, 50 വാർഷികം ഈ വർഷം ആഘോഷിക്കുന്ന പ്രവാസികളെയും, പ്രവാസി മാതാപിതാക്കളെയും, നാലോ അതിലധികം മക്കളുള്ള പ്രവാസികളുടെ കുടുംബങ്ങളേയും ആദരിക്കുന്നതുമാണ്. ഓരോ ഇടവകയിലും പുരസ്ക്കാരത്തിനു പരിഗണിക്കുവാൻ സാധ്യതയുള്ളവരുടെ പേരുവിവരങ്ങളും, ബയോഡേറ്റായും, വികാരി അച്ചന്റെ ശുപാർശക്കത്തും ജൂലൈ മാസം 1-ാം തീയതിക്കു മുമ്പായി പ്രവാസി അപ്പസ്തോലേറ്റ് ഓഫീസിൽ നൽകേണ്ടതാണ്.

Ave Maria Holidays -ൽ നിന്നും വിശുദ്ധനാട് തീർത്ഥാടകർ 2019 ഏപ്രിൽ 28 ന് പുറപ്പെട്ട് മെയ് മാസം 7-ാം തീയതി തിരിച്ചെത്തി. ആത്മീയ ശുശ്രൂഷകൾ പെരിയ ബഹുമാനപ്പെട്ട തോമസ് പാടിയത്ത് അച്ചനും, ബഹു. ജോർജ്ജ് കൂവക്കാട്ട് അച്ചനും നിർവ്വഹിച്ചു. 2019 ലെ അടുത്ത വിശുദ്ധനാട് തീർത്ഥാടനം സെപ്റ്റംബർ 25, ഒക്ടോബർ 16, നവംബർ 6, ഡിസംബർ 3 എന്നീ തീയതികളിൽ ക്രമീകരിച്ചിട്ടുണ്ട്. ഇൻഡ്യയ്ക്കകത്തും വിദേശങ്ങളിലേക്കും Air Ticket എടുക്കാനുള്ള സൗകര്യവും ആവേ മരിയയിൽ ഒരുക്കിയിട്ടുണ്ട്.

മെയ് മാസം 20-ാം തീയതി തിരുവനന്തപുരം കുറ്റിച്ചലിൽ നടന്ന അതിരൂപതാദിനത്തിൽ ഡയറക്ടറച്ചനോടൊപ്പം പ്രവാസി അപ്പസ്തോലേറ്റിലെ അതിരൂപത പ്രവാസി പ്രതിനിധികളും പങ്കെടുത്തു.

മെയ് മാസം 26-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പ്രവാസി ഫൊറോന കൗൺസിൽ പ്രതിനിധികളുടെ മീറ്റിംഗ് സന്ദേശനിലയത്തിൽ വെച്ചുനടത്തപ്പെട്ടു. തദവസരത്തിൽ പ്രവാസി അപ്പസ്തോലേറ്റിന്റെ സഹരക്ഷാധികാരിയായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച പെരിയ ബഹു. ജോസഫ് മുണ്ടകത്തിലച്ചന് യാത്രയയപ്പും നൽകി.

**ഫാ. സണ്ണി പുത്തൻപുരയ്ക്കൽ**
ഡയറക്ടർ

# കെയർ ഹോംസ് ഫെല്ലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയർ

ചങ്ങനാശേരി അതിരൂപതാതിർത്തിയിൽ അതിരൂപതയുടെ നേരിട്ടും, സന്യസ്ത - അൽമായ കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്ന കെയർ ഹോമുകളുടെ അതിരൂപതാതല സംരംഭമായ കെയർ ഹോം ഫെല്ലോഷിപ്പി (CFCA) ന്റെയും മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേക സ്മാരകമായ മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും 2019 മേയ് മാസത്തെ പ്രവർത്തനങ്ങളുടെ സംയുക്ത റിപ്പോർട്ടും വരും മാസത്തിലെ പ്രധാന പരിപാടികളും.

## ആശാഭവനും ജിമ്മി പടനിലം സെന്ററും കൈകോർക്കുന്നു

മാനസിക ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തിത്താനം ആശാഭവന്റെയും ചീരഞ്ചിറയിലെ ജിമ്മി പടനിലം സെന്ററിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മുന്നോട്ടു കൊണ്ടുപോകുവാൻ ചങ്ങനാശേരി അതിരൂപത തീരുമാനിച്ചിരിക്കുന്നു. ഇതോടെ ഇരു സ്ഥാപനങ്ങളുടെയും കീഴിലുള്ളവർക്ക് കൂടുതൽ സാന്ത്വനപരിചരണങ്ങളും പഠനസൗകര്യങ്ങളും ലഭ്യമാകും. ജനനം മുതൽ മരണം വരെ മാനസിക വൈകല്യമുള്ള വ്യക്തികൾക്കായുള്ള Early Detection Centre, സമഗ്ര സ്കൂൾ വിദ്യാഭ്യാസം, ഹോസ്റ്റൽ സൗകര്യം, വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, പ്രൊഡക്ഷൻ സെന്റർ, കലാ-കായിക പരിശീലനം, മാനസിക ഭിന്നശേഷി കിടപ്പുരോഗികൾക്കായുള്ള പാലിയേറ്റീവ് കെയർ സർവീസ്, ബ്രെയിൻ ഡെവലപ്മെന്റ് സെന്റർ, കുടുംബങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള റെയിൻബോ ക്ലബ് തുടങ്ങി നിരവധി പദ്ധതികളാണ് അടുത്ത അഞ്ചുവർഷത്തിനുള്ളിൽ തുടക്കമിട്ട് പൂർണ്ണതോതിൽ നടപ്പിലാക്കാൻ അതിരൂപതയുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ ടീം തയ്യാറെടുക്കുന്നത്. 1972-ൽ മാർ ആന്റണി പടിയറയുടെ ആശീർവാദത്തോടെ മാർ ജോസഫ് പൗവത്തിലിന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ് ആശാഭവൻ സ്പെഷ്യൽ സ്കൂൾ. 2015 ൽ ഡോ. ജോർജ് പടനിലം ചീരഞ്ചിറയിൽ ദാനമായി നൽകിയ ഭവനവും സ്ഥലവും കേന്ദ്രമാക്കി ചാരിറ്റി വേൾഡ് ട്രസ്റ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ് ജിമ്മി പടനിലം സെന്റർ ഫോർ സ്പെഷ്യൽ നീഡ്സ്.

## ആശാ ഭവൻ സ്പെഷ്യൽ സ്കൂൾ

1972 മുതൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ഹോസ്റ്റൽ സൗകര്യമുൾപ്പെടെ സൗജന്യമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ആശാഭവൻ. 110ൽ പരം മാനസിക ഭിന്നശേഷിയുള്ള കുട്ടികൾ അനുദിന വിദ്യാഭ്യാസവും 50ൽ പരം കുട്ടികൾ ഹോസ്റ്റൽ സൗകര്യവും ഉപയോഗപ്പെടുത്തുന്നു. സി.എം.സി. കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് സ്ഥാപനത്തിന്റെ അനുദിന നടത്തിപ്പിന് നേതൃത്വം നൽകിവരുന്നു. 30ൽപരം പരിശീലനം സിദ്ധിച്ച അദ്ധ്യാപകരും അനദ്ധ്യാപകരും സന്നദ്ധപ്രവർത്തകരും ദൈനംദിന പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. ഭിന്നശേഷി വിദ്യാഭ്യാസ മേഖലയിൽ അത്യാധുനിക സംവിധാനങ്ങളുമായി പൂർണ്ണമായും നവീകരിച്ച ക്രമീകരണമാണ് ഈ വർഷം മുതൽ നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഗ്രേഡിങ്ങിൽ ബി ഗ്രേഡ് കരസ്ഥമാക്കിയ കോട്ടയം ജില്ലയിലെ ചുരുക്കം സ്ഥാപനങ്ങളിൽ ഒന്നാണ് ആശാഭവൻ.

ഈ വർഷം ജൂൺ 3-ാം തീയതി നടക്കുന്ന പ്രവേശനോത്സവത്തിനു മുന്നോടിയായി പൂർണ്ണമായ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുന്നു. 18 വയസിൽ താഴെയുള്ള 100 കുട്ടികൾക്കുള്ള പഠനസൗകര്യവും 60 കുട്ടികൾക്കുള്ള ഹോസ്റ്റൽ സൗകര്യങ്ങളുമാണ് ഈ വർഷം മുതൽ ആശാഭവനിൽ ക്രമീകരിക്കപ്പെടുക.

## ജിമ്മി പടനിലം സെന്റർ ഫോർ സ്പെഷ്യൽ നീഡ്സ്

മകൻ ജിമ്മി പടനിലത്തിന്റെ പേരിൽ ഒന്നര ഏക്കർ സ്ഥലവും ബഹുനിലമന്ദിരവും ഉൾപ്പെടെ ഡോ. ജോർജ് പടനിലവും കുടുംബവും ദാനമായി നൽകിയ സ്ഥലത്ത് ചാരിറ്റി വേൾഡ് ട്രസ്റ്റ് ഫാ. സെബാസ്റ്റ്യൻ പുന്നശേരി, ഫാ. ജോസ് നിലവന്തറ, ഡോ. ജോർജ് പടനിലം തുടങ്ങിയവരുടെ നേതൃത്വത്തിൽ 2015 ൽ തുടക്കം കുറിച്ചതാണ് ജിമ്മി പടനിലം സെന്റർ ഫോർ സ്പെഷ്യൽ നീഡ്സ് (JPCSN). 18 വയസ്സിന് മുകളിലുള്ള ഭിന്നശേഷിക്കാർക്കായി വിവിധതരം തൊഴിൽപരിശീലനങ്ങൾ, കലാകായികപരിശീലനം, കൃഷിത്തോട്ടം, പാർക്ക് തുടങ്ങി വിവിധ പദ്ധതികൾ ഇവിടെ നടപ്പിലാക്കിവരുന്നു. മാർ ജോസഫ് പെരുന്തോട്ടം രക്ഷാധികാരിയും റവ. ഫാ. ജോസഫ് മുണ്ടകത്തിൽ പ്രസിഡന്റുമായുള്ള ചാരിറ്റി വേൾഡ് ട്രസ്റ്റാണ് ഈ പ്രവർത്തനങ്ങളുടെ പിന്നിലുള്ളത്. പത്തോളം പരിശീലനപരിപാടികളിലായി 18 വയസ് കഴിഞ്ഞ നൂറോളംവ്യക്തികൾക്ക് തൊഴിൽപരിശീലനവും അവരുടെ കുടുംബങ്ങളുടെ വരുമാനത്തിന് സഹായകമാവുന്ന പ്രൊഡക്ഷൻ സെന്ററും 2019 ജൂൺ മുതൽ പൂർണ്ണ പ്രവർത്തനസജ്ജമാവും. കുട്ടികൾക്കുള്ള കലാകായിക പരിശീലനങ്ങൾ, പാർക്ക്, സഹായകേന്ദ്രം, മാതാപിതാക്കൾക്കായുള്ള കൗൺസിലിംഗ് സെന്റർ, ബ്രെയിൻ ഡെവലപ്മെന്റ് സെന്റർ, റെയിൻബോ ക്ലബ്, പാലിയേറ്റീവ് പരിചരണം തുടങ്ങി വിവിധ ക്രമീകരണങ്ങളും ജൂൺ മാസത്തിൽ തുടക്കം കുറിക്കും.

## ബധിര- മൂക സംഗമം ജൂൺ 2ന്

ചങ്ങനാശേരി അതിരൂപതയിൽപ്പെട്ട ബധിര-മൂക സഹോദരങ്ങളുടെ സംഗമം 2019 ജൂൺ 2 ഞായറാഴ്ച രാവിലെ 10 മുതൽ 2 മണി വരെ അതിരൂപതാ കേന്ദ്രത്തിൽ നടക്കും. ആർച്ച്ബിഷപ്സ് ഹൗസ് ചാപ്പലിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടക്കുന്ന പരിശുദ്ധ കുർബാനയ്ക്ക് റവ. ഫാ. ബിജു മൂലക്കര സി.എസ്.സി. (ഡയറക്ടർ, നവധ്വനി ഹോളിക്രോസ് ഡഫ് മിനിസ്ട്രി) സഹകാർമ്മികനായിരിക്കും. അഭിവന്ദ്യ മാർ തോമസ് തറയിൽ സന്ദേശം നല്കും. തുടർന്ന് കുടുംബംസംഗമവും സ്നേഹവിരുന്നും നടക്കും. അതിരൂപതയിൽ ഇദംപ്രഥമമായി നടക്കുന്ന ബധിര-മൂക സംഗമത്തിന് വിപുലമായ ഒരുക്കങ്ങൾ നടന്നു വരുന്നു. അതിരൂപതയിലെ കെയർ ഹോമുകളുടെ കൂട്ടായ്മയായ കെയർ ഹോം ഫെല്ലോഷിപ്പിന്റെ നേതൃത്വത്തിലാണ് സംഗമം സംഘടിപ്പിക്കുന്നത്. കെയർ ഹോം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുന്നശേരി, അതിരൂപതാ പ്രൊക്യുറേറ്റർ ഫാ. ഫിലിപ്പ് തയ്യിൽ, ഫാ. ചെറിയാൻ കക്കുഴി, തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നല്കും. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും വിളിക്കുക- 9656200059, 9495701856.

## സാന്ത്വന പരിചരണം - അതിരൂപതാ ശില്പശാല സംഘടിപ്പിച്ചു

മാർ കാവുകാട്ട് പാലിയേറ്റീവ് & ഫാമിലി ഹെൽത്ത് കെയറിന്റെ ആഭിമുഖ്യത്തിൽ ഇടവകതല പാലിയേറ്റീവ് കെയർ യൂണീറ്റുകളുടെയും യൂണിറ്റ് തുടങ്ങാൻ

ആഗ്രഹിക്കുന്ന ഇടവകകളുടെ പ്രതിനിധികളും അതിരൂപതാ റിസോഴ്സ് ടീമും ഒരുമിച്ചു വരുന്ന അതിരൂപതാ സാന്ത്വന പരിചരണ ശില്പശാല 2019 മെയ് 25 ശനിയാഴ്ച രാവിലെ 10 മുതൽ 2 വരെ സന്ദേശനിലയത്തിൽ നടന്നു. ഫാ. സെബാസ്റ്റ്യൻ പുന്നശേരി, സി. വിജയ പുതുശേരിൽ എം.എം.എസ്, സണ്ണി ഇടിമണ്ണിയ്ക്കൽ തുടങ്ങിയവർ നേതൃത്വം നല്കി.

## അദ്ധ്യാപകരുടെയും സന്നദ്ധപ്രവർത്തകരുടെയും ഏകദിന ശില്പശാല

ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെയും, സന്നദ്ധ പ്രവർത്തകരുടെയും ഏകദിന ശില്പശാലയും പരിശീലനവും 2019 ജൂൺ 1-ാം തീയതി ചീരംചിറ ജിമ്മി പടനിലം സെന്ററിൽ നടക്കും. തിരുഹൃദയ നിവാസ് സ്പെഷ്യൽ സ്കൂൾ, ജീവോദയ സ്പെഷ്യൽ സ്കൂൾ, ആശാഭവൻ, ജിമ്മി പടനിലം സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെ സംയുക്താഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**
ഡയറക്ടർ

## ആരാധനാക്രമ വിജ്ഞാനീയത്തിൽ ഡിപ്ലോമ കോഴ്സ്

ആർച്ച്ബിഷപ്പ് പൗവത്തിൽ ലിറ്റർജിക്കൽ റിസേർച്ച് സെന്ററിൽ ആരാധനാക്രമപഠനത്തിൽ ഏകവത്സര ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നു. 2019 ജൂൺ 9 നു ആരംഭിക്കുന്ന കോഴ്സ് ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞു 3:00 മുതൽ 6:00 വരെയാണ് ക്രമീകരിച്ചിരിക്കുന്നത്. പരി. കുർബാന, യാമപ്രാർഥനകൾ, ആരാധന വത്സരം, കൂദാശകൾ, ലിറ്റർജിക്കൽ ആർട്ട്, സംഗീതം, ലിറ്റർജിയും ബൈബിളും, ലിറ്റർജിയും ഭക്തകൃത്യങ്ങളും, ലിറ്റർജിക്കൽ അദ്ധ്യാത്മികത തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരായ അധ്യാപകർ ക്ലാസുകൾ നയിക്കും. ഈ കോഴ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ റിസേർച് സെന്ററിലോ, മാർ തോമവിദ്യാനികേതനിലോ പേര് രജിസ്റ്റർ ചെയ്യുക.

**ഫാ. ജോസ് കൊച്ചുപറമ്പിൽ**
ഡയറക്ടർ

*Contact Nos:*

Joseph Karuvally - 9447145760

Prof. Joseph Titto - 9495234907

## മദ്യമയക്കുമരുന്ന് ആസക്തിക്ക് സൗജന്യനിരക്കിൽ ഹോമിയോ ചികിത്സാ സംവിധാനം

സ്നേഹ ബഹു. അച്ചാ/സിസ്റ്റർ/സഹോദരരെ

നമ്മുടെ സമൂഹം ലഹരി വസ്തുക്കൾക്ക് അടിമകൾ ആകുന്ന രീതി വർദ്ധിച്ച് വരികയാണല്ലോ, ഈ അവസരത്തിൽ ലഹരി വസ്തുക്കൾക്ക് എതിരായ ബോധ വത്ക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. കൂട്ടായശ്രമത്തിലൂടെ നമുക്ക് ലഹരിക്കെതിരെ പ്രവർത്തിക്കാൻ കഴിയണം.

ആത്മതാകേന്ദ്രം കഴിഞ്ഞ 10 വർഷത്തിൽ അധികമായി വളരെ മാതൃകാ പരവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ ഹോമിയോ ചികിത്സ ലഹരിക്കെതി രായി നടത്തിവരുന്ന കാര്യം അറിവുള്ളതാണല്ലോ. അച്ചൻ/സിസറ്റർ പ്രത്യേക ശ്രദ്ധയെടുത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ വച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ചികിത്സയിൽ നിന്ന് ഫലം എടുക്കാൻ ആളുകൾക്ക് ബോധനം നല്കി സഹായിക്കണമെ. മദ്യമയക്കുമരുന്ന് ആസക്തിക്കും മറ്റ് ഇതര രോഗങ്ങൾക്കും ടി കേന്ദ്രങ്ങളിൽ സൗജന്യനിരക്കിലാണ് മരുന്ന് ലഭിക്കു ന്നത് എന്നവിവരവും, പാർശ്വഫലങ്ങൾ ഇല്ലാ എന്നകാര്യവും, ഇടവക ജനത്തെ ബോധിപ്പിച്ച് ചികിത്സയിലൂടെ ഫലം എടുക്കാൻ വേണ്ടതു ചെയ്യണമെ.

### ഹോമിയോപ്പതിക്ക് ചികിത്സ വിശദ വിവരങ്ങൾ

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. രാജു തോമസ് |
| ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറി | എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS |
| നെടുംകുന്നം ആതുരാശ്രമം ഹോമിയോ ക്ലിനിക്ക് | എല്ലാ വ്യാഴാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെൻ്റർ | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. എസ്സ്. ജി. ബിജു.<br>ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| അതിരമ്പുഴ സെൻ്റ് മേരീസ് ഫൊറോനാപ്പള്ളി | എല്ലാ വ്യാഴാഴ്ചയും 10:30 മുതൽ 12:30 വരെ | ഡോ. ജോസഫൈൻ |

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി 16-ാം വാർഷികവും പഠനോപകരണ വിതര ണവും നടത്തി

ചങ്ങനാശ്ശേരി അതിരൂപതാ ആരോഗ്യസേവന വിഭാഗമായ ആത്മതാകേ

ന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷക ആഹാരത്തിനുമായി ചങ്ങനാശേരിയിലും ചുറ്റുപാടുകളിലുമുള്ളവരുടെ സാമ്പത്തിക സഹായത്താൽ നടന്നു വരുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ 16-ാം വാർഷിക സമ്മേളനവും പഠനോപകരണ വിതരണവും 2019 മെയ് 25-ാം തീയതി ശനിയാഴ്ച രാവിലെ 11.30 ന് ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ച് അതിരൂപതാ വികാരി ജനറാളും ആത്മതാകേന്ദ്രം പ്രസിഡന്റും ആയ വെരി.റവ.ഫാ. ജോസഫ് മുണ്ടകത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം ഉത്ഘാടനം നിർവ്വഹിച്ചു. പഠനോപകരണ വിതരണം ശ്രീ. റൂബൽ ജേക്കബ് ചാണ്ടി ജെ.സി.ഐ പ്രസിഡന്റ് ചങ്ങനാശ്ശേരി, ശ്രീ. ജോസ് കുളങ്ങര വൈസ്മെൻസ് ക്ലബ്ബ് ചങ്ങനാശ്ശേരി എന്നിവർ ചേർന്ന് നിർവ്വഹിച്ചു. സാമ്പത്തിക സഹായ വിതരണം റവ.ഫാ. റ്റോം പുത്തൻകളം നിർവ്വഹിച്ചു. ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. ജോസ് പുത്തൻചിറ ആമുഖ സന്ദേശവും നല്കി. ചങ്ങനാശേരി മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എം.ഡി. ഡോ. എസ്.ജി. ബിജു, ശ്രീ ജോബ് എ.റ്റി. അറുപറ, വെരി റവ.ഫാ. ഫിലിപ്പ് തയ്യിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. തിരഞ്ഞെടുക്കപ്പെട്ട 265 കുട്ടികൾക്ക് പഠനോപകരണങ്ങൾ നല്കി. ശ്രീമതി ട്രീസാ മാത്യു റിപ്പോർട്ടും ശ്രീ. റ്റി.എം. മാത്യു തച്ചിലേട്ട് സ്വാഗതവും ജിൻസി രാജൻ നന്ദിയും അർപ്പിച്ചു.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലുടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ ഫാ. ജോസ് പുത്തൻചിറയുടെ നേതൃത്വത്തിൽ എല്ലാ മാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടത്തുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസ്പിറ്റൽ എം.ഡി. ഡോ. എസ്.ജി. ബിജു എന്നിവർ സൗജന്യമായി ഹോമിയോ മരുന്ന്നല്കി വരുന്നു. അടുത്ത ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം 2019 ജൂൺ 20 മുതൽ ജൂൺ 23 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

**ഫാ. ജോസ് പുത്തൻചിറ**
ഡയറക്ടർ

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : 0481 2411819 / 9497325685

## INFOCUS മീറ്റിംഗ്

Infocus പദ്ധതിയുടെ പ്രചാരണാർത്ഥം യൂണിറ്റുകളിൽ മീറ്റിംഗ് സംഘടിപ്പിച്ചു. മേയ് 5, 12 തീയതികളിലായി DCMS ഭാരവാഹികളും Infocus ടീം അംഗങ്ങളും ചേർന്നു രണ്ടുപേർ വീതം യൂണിറ്റുകൾ സന്ദർശിക്കുകയും 6–ാം ക്ലാസ് മുതൽ 10–ാം ക്ലാസ് വരെയുള്ള കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി സംഘടിപ്പിച്ച മീറ്റിംഗിൽ പദ്ധതിയുടെ പ്രവർത്തനങ്ങളെക്കുറിച്ചു വിശദീകരണം നൽകി. 35 യൂണിറ്റുകളിൽ ഇപ്രകാരം മീറ്റിംഗുകൾ നടന്നു.

അതിരൂപതയിലെ ദലിത് കത്തോലിക്കരുടെ ഇടയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്കു സമൂലമായ പരിഹാരം ലക്ഷ്യമിട്ട് DCMS അതിരൂപതാ കമ്മറ്റി രൂപകൽപ്പന ചെയ്തു നടപ്പിലാക്കുന്ന പഞ്ചവത്സര വിദ്യാഭ്യാസ ശാക്തീകരണ പദ്ധതി (ഇൻഫോക്കസ്) Integrated Formation Curricula അഭിവന്ദ്യ പിതാവ് മാർ ജോസഫ് പെരുന്തോട്ടം രക്ഷാധികാരിയായും രൂപതയിലെ വിവിധ തലങ്ങളിലുള്ള പ്രൊഫഷണലുകളും ഉദ്യോഗസ്ഥരും വിദ്യാഭ്യാസ വിചക്ഷകരുമായവരുടെയും നേതൃത്വത്തിലുള്ള വിപുലമായ ഉപദേശക സമിതിയാണ് രൂപീകരിച്ചിരിക്കുന്നത്. DCMS കമ്മറ്റിയുടെ മേൽനോട്ടത്തിലുള്ള പ്രത്യേക പരിശീലനം നേടിയ ഇൻഫോക്കസ് ടീം ആയിരിക്കും (യുവജനസംഘടന DCYL) പ്രോജക്ടിന് നേതൃത്വം നൽകുന്നത്. അതിരൂപതയിലെ മനുഷ്യ വിഭവ വികസന പദ്ധതിയായ CAHRD, OSAP തുടങ്ങിയ സംരംഭങ്ങളും കേരളസംസ്ഥാനത്തെ വിവിധ സർക്കാർ ഇതര സംഘടനകളും (NGO) ഇൻഫോക്കസ് എന്ന ഈ ബൃഹത്ത് പദ്ധതിക്കു പിൻതുണ നൽകുന്നു.

## വിദ്യാർത്ഥി ക്യാമ്പ്

അതിരൂപതയിലെ DCMS ന്റെ 6–ാം ക്ലാസ് മുതൽ 10–ാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് 2019 മേയ് 17, 18, 19 തീയതികളിലായി അതിരൂപതാ പാസ്റ്ററൽ സെന്ററിൽ നടന്നു. ഇൻഫോക്കസ് പദ്ധതിയുടെ ആദ്യ പരിശീലന പരിപാടിയായിരുന്നു. ഇൻഫോക്കസ് ടീം അംഗങ്ങളും DCYL സംഘടനയിലെ അംഗങ്ങളുമാണ് ക്ലാസുകൾ നയിച്ചത്. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ക്യാമ്പും Infocus പദ്ധതിയും ഉദ്ഘാടനം ചെയ്തു. 106 അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. 19–ാം തീയതി 3:00 p.m. ന് ക്യാമ്പ് സമാപിച്ചു.

## സംയുക്ത കൗൺസിലും യാത്രയയപ്പ് സമ്മേളനവും

DCMS ന്റെയും പോഷകഘടകങ്ങളുടെയും സംയുക്ത കൗൺസിൽ യോഗവും DCMS ഡയറക്ടർ ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരിക്ക് യാത്രയയപ്പും പാസ്റ്ററൽ സെന്ററിൽ നടന്നു. സംഘടനയെ കഴിഞ്ഞ 2 വർഷക്കാലമായി നയിച്ച അച്ചന് സംഘടനയുടെ മെമന്റോ നൽകി ആദരിച്ചു. യോഗത്തിൽ സിജോ ജേക്കബ്, ഷൈജു ജോസഫ്, മിനി റോയി എന്നിവർ ആശംസകൾ നേർന്നു. അച്ചൻ മറുപടി പ്രസംഗത്തിൽ, തുടർന്നും എല്ലാവിധ സഹകരണങ്ങളും ഉണ്ടാകുമെന്നും അറിയിച്ചു. പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി മാത്യു ജോസഫ് സ്വാഗതവും ജെസ്സി ജോൺ കൃതജ്ഞതയും പറഞ്ഞു.

**മാത്യു ജോസഫ്**
(ജ. സെക്രട്ടറി)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ)

# റവ. ഫാ. ആന്റണി മാന്നല മെമ്മോറിയൽ
## അഞ്ചാമത് അഖില കേരള
# ബൈബിൾ ക്വിസ് മത്സരം

എളിമയുടെയും ലാളിത്യത്തിന്റെയും പര്യായമായിരുന്ന, ഏവർക്കും പ്രിയങ്കരനായി ജീവിച്ച്, സ്വർഗ്ഗീയ സൗഭാഗ്യത്തിലേക്ക് കടന്നുപോയ പുണ്യാത്മാവ് **ബഹു. ആന്റണി മാന്നലയച്ചന്റെ** ശാശ്വതസ്മരണയ്ക്കായി അരുവിക്കുഴി ഇടവക എല്ലാവർഷവും നടത്തിവരുന്ന ബൈബിൾ ക്വിസ് മത്സരം 2019 ജൂലൈ 13-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് അരുവിക്കുഴി ലൂർദ്ദ് മാതാ മതബോധന കേന്ദ്രത്തിൽ വെച്ച് നടത്തപ്പെടുന്നു.

**മത്സരവിഷയങ്ങൾ**

1. നിയമാ. 12 മുതൽ 16 വരെ അദ്ധ്യായങ്ങൾ
2. പ്രഭാ. 11 മുതൽ 15 വരെ അദ്ധ്യായങ്ങൾ
3. മത്താ. 19 മുതൽ 23 വരെ അദ്ധ്യായങ്ങൾ
4. വെളി. 17 മുതൽ 21 വരെ അദ്ധ്യായങ്ങൾ
   (അവലംബം പി.ഒ.സി. ബൈബിൾ) } **70%**
5. യു ക്യാറ്റ് (YOUCAT) – അദ്ധ്യായം ഒന്ന് (പേജ് 31 മുതൽ 51 വരെ) – **20%**
6. സഭാപരമായ പൊതു ചോദ്യങ്ങളും മാന്നലയച്ചനെക്കുറിച്ചുള്ള ചോദ്യങ്ങളും – **10%**

**നിബന്ധനകൾ**

1. ഒരു സൺഡേസ്കൂളിൽനിന്നും 2019-20 വർഷം 5 മുതൽ 12 വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും 2 പേർ വീതമുള്ള 2 ടീമുകൾക്ക് പങ്കെടുക്കാം.
2. 2019 ജൂലൈ 6ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യണം.
3. രജിസ്ട്രേഷൻ ഫീസ് ടീം ഒന്നിന് 100 രൂപ
4. മത്സരത്തിനുമുമ്പ് ഡയറക്ടറുടെ / ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം ഹാജരാക്കണം.
5. മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും യാത്രപ്പടി നൽകുന്നതാണ്.

**സമ്മാനങ്ങൾ**

| | | | |
|---|---|---|---|
| 1-ാം സമ്മാനം | – | 5000/- രൂപയും എവർ റോളിംഗ് ട്രോഫിയും | |
| 2-ാം സമ്മാനം | – | 4000/- | " |
| 3-ാം സമ്മാനം | – | 3000/- | " |
| 4-ാം സമ്മാനം | – | 2000/- | " |
| 5-ാം സമ്മാനം | – | 1000/- | " |
| 6-ാം സമ്മാനം | – | 900/- | " |
| 7-ാം സമ്മാനം | – | 800/ | " |

കൂടാതെ 8 മുതൽ 10 വരെ സ്ഥാനം ലഭിക്കുന്നവർക്ക് യഥാക്രമം 700 രൂപ, 600 രൂപ, 500 രൂപ എന്നിങ്ങനെ ക്യാഷ് അവാർഡും നൽകുന്നു. പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹനസമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും ലഭിക്കുന്നതാണ്.

**രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും ബന്ധപ്പെടുക**

റവ. ഫാ. ആന്റണി കാട്ടൂപ്പാറ – 9447039829
ജോസ് മുണ്ടിയാനിക്കൽ – 9447418157
ജോർജ് ഫിലിപ്പ് കിഴക്കയിൽ – 9495446603

ചങ്ങനാശ്ശേരി അതിരൂപത ലീജിയൻ ഓഫ് മേരി കമ്മീസിയത്തിന്റെ 792 മതും കൂരിയായുടെ 1032 മതും പ്രാർത്ഥനായോഗം 12.05.2019 രാവിലെ 10 ന് പാറേൽ പുരയ്ക്കൽ ഹാളിൽ പ്രസിഡന്റ് ബ്രദ. തോമസ് ഫിലിപ്പ് പാലാത്തറ യുടെ അദ്ധ്യക്ഷതയിൽ വാർഷിക ധ്യാനത്തോടനുബന്ധിച്ച് നടത്തപ്പെടുകയു ണ്ടായി. ഏകദേശം 160 പേർ സന്നിഹിതരായിരുന്നു.

പ്രാരംഭപ്രാർത്ഥന, ജപമാല എന്നിവയ്ക്കുശേഷം പ്രസിഡന്റ് വന്നിരുന്ന എല്ലാ സൈനികരേയും മുഖ്യപ്രഭാഷണം നടത്താൻ വന്ന ബഹുമാനപ്പെട്ട സബ് ഡീക്കൻ ടോണി നമ്പിശ്ശേരിക്കളത്തിനേയും സ്വാഗതം ചെയ്ത് സംസാരിച്ചു.

തുടർന്ന് ബഹുമാനപ്പെട്ട സബ്ഡീക്കൻ നമ്പിശ്ശേരിക്കളം തന്റെ പ്രഭാഷണം ആരംഭിച്ചു. ജപമാല എങ്ങനെ കയ്യിൽ പിടിച്ച് ജപമാലപ്രാർത്ഥന ചൊല്ലണം എന്ന് വിശദമായി പറഞ്ഞുതന്നു. സൈനികർ ജപമാലഭക്തർ ആണെങ്കിലും ജപമാലയെക്കുറിച്ചുള്ള അറിയാൻ പറ്റാതിരുന്ന പല കാര്യങ്ങളും ബൈബിൾ അടിസ്ഥാനത്തിലും സീറോമലബാർ റീത്തിന്റെ അടിസ്ഥാനത്തിലും പറഞ്ഞു മനസ്സിലാക്കിത്തന്നു. പരിശുദ്ധ അമ്മയോടു ചേർന്നുനിന്ന് മനുഷ്യാവതാര രഹസ്യം അതായത് രക്ഷാകരരഹസ്യം ധ്യാനിച്ചാണ് നമ്മൾ ജപമാല പ്രാർത്ഥന ചൊല്ലേണ്ടത്. ജപമാലമുത്തുകളുടെ സ്ഥാനവും അതിന്റെ അർത്ഥവും ക്രൂശിതരൂപത്തിന്റെ പ്രാധാന്യവും ഒക്കെ ബഹുമാനപ്പെട്ട ഡീക്കൻ പറഞ്ഞു മനസ്സിലാക്കിതന്നു. ഏകദേശം 1 pm നോടു കൂടി പ്രഭാഷണം അവസാനിപ്പിച്ച സബ്ഡീക്കന് സെക്രട്ടറി ജെമിനി സുരേഷ് കണ്ണമ്പള്ളി നന്ദി പറഞ്ഞു സംസാ രിക്കുകയും വിശുദ്ധനായ വൈദികനായിത്തീരട്ടെ എന്ന് മാതാവിന്റെ നാമത്തിൽ ആശംസിക്കുകയും ചെയ്തു.

പിന്നീട് സൈനിക ജപമാലശൃംഖലയും അസാനജപവും ചൊല്ലി ധ്യാനം അവസാനിപ്പിച്ച ശേഷം ഇടവേളയും ലഘുഭക്ഷണവും കഴിഞ്ഞ് ഭാരവാഹിക ളുടെ മീറ്റിംഗ് ആരംഭിച്ചു. ഖജാൻജിയുടെ അഭാവത്തിൽ മുൻ ഖജാൻജി ബ്രദ. ജോസ്കുട്ടി കരങ്കണാമറ്റം കഴിഞ്ഞ മാസത്തെ വരവുചിലവു കണക്കുകൾ അവതരിപ്പിച്ചു. സെക്രട്ടറി ജെമിനി സുരേഷ് കണ്ണമ്പള്ളി കഴിഞ്ഞ മാസത്തെ പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കുകളും യോഗം പാസ്സാക്കി പ്രസിഡന്റ് അതിൽ ഒപ്പുവെയ്ക്കുകയും ചെയ്തു.

തുടർന്നുവന്ന ചർച്ചകളിൽ ഞായറാഴ്ച ദിവസം രാവിലെ ധ്യാനം നടത്തി യാൽ വരുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചെല്ലാം ചർച്ചചെയ്തതിന്റെ അടിസ്ഥാന ത്തിൽ ലീജിയന്റെ ധ്യാനങ്ങളും മറ്റും ഞായറാഴ്ച ദിവസമാണെങ്കിൽ ഉച്ചക ഴിഞ്ഞ് നടത്തിയാൽ മതിയെന്ന് യോഗം തീരുമാനിച്ചു. ദൈവദാസൻ ഫ്രാങ്ക് ഡഫിന്റെ നാമകരണജപവും ചൊല്ലി ഏകദേശം 3 pm ന് സൈനികർ പരസ്പരം സ്തുതിയും കൊടുത്ത് സ്വഭവനങ്ങളിലേയ്ക്കുപോയി.

കമ്മീസിയത്തിനുവേണ്ടി,

**ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മീക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ. കണ്ണമ്പള്ളി**
(സെക്രട്ടറി)

*(Secular Franciscan Order - SFO)*
**''സമാധാനം – സൗഭാഗ്യം''**

പ്രിയ സഹോദരരേ,

പുതിയ ഒരു അദ്ധ്യയനവർഷംകൂടി കടന്നുവന്നിരിക്കുകയാണല്ലോ. നമ്മുടെ മക്കളുടെ പഠനാവശ്യങ്ങൾക്കുള്ള കരുതലുകൾ നടത്തുന്നതോടൊപ്പം നമ്മുടെ ഇടവകകളിലും ചുറ്റുപാടുകളിലുമുള്ള നിർദ്ധനരായ വിദ്യാർത്ഥികളുടെ പഠനകാര്യങ്ങളിലും അവർക്കുവേണ്ട വിദ്യാഭ്യാസ സഹായത്തോടൊപ്പം പ്രോത്സാഹനങ്ങളും സാമ്പത്തിക സഹായങ്ങളും ചെയ്യുന്നതിനുള്ള കർമ്മപരിപാടികൾ ആലോചിച്ച് ഓരോ ഭ്രാതൃത്വവും സജീവമായി പ്രവർത്തിക്കുവാനും അതോടൊപ്പം പരിസ്ഥിതിയുടെ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസിയെ പ്രത്യേകമായി സ്മരിക്കേണ്ട ദിവസംകൂടിയാണ് ജൂൺമാസം 5-ാം തീയതി.

പ്രകൃതിയും പ്രകൃതിയിലെ സകല ജീവജാലങ്ങളും ദൈവത്തിന്റെ മനോഹര സൃഷ്ടികളാണ്. ഈ പ്രകൃതിയിൽ സമാധാനത്തോടും സന്തോഷത്തോടുംകൂടി ജീവിക്കേണ്ടവരാണ് സൃഷ്ടികളുടെ മകുടമായ മനുഷ്യർ. ഇവിടെ പക്ഷികളും കാടുംമേടും പുൽത്തോപ്പുകളും മലർവാടികളും കാട്ടരുവികളും കാട്ടാറുകളും എല്ലാം ശുചിത്വമുള്ള അന്തരീക്ഷത്തിൽ നിർവിഘ്നം അവയുടെ സൃഷ്ടാവിന്റെ ഇച്ഛയനുസരിച്ച് ജീവിക്കുവാൻ അനുവദിക്കേണ്ടത് മനുഷ്യനാണ്. പ്രകൃതിയോടൊത്ത് ദൈവത്തിന്റെ ഇഷ്ടവും പദ്ധതിയും അനുസരിച്ച് സകല സൃഷ്ടിജാലങ്ങളോടുംകൂടി ദൈവത്തെ സ്തുതിച്ചാരാധിക്കുവാനും പ്രകൃതിയോടു ചേർന്ന് വിശ്വസാഹോദര്യത്തിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ എന്നുമുള്ള യാഥാർത്ഥ്യമാണ് വി. ഫ്രാൻസിസ് അസീസി ഈ ദിവസങ്ങളിൽ നമ്മെ ഓർമ്മപ്പെടുത്തുന്നത്. ഈ മാസങ്ങളിൽ പരിസ്ഥിതി പ്രവർത്തനങ്ങൾ ഭ്രാതൃത്വതലത്തിൽ സംഘടിപ്പിക്കുകയും പരിസ്ഥിതിപ്രവർത്തനങ്ങളുടെ പ്രചാരകരാവുകയും ചെയ്യുക.

## SFO റീജണൽ സെമിനാറുകൾ

SFO ചങ്ങനാശേരി അതിരൂപതയുടെ കീഴിലുള്ള 4 റീജണുകളിലെയും റീജണൽ സെമിനാറുകൾ നടത്തുവാനുള്ള തീയതികൾ കഴിഞ്ഞ അതിരൂപതാ കമ്മറ്റി മീറ്റിംഗിൽ തീരുമാനിച്ചിരുന്നല്ലോ. അതിൻപ്രകാരമുള്ള തീയതികൾ ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ്. എടത്വാ റീജൺ മെയ് 31, കുട്ടനാട് റീജൺ ജൂൺ 7, വാഴപ്പള്ളി റീജൺ ജൂൺ 21, കുറുമ്പനാടം റീജൺ ജൂലൈ 5 എന്നിങ്ങനെയാണ്. റീജണൽ സെമിനാറുകൾ അർദ്ധദിനമായി നടത്തുവാൻ ശ്രദ്ധിക്കുക. ഏതു പള്ളിയിൽ നടത്തുന്നു എന്നും, അതാതു റീജണുകളിലുള്ള ഭ്രാതൃത്വങ്ങളെ റീജണൽ പ്രസിഡന്റുമാർ അറിയിക്കുകയും ഓരോ ഭ്രാതൃത്വങ്ങളിലുമുള്ള

അംഗങ്ങളുടെ സഭാവസ്ത്രസ്വീകരണം, വ്രതവാഗ്ദാനം എന്നിങ്ങനെയുള്ള കാര്യങ്ങൾക്കായി റീജണൽ ഭാരവാഹികളുടെ മീറ്റിംഗ് വിളിച്ച് ലിസ്റ്റ് തയ്യാറാക്കി SFO കേന്ദ്ര ഓഫീസിൽ അറിയിക്കണമെന്ന് അറിയിക്കുന്നു. റീജണൽ തലത്തിലുള്ള തെരഞ്ഞെടുപ്പുകൾ ഈ പരിപാടികൾക്കുശേഷം തീയതി നിശ്ചയിച്ച് അറിയിക്കുന്നതായിരിക്കും. നല്ല നേതൃത്വനിരകൾ ഉണ്ടാകുന്നതിനായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുക.

## നിര്യാതരായി

SFO നാലുകോടി സെന്റ് തോമസ് ഭ്രാതൃത്വത്തിലെ സീനിയർ അംഗങ്ങളായ പ്ലാംന്തോപ്പിൽ മറിയാമ്മ ചാക്കോ (93), കരിമ്പിൽ ത്രേസ്യാമ്മ തോമസ് (82) എന്നിവർ നിര്യാതരായി. SFO നേതൃത്വാംഗങ്ങൾ പരേതരുടെ ഭവനത്തിലെത്തി അനുശോചനം അറിയിക്കുകയും ഒപ്പീസ് പ്രാർത്ഥന നടത്തുകയും ശവസംസ്ക്കാരകർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണേ!

ശ്ലീഹന്മാരിൽ ഇറങ്ങിവസിച്ച പരിശുദ്ധാത്മാവിന്റെ പന്തക്കുസ്താനുഭവവും പരിസ്ഥിതി മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസീസിയുടെ വിശ്വസാഹോദര്യവും സമൃദ്ധിയായി ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹപൂർവ്വം,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

ജൂൺമാസം തിരുഹൃദയവണക്കമാസമായി പൗരാണികർ ആചരിച്ചുപോന്നിരുന്നു. അതിനുതെല്ലും മാറ്റംവരുത്താതെ ഉപവി പ്രവർത്തനത്തിലൂടെ ക്രിസ്തീയ ജീവിതത്തിനു മഹനീയത വെളിപ്പെടുത്തുന്ന സംഘടനയാണ് നമ്മുടേത്. ചങ്ങനാശേരിയെ സംബന്ധിച്ചിടത്തോളം നമ്മുടെ എല്ലാ ഇടവകകളിലും ഈ സംഘടന വളരെ സജീവമായി പ്രവർത്തിച്ചുപോരുന്നു. ആ അഭിമാനത്തിന്റെ നിമിഷം നിങ്ങളോരോരുത്തരോടും കൂടി ഞാനും പങ്കുവയ്ക്കുകയാണ്. സ്നേഹത്തിന്റെ പ്രമാണവുമായി ലോകത്തിലേയ്ക്കു കടന്നുവന്ന യേശുനാഥന്റെ പഠനങ്ങളുടെ ആഴവും അർത്ഥവും മനസിലാക്കി പരോപകാരപ്രവർത്തനങ്ങളിൽ പുതിയ ചുവടുകൾ വച്ച ഒരു വ്യക്തിയാണ് വി. വിൻസെന്റ് ഡി പോൾ. ക്രിസ്തുവിനെ സേവിക്കുക എന്ന തത്വം വിശുദ്ധൻ തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കി.

നാം അഗാധത്തിൽ ചിന്തിച്ചാൽ വി. വിൻസെന്റ് ഡി പോളിന്റെ ശക്തി മുഴുവൻ ഉപവി പ്രവർത്തനങ്ങളായി നിർവ്വഹിച്ചത് ക്രിസ്തുവിൽ കേന്ദ്രീകൃതമായ ജീവിതത്തിൽ നിന്നാണ്. തന്റെ ജീവിതത്തിൽ ജനനം മുതൽ അനുഭവിച്ച ബുദ്ധിമുട്ടുകളെ എല്ലാം തന്നിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഉണ്ടെന്നുള്ള ഉറപ്പിൽ വൈഷമ്യം കൂടാതെ തരണംചെയ്യുവാൻ സാധിച്ചിരുന്നു. പാവങ്ങളുടെ ഒരു തുള്ളി കണ്ണുനീരെങ്കിലും തുടച്ചുമാറ്റുന്നതിന് തന്റെ ജീവിതംവഴിയും പ്രവൃത്തി വഴിയും സാധിച്ചുവെന്നുള്ള ആത്മാഭിമാനത്തിലാണ് ഓരോ ദിവസവും പ്രാർത്ഥനയിലൂടെ അദ്ദേഹം കടത്തിവിട്ടിരുന്നത്. 'തത്വശാസ്ത്രങ്ങളോ, പ്രസംഗങ്ങളോ ആത്മാക്കളിൽ പ്രവർത്തിച്ചെന്നു വരികയില്ല. ഈശോ നമ്മിൽ പ്രവർത്തിക്കുന്നതിന് നാം നമ്മിൽതന്നെ ശൂന്യരായിത്തീരണം. അപ്പോൾ നാം ഈശോയെ ധരിക്കുവാൻ കഴിവുള്ളവരായിത്തീരുന്നു' (വി. വിൻസെന്റ് ഡി പോൾ). ഭൗതീക മേഖലയിലെ ജീവിതത്തിന്റെ എല്ലാ മേഖലകളേയും വിശ്വാസത്തിന് അനുസൃതമായി രൂപാന്തരപ്പെടുത്തി ക്രിസ്തുവിനു സാക്ഷ്യമേകാൻ അത്മായർക്കുള്ള അവസരങ്ങളെപ്പറ്റി രണ്ടാംവത്തിക്കാൻ കൗൺസിൽ നടത്തിയ ആഹ്വാനങ്ങളെ ഈ അവസരത്തിൽ ഏറെ സ്മരണീയമാക്കേണ്ടതാണ്. മുതിർന്നവരും യുവാക്കളും ആത്മാർത്ഥതയോടെ ഉപവിപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ പരിശ്രമിക്കണം.

വിൻസെൻഷ്യൻ പ്രവർത്തനം കാലഘട്ടത്തിലെ ജനങ്ങളുടെ വേദനകളുടെ ഉറവിടം തേടുവാനും കണ്ണീരിന്റെ കാരണം അന്വേഷിക്കുവാനും, അവയ്ക്കു പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുവാനും കഴിയത്തക്കവിധമായിരിക്കണം. വിമർശനങ്ങൾ ഒരുപക്ഷേ ഈ അവസരങ്ങളിൽ ഉണ്ടായേക്കാം. അതിനെ തരണം ചെയ്യുന്നതിന് കാലഘട്ടത്തിന്റെ അടിയൊഴുക്കുകൾക്ക് തകർക്കാനാ

കാത്ത ആത്മീയതയുടെ ശിലാശക്തമായ ഒരു അടിത്തറ നമ്മിൽ രൂപപ്പെടണം. തനിക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കുമ്പോൾ ഭൗതീകകാര്യങ്ങൾ മാത്രമല്ല നാം ശ്രദ്ധിക്കേണ്ടത്. നമ്മിലുള്ള ഈശോയേയും നാം പങ്കുവയ്ക്കണം. നമ്മുടെ സ്വഭാവം, മനോഭാവം ഇവയിലൂടെ നമ്മിലുള്ള ഈശോയെ മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കണം.

കാരുണ്യത്തിന്റെ, സാഹോദര്യത്തിന്റെ സന്ദേശം ലോകമെങ്ങും പരത്തിയ വിൻസെന്റ് ഡി പോൾ സൊസൈറ്റി, ഫ്രഡറിക് ഓസാനാം എന്ന കേവലം 19 വയസുകാരനായ യുവാവും അനുയായികളും പ്രസംഗമല്ല പ്രവൃത്തിയാണ് കരുണയുടെ മുഖം എന്നു പ്രവർത്തിച്ചു തെളിയിച്ചവരാണ്. ലോകമെമ്പാടുമുള്ള പ്രവർത്തകർ ഓഡിറ്റിനു വിധേയമാക്കിയ കണക്കുകൾ പ്രകാശിപ്പിച്ച് പ്രവർത്തിക്കുന്ന സംഘടനയാണെന്നുള്ള അഭിമാനത്തോടെ മുന്നേറിക്കൊണ്ടിരിക്കുന്നു.

നമ്മുടെ ഈ വർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുകൾ എ.സി. വഴി ഓരോ കോൺഫ്രൻസുകളും നല്കിയിരിക്കുകയാണല്ലോ. പോരായ്മകളെക്കുറിച്ചുള്ള അവലോകനം നടത്തുവാൻ സാധിച്ചിട്ടില്ല. തീർച്ചയായും ഓരോ കോൺഫ്രൻസുകളും അവരെക്കുറിച്ചുള്ള ഒരു ധാരണ വാർഷിക റിപ്പോർട്ടിലൂടെ ഉറപ്പുവരുത്തിയിട്ടുണ്ടായിരിക്കുമല്ലോ. വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതുവഴി, മേന്മയും പോരായ്മകളും സ്വയമേ മനസ്സിലാക്കുന്നതിനുള്ള ഒരവസരംകൂടി നമുക്കു ലഭിക്കുകയാണല്ലോ. റിപ്പോർട്ടുകളുടെ സമാഹരണം പൂർണ്ണമാകുന്നതിനുമുമ്പുള്ള കത്താണിത്. തന്മൂലം നാം അവശ്യം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വാർഷിക കണക്കുകളുടെയും റിപ്പോർട്ടുകളുടെയും വെളിച്ചത്തിൽ അടുത്തലക്കത്തിൽ ഉൾക്കൊള്ളിക്കുന്നതായിരിക്കും. ഇതിനുവേണ്ടി തങ്ങളുടെ സമയത്തിന്റെ ഒരോഹരി സന്തോഷപൂർവ്വം കാഴ്ചവെച്ച ഓരോ വിൻസെൻഷ്യൻ ഭാരവാഹികളോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. ഇവയെല്ലാം നമ്മുടെ പ്രവർത്തനത്തിന്റെ ഭാഗമാണെന്നു പൂർണ്ണമായും നാം മനസ്സിലാക്കുമ്പോൾ നമുക്കുണ്ടാകുന്ന ആ ചാരിതാർത്ഥ്യം അവർണ്ണനീയം തന്നെയായിരിക്കുമല്ലോ. അതുവഴി ദൈവത്തിന്റെ മുമ്പിൽ നമ്മുടെ സ്വീകാര്യതവർദ്ധിക്കുകയാണ്. കാരണം നമ്മുടെ പ്രവർത്തനങ്ങൾ പ്രതിഫലേച്ഛകൂടാതെയുള്ളതാണല്ലോ. കാരുണ്യവാനായ ദൈവം നമ്മുടെ ത്യാഗപ്രവർത്തികൾക്കും സന്മനസ്സിനും ധാരാളമായി പ്രതിഫലം തരട്ടെയെന്നു ആശംസിക്കുന്നു.

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

## 1. പ്രവേശനോത്സവം ജൂൺ 3ന്

ചങ്ങനാശേരി അതിരൂപത നേരിട്ടു നടത്തുന്ന ഭിന്നശേഷിക്കാർക്കുള്ള സ്ഥാപനങ്ങളായ ആശാഭവനിലും, ജിമ്മി പടനിലം സെന്ററിലും ജൂൺ 3-ന് തിങ്കളാഴ്ച രാവിലെ 10 മണിയ്ക്ക് 2019-20 ലേയ്ക്കുള്ള പ്രവേശനോത്സവം നടക്കും. 4 വയസ്സു മുതൽ 18 വയസ്സു വരെയുള്ളവർ ആശാഭവനിൽ പഠനം നടത്തുമ്പോൾ 18 വയസ്സിന് മുകളിലുള്ള ഭിന്നശേഷിക്കാർ ജിമ്മി പടനിലം സെന്ററിൽ തൊഴിലധിഷ്ഠിത പരിശീലനം സിദ്ധിക്കും. രണ്ടു സ്ഥാപനങ്ങളിലും അതിരൂപതയുടെ ഉത്തരവാദിത്വത്തിൽപ്പെട്ട സമിതികൾ എല്ലാവിധത്തിലുമുള്ള നൂതനസംവിധാനങ്ങൾ ഒരുക്കിയിരിക്കും.

## 2. മുട്ടാർ പഞ്ചായത്തിൽ സോഷ്യൽ മാപ്പിംഗ്

ചാരിറ്റി വേൾഡ്, കൺസേൺ ഇന്ത്യയുടെ സഹായത്തോടെ മുട്ടാർ പഞ്ചായത്തിൽ ആരംഭിച്ചിരിക്കുന്ന 'ആരോഗ്യഗ്രാമം' എന്ന സംരംഭത്തിന്റെ വിജയത്തിനായിട്ടുള്ള സോഷ്യൽ മാപ്പിംഗ് മെയ് 15 മുതൽ 30 വരെ നടത്തി. പ്രസ്തുത സർവ്വേയിലൂടെ ഒരു ഗ്രാമത്തിന്റെ പ്രവർത്തനങ്ങളെ പൂർണ്ണമായി മനസ്സിലാക്കുവാൻ സഹായിച്ചു. അവയ്ക്കുള്ള പരിഹാരമാണ് തുടർന്ന് നടത്തപ്പെടുക. മുട്ടാറിന്റെ 13 വാർഡുകളിലും ശ്രദ്ധ പതിപ്പിക്കുവാനാണ് പദ്ധതി തയ്യാറിക്കിയിരിക്കുന്നത്.

## 3. വോളണ്ടിയേഴസ് ട്രെയിനിംഗ് ജൂൺ 9-ന്

മുട്ടാർ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ആരോഗ്യഗ്രാമത്തിന്റെ നടത്തിപ്പിന്റെ ഭാഗമായി മുട്ടാറിലെ 200 വോളണ്ടിയേഴ്സിന് പരിശീലനം കൊടുക്കുന്നു. സോഷ്യൽ മാപ്പിംഗിന്റെ കണ്ടെത്തലുകളാണ് പരിശീലനത്തിൽ അവതരിപ്പിക്കുന്നതും കൂട്ടായ ചർച്ചയിലുടെ പരിഹാരമാർഗ്ഗങ്ങൾ തേടുന്നതും. മുട്ടാർ സെന്റ് ജോർജ്ജ് ഓഡിയറ്റോറിയത്തിലാണ് പരിശീലനം നടക്കുക.

## 4. പരിസ്ഥിതി ദിനാചരണം ജൂൺ 5-ന്

ആഗോളപരിസ്ഥിതി ദിനമായ ജൂൺ 5-ന് ചാരിറ്റി വേൾഡും ചങ്ങനാശേരി ബുള്ളറ്റ് ക്ലബ്ബും ചേർന്ന് മുട്ടാർ ഗ്രാമ പഞ്ചായത്തിൽ പരിസ്ഥിതി ദിനം ആചരിക്കുന്നു. ആരോഗ്യമുള്ള ഗ്രാമത്തിനായി പ്രകൃതി വഹിക്കുന്ന പങ്ക് മനസ്സിലാക്കിക്കൊണ്ട് വൃക്ഷത്തൈകൾ പൊതുസ്ഥലങ്ങളിൽ നടുവാനും ബുള്ളറ്റ് റാലിയിലൂടെ പരിസ്ഥിതി ബോധവത്ക്കരണം നടത്തുവാനും പദ്ധതിയിട്ടിരിക്കുന്നു.

## 5. ഭിന്നശേഷിക്കാർക്ക് പാലിയേറ്റീവ് കെയർ

കുടുംബങ്ങളിൽ കഴിയുന്നവരും, പരസഹായത്തോടെ മാത്രം കാര്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കുന്നവരുമായ ഭിന്നശേഷിക്കാരായവർക്ക് പാലിയേറ്റീവ്

കെയർ കൊടുക്കുന്നു. ജിമ്മി പടനിലം സെന്ററിന്റെ ആഭിമുഖ്യത്തിൽ ജൂൺ 6-ന് രാവിലെ 10 മണിക്ക് ചങ്ങനാശേരി D.Y.S.P പാലിയേറ്റീവ് കെയർ സംരംഭം ഫ്ളാഗ് ഓഫ് ചെയ്യും. ഭിന്നശേഷിക്കാർക്കുവേണ്ടി മാത്രമുള്ള പാലിയേറ്റീവ് കെയർ കേരളത്തിലെ തന്നെ ഒരു നൂതന സംരംഭമാണ്.

## 6. പട്ടിണിരഹിത ചങ്ങനാശേരി താലൂക്ക്

പട്ടിണിരഹിത ചങ്ങനാശേരി താലൂക്കിന്റെ ഭാഗമായിട്ടുള്ള മാസത്തിൽ ഒരിക്കൽ നടത്തുന്ന കിറ്റ് വിതരണം മെയ് 13-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെട്ടു. തുരുത്തി ആലഞ്ചേരി ഫൗണ്ടേഷന്റെ സഹായത്തോടെ നടത്തപ്പെടുന്ന പ്രസ്തുത പദ്ധതിയിൽ താലൂക്കിലെ പട്ടിണിയിൽ കഴിയുന്ന 100 കുടുംബങ്ങൾക്കാണ് കിറ്റുകൾ കൊടുക്കുന്നത്.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**
എക്സിക്യൂട്ടീവ് ഡയറക്ടർ

## പഞ്ചവത്സര അജപാലന പദ്ധതി – ദ്വിതീയവർഷം

## സമ്പൂർണ്ണ ബൈബിൾ പാരായണ മാർഗ്ഗരേഖ (തുടർച്ച)




*"വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണ്ണത പ്രാപിച്ചിരിക്കുന്നു" (1 യോഹ. 2:5).*

| ജൂൺ | | ജൂലൈ | |
|---|---|---|---|
| 1 സങ്കീ. 120-132 | 16. സഭാപ്ര 5-8 | 1. പ്രഭാ 27-30 | 16. ഏശ 36-41 |
| 2. സങ്കീ. 133-139 | 17. സഭാപ്ര 9-18 | 2. പ്രഭാ. 31-33 | 17. ഏശ 42-44 |
| 3. സങ്കീ. 140-145 | 18. ഉത്തമ 1-8 | 3. പ്രഭാ. 34-36 | 18. ഏശ 45-48 |
| 4. സങ്കീ. 146-150 | 19. ജ്ഞാനം 1-4 | 4. പ്രഭാ. 37-40 | 19. ഏശ. 49-52 |
| 5. സുഭാ. 1-3 | 20. ജ്ഞാനം 5-9 | 5. പ്രഭാ. 41-44 | 20. ഏശ 53-56 |
| 6. സുഭാ 4-6 | 21. ജ്ഞാനം 10-13 | 6. പ്രഭാ. 45-48 | 21. ഏശ 57-60 |
| 7. സുഭാ 7-9 | 22. ജ്ഞാനം 14-16 | 7. പ്രഭാ. 49-51 | 22. ഏശ 61-64 |
| 8. സുഭാ 10-12 | 23 ജ്ഞാനം 17-19 | 8. ഏശ. 1-4 | 23. ഏശ 65-66 |
| 9. സുഭാ 13-15 | 24. പ്രഭാ. 1-4 | 9. ഏശ. 5-8 | 24. ജെറെ. 1-5 |
| 10. സുഭാ 16-18 | 25. പ്രഭാ. 5-7 | 10. ഏശ. 9-12 | 25. ജെറെ. 6-9 |
| 11. സുഭാ 19-21 | 26. പ്രഭാ. 8-11 | 11. ഏശ. 13-17 | 26. ജെറെ. 10-13 |
| 12. സുഭാ 22-24 | 27. പ്രഭാ 12-14 | 12. ഏശ 18-22 | 27. ജെറെ. 14-17 |
| 13. സുഭാ 25-27 | 28. പ്രഭാ. 15-18 | 13. ഏശ 23-27 | 28. ജെറെ. 18-21 |
| 14. സുഭാ 28-31 | 29. പ്രഭാ. 19-22 | 14. ഏശ 28-30 | 29. ജെറെ 22-25 |
| 15. സഭാപ്ര. 1-4 | 30. പ്രഭാ 23-26 | 15. ഏശ 31-35 | 30. ജെറെ 26-29 |
| | | | 31. ജെറെ 30-33 |

**ബൈബിൾ അപ്പോസ്തലേറ്റ് ചങ്ങനാശേരി അതിരൂപത**

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



142

# പുരോഹിതനും വചനശുശ്രൂഷയും

(തിരുവചനഭാഗം: ശ്ലീഹ 17,1–34)

ഏഷ്യയിൽ വചനം പ്രസംഗിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കപ്പെട്ട പൗലോസ്, സീലാസും തിമോത്തിയോസുമൊന്നിച്ച് യൂറോപ്പിനെ ലക്ഷ്യമാക്കി പ്രേഷിതയാത്ര തുടരുകയാണ്. ഈ യാത്രയിൽ തെസലോനിക്കാ, ബെറോയാ, എന്നീ യഹൂദസാന്നിദ്ധ്യമുണ്ടായിരുന്ന സ്ഥലങ്ങൾ പിന്നിട്ട് ആഥൻസിൽ വരുന്നതും അവിടെയെല്ലാം സുവിശേഷപ്രഘോഷണം നടത്തുന്നതുമാണ് ഈ അദ്ധ്യായത്തിലെ പ്രതിപാദ്യവിഷയം

**ഈ വചനഭാഗത്തെ അഞ്ചായി തിരിക്കാം:**

1. **തെസലോനിക്കായിൽ (17,1–9)**
2. **ബെറോയായിൽ (17,10–15)**
3. **ആഥൻസിൽ (17,16–21)**
4. **അരെയോപ്പാഗസിലെ പ്രസംഗം (17,22–31)**
5. **ആഥൻസ് വിടുന്നു (17,32–34)**

പുരോഹിതന്റെ ശുശ്രൂഷയിൽ ഒന്നാം സ്ഥാനം വചനശുശ്രൂഷയ്ക്കാണ്. ആ ശുശ്രൂഷ നിർവഹിക്കുന്നതിൽ ശ്രദ്ധിക്കേണ്ട ചില പ്രത്യേക വശങ്ങളാണ് ഈ വചനഭാഗം അവതരിപ്പിക്കുന്നത്.

## 1. വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ വചനശുശ്രൂഷ

*''പൗലോസ് പതിവനുസരിച്ച് അവിടെച്ചെന്നു മൂന്നു സാബത്തുകളിൽ, വിശുദ്ധഗ്രന്ഥത്തെ ആധാരമാക്കി അവരോടു സംവാദത്തിലേർപ്പെട്ടു. മിശിഹാ പീഡനം സഹിക്കുകയും മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുക ആവശ്യമായിരുന്നുവെന്ന് അവൻ വിശദീകരിക്കുകയും തെളിയിക്കുകയും ചെയ്തു. അവൻ പറഞ്ഞു: ഞാൻ നിങ്ങളുടെ മുമ്പിൽ പ്രഘോഷിക്കുന്ന ഈ ഈശോ തന്നെയാണ് മിശിഹാ''* (17,2–3).

മാസിഡോണിയായിലെ റോമൻ ഗവർണ്ണറുടെ താമസസ്ഥലമായ തെസലോനിക്കായിലാണ് പൗലോസും സീലാസും തിമോത്തിയും അവരുടെ സുവിശേഷപ്രഘോഷണം നിർവഹിച്ചത്. അവിടെ യഹൂദരുണ്ടായിരുന്നതുകൊണ്ട് സിനഗോഗുമുണ്ടായിരുന്നു. അതുകൊണ്ടായിരിക്കാം അവിടെ സുവിശേഷപ്രഘോഷണം

നടത്താൻ അവർ തീരുമാനിച്ചത്. അതേസമയം 'ജാസൻ' എന്നൊരാളുടെ വീട്ടിലാണ് അവർ താമസമാക്കിയത്. പക്ഷേ, അവർക്കാർക്കും ഭാരമാകാത്തവിധം ജോലി ചെയ്താണ് അവർ സ്വന്തം ഉപജീവനമാർഗ്ഗം തേടിയത് (1 തെസ 2,9). സുവിശേഷപ്രഘോഷർക്ക് ഒരു മാതൃകയാകാൻവേണ്ടിക്കൂടിയാണ് അപ്രകാരം ചെയ്തതെന്ന് പിന്നീട് സൂചിപ്പിക്കുന്നുണ്ട് (2 തെസ 3,7-8). വിശുദ്ധ ഗ്രന്ഥത്തെ ആധാരമാക്കി സിനഗോഗിലുള്ളവരോട് സംവാദത്തിലേർപ്പെട്ടുവെന്നാണ് അവിടുത്തെ സുവിശേഷപ്രഘോഷണത്തെ വിവരിക്കുന്നത്. പഴയനിയമത്തിൽ ദൈവജനം പ്രതീക്ഷിച്ചിരുന്ന മിശിഹാതന്നെയാണ് ഈശോ എന്നു തെളിയിക്കാനാണ് പൗലോസ് ശ്രമിച്ചത്. ഉത്ഥാനത്തിലൂടെ ഈശോ കർത്താവായെന്നും പഠിപ്പിച്ചുകാണും. ഈശോ എന്ന മറ്റൊരു രാജാവിന്റെ പേരു പറഞ്ഞ് സീസറിന്റെ കല്പന ലംഘിക്കുന്നുവെന്നും അവർ കുറ്റാരോപണം നടത്തുന്നുണ്ട് (17,7).

വിശുദ്ധ ഗ്രന്ഥത്തെ ആധാരമാക്കി സംവാദപരമായ ഒരു ശൈലിയാണ് പൗലോസ് തെസലോനിക്കായിൽ സുവിശേഷപ്രഘോഷണത്തിനു സ്വീകരിച്ചത്. ഇതു വളരെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. സഭയുടെ വിശ്വാസത്തിന്റെ ഉറവിടങ്ങളെ ആധാരമാക്കി വിശ്വാസം പഠിപ്പിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും ഇതു വ്യക്തമാക്കുന്നുണ്ട്. ഇന്നത്തെ സുവിശേഷപ്രഘോഷണങ്ങളുടെ ശൈലിയിലുള്ള ഒരു അപാകതയിലേക്ക് ഇതു വിരൽ ചൂണ്ടുന്നുണ്ട്. അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കും മുൻതൂക്കം നല്കി മനുഷ്യരെ ആകർഷിക്കുന്ന സുവിശേഷപ്രഘോഷണശൈലിയാണ് ഇന്നു പരക്കെ സ്വീകരിച്ചുകാണുന്നത്. സഭയുടെ വിശ്വാസപ്രബോധനം വേണ്ടവിധത്തിൽ നടക്കാതെ പോകുന്നതുകൊണ്ട്, സഭാജീവിതത്തിൽ അതിന്റേതായ കുറവുകൾ കാണപ്പെടുന്നു. ആരംഭം മുതൽ 'ശ്ലൈഹികപ്രബോധന'ത്തിൽ സദാ താല്പര്യപൂർവ്വം പങ്കുചേരുന്ന ഒരു സമൂഹമാണ് സഭ (ശ്ലീഹ 2,42). വിശ്വാസികളുടെ സമൂഹമായ സഭയിൽ, വിശ്വാസത്തിൽ നിലനില്ക്കുന്നതിന് അത് ആവശ്യമാണുതാനും. അതുകൊണ്ട് വിശ്വാസത്തിന്റെ ഉറവിടങ്ങളായ വിശുദ്ധ ലിഖിതങ്ങളിലും വിശുദ്ധ പാരമ്പര്യങ്ങളിലും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിലും അധിഷ്ഠിതമായി, പ്രബോധനപരമായ വചനശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതർ ശ്രദ്ധിക്കണം.

## 2. വചനസ്വീകരണത്തിന് ഒരുക്കുന്ന വചനശുശ്രൂഷ

*''ഈ സ്ഥലത്തെ യഹൂദർ തെസലോനിക്കായിലുള്ളവരെക്കാൾ മാന്യന്മാരായിരുന്നു. ഇവർ അതീവ താല്പര്യത്തോടെ വചനം സ്വീകരിച്ചു. അവർ പറഞ്ഞതു സത്യമാണോയെന്ന് അറിയുവാൻ വിശുദ്ധഗ്രന്ഥങ്ങൾ അനുദിനം പരിശോധിക്കുകയും ചെയ്തിരുന്നു. അവരിൽ പലരും വിശ്വാസം സ്വീകരിച്ചു; കൂടാതെ ഗ്രീക്കുകാരിൽ ബഹുമാന്യരായ പല സ്ത്രീകളും പുരുഷന്മാരും''* (17,11-12).

അസൂയാലുക്കളായ ചില യഹൂദന്മാരുടെ പ്രേരണയ്ക്കു വിധേയരായി നഗരാധിപന്മാരും ജനക്കൂട്ടവും പൗലോസിനെതിരായി തീർന്നതിന്റെ ഫലമായി അവർക്ക് തെസലോനിക്കാ വിട്ട് ബെറോയായിലേക്കു പോകേണ്ടി വന്നു. അവിടെ എത്തിയതിനുശേഷം പൗലോസും സീലാസും യഹൂദരുടെ സിനഗോഗു കേന്ദ്രീകരിച്ച് വീണ്ടും സുവിശേഷപ്രഘോഷണത്തിലേർപ്പെട്ടു. ഈ സ്ഥലത്തുള്ള യഹൂദർ തെസലോനിക്കായിലുള്ളവരെക്കാൾ മാന്യന്മാരായിരുന്നതുകൊണ്ട്, അവർ അതീവ താല്പര്യത്തോടെ വചനം സ്വീകരിച്ചു. മാത്രമല്ല, പൗലോസും സീലാസും മറ്റും പറഞ്ഞത് സത്യമാണോയെന്ന് അറിയുവാൻ അവർ വിശുദ്ധ

ഗ്രന്ഥങ്ങൾ അനുദിനം പരിശോധിക്കുകയും ചെയ്തിരുന്നു (17,11). വിശുദ്ധഗ്രന്ഥാധിഷ്ഠിതമായിട്ടാണ് പൗലോസും കൂട്ടരും പ്രസംഗിച്ചിരുന്നതെന്ന് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ (17,2). അവരുടെ സുവിശേഷപ്രഘോഷണത്തോട് സജീവമായി സഹകരിച്ചുകൊണ്ട് അവിടുത്തെ യഹൂദർ വചനം പഠിക്കുകയും വചനം സ്വീകരിക്കുകയും ചെയ്തു. അതിന്റെ ഫലമായി അവരിൽ പലരും വിശ്വാസം സ്വീകരിക്കുകയും ചെയ്തു (17,11).

'വചനസ്വീകരണം' ക്രിസ്തീയജീവിതത്തിലും സഭാജീവിതത്തിലും വളരെ പ്രാധാന്യമുള്ള ഒരു വസ്തുതയാണ്. ആദിമക്രൈസ്തവസമൂഹം വചനം സ്വീകരിച്ചവരുടെ സമൂഹമായിരുന്നു. പത്രോസും മറ്റു പതിനൊന്നു പേരും ചേർന്ന്, പന്തക്കുസ്താനുഭവത്തെത്തുടർന്ന് നടത്തിയ സുവിശേഷപ്രഘോഷണത്തിന്റെ ഫലമായിട്ടാണല്ലോ ആദിമക്രൈസ്തവസമൂഹം രൂപം കൊണ്ടത്. അതെപ്പറ്റി നടപടിഗ്രന്ഥം ഇപ്രകാരമാണു പറയുന്നത്: ''അവന്റെ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു'' (ശ്ലീഹ 2,41). 'വചനം ശ്രവിച്ചവർ' എന്നല്ല, 'വചനം സ്വീകരിച്ചവർ' എന്നാണ് അവിടെ എടുത്തുപറയുന്നത്. (പി. ഒ. സി. ബൈബിളിലെ 'വചനം ശ്രവിച്ചവർ' എന്ന വിവർത്തനം ഗ്രീക്കു മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കിനോട് വിശ്വസ്തത പുലർത്തുന്നതല്ല). വചനം ശ്രവിച്ചാൽമാത്രം പോരാ. ജീവിതത്തിന്റെ മാനദണ്ഡമായി വചനം സ്വീകരിക്കുമ്പോഴാണ് യഥാർത്ഥത്തിൽ വചനസ്വീകരണം നടക്കുന്നതും അതിന്റെ ഫലമായി വിശ്വാസസ്വീകരണമുണ്ടാകുന്നതും. ഇന്നു പലപ്പോഴും 'വചനശ്രവണം' മാത്രമേ നടക്കുന്നുള്ളൂ. വചനസ്വീകരണം നടക്കണമെങ്കിൽ ഹൃദയം നിർമ്മലമായിരിക്കണമെന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നുണ്ട്. നമ്മുടെ കുർബാനയിലെ സുവിശേഷത്തിനു മുമ്പുള്ള തുർഗാമാ (വ്യാഖ്യാനഗീതം) നമ്മെ അനുസ്മരിപ്പിക്കുന്നുമുണ്ട്. അതുകൊണ്ട് 'വചനസ്വീകരണം' നടക്കുവാൻ തക്കവിധം ജനങ്ങളെ ഒരുക്കി വചനശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതൻ ശ്രമിക്കണം.

## 3. വചനവിത്ത് വചനത്താൽ പൂർണമാക്കുന്ന വചനശുശ്രൂഷ

*''പൗലോസ് അവരെയും പ്രതീക്ഷിച്ച് ആഥൻസിൽ താമസിക്കവേ, നഗരം മുഴുവൻ വിഗ്രഹങ്ങൾക്കൊണ്ടു നിറഞ്ഞിരിക്കുന്നതു കണ്ട് അവന്റെ മനസ്സിൽ വലിയ ക്ഷോഭമുണ്ടായി. അതിനാൽ, സിനഗോഗിൽവച്ച് യഹൂദന്മാരുമായും മറ്റു ഭക്തജനങ്ങളുമായും, പൊതുസ്ഥലത്തുവച്ച് എല്ലാ ദിവസവും അവിടെ കൂടിയിരിക്കുന്നവരുമായും അവൻ വാദപ്രതിവാദം നടത്തി''* (17,16-17).

ബെറോയായിൽ ഫലപ്രദമായി സുവിശേഷപ്രഘോഷണം നടത്തിക്കൊണ്ടിരുന്നപ്പോൾ തെസലോനിക്കാക്കാരായ യഹൂദർ അവിടെയെത്തി ജനങ്ങളെ പ്രകോപിപ്പിക്കുകയും ഇളക്കിവിടുകയും ചെയ്തു (17,13). അതുകൊണ്ട് പൗലോസിന്റെ കൂടെയുണ്ടായിരുന്നവർ അദ്ദേഹത്തെ ആഥൻസിൽ കൊണ്ടുചെന്നാക്കി (17,15). പൗലോസിന്റെ ആഥൻസിലെ സുവിശേഷപ്രഘോഷണമാണ് 17-ാം അദ്ധ്യായം 16 മുതൽ 31 വരെയുള്ള വാക്യങ്ങൾ അവതരിപ്പിക്കുന്നത്. മിശിഹായുടെ സുവിശേഷം വിജാതീയ ലോകവുമായി ആദ്യമായി കണ്ടുമുട്ടുന്ന സന്ദർഭമാണ് ആഥൻസിലെ അരെയോപ്പഗസിലെ പൗലോസിന്റെ പ്രസംഗം. നഗരം മുഴുവൻ വിഗ്രഹങ്ങൾക്കൊണ്ടു നിറഞ്ഞിരിക്കുന്നതു കണ്ട് പൗലോസിന്റെ മനസ്സിൽ വലിയ ക്ഷോഭമുണ്ടായി (17,16). വിഗ്രഹാരാധനയ്ക്കു പുറമെ എപ്പിക്കൂ

രിയൻ, സ്റ്റോയിക്ക് തുടങ്ങിയ തത്ത്വശാസ്ത്ര ചിന്തകരും ധാരാളമുണ്ടായിരുന്ന ഒരന്തരീക്ഷമാണ് ആഥൻസിലുണ്ടായിരുന്നത്. ഈ പശ്ചാത്തലത്തിൽ പൗലോസ് ഈശോയെക്കുറിച്ചും പുനരുത്ഥാനത്തെക്കുറിച്ചും പ്രസംഗിച്ചുവെന്നും (17,18), പൊതുസ്ഥലത്തുവച്ച് അവിടെ കൂടിയിരുന്നവരുമായി എല്ലാ ദിവസവും വാദപ്രതിവാദം നടത്തിയെന്നു(17,17)മാണ് നടപടിഗ്രന്ഥം പ്രതിപാദിക്കുന്നത്.

സുവിശേഷം എല്ലാ സാഹചര്യങ്ങളിലും പ്രഘോഷണം ചെയ്യപ്പെടണമെന്ന് ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. അന്ധവിശ്വാസമുള്ളിടത്തും വിശ്വാസമില്ലായ്മയുള്ളിടത്തും കേവലം ബൗദ്ധികതലത്തിൽ ചരിക്കുന്നവരുടെയിടയിലും സുവിശേഷപ്രഘോഷണത്തിന് പ്രസക്തിയും പ്രാധാന്യവുമുണ്ട്. ബൗദ്ധികതലത്തിൽ ഉന്നതനിലവാരം പുലർത്തുന്ന ജനങ്ങളുടെയിടയിലും സുവിശേഷപ്രഘോഷണത്തിനു പ്രസക്തിയുണ്ട്; സുവിശേഷപ്രഘോഷണം നടത്താൻ നമുക്കു കടമയുണ്ടെന്ന് ഇതു സൂചിപ്പിക്കുന്നു. പഴയനിയമത്തിലെ 'വചന'മാണ് പുതിയനിയമത്തിലെ 'സുവിശേഷ'-മായി മാറിയത്. വചനത്തിലൂടെയാണ് സകലതും സൃഷ്ടിക്കപ്പെട്ടത്: ''ആദിയിൽ വചനമുണ്ടായിരുന്നു... സമസ്തവും അവനിലൂടെ ഉണ്ടായി. ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല'' (യോഹ 1,1-3). വചനത്തിന്റെ വിത്ത് എല്ലാ മനുഷ്യരിലും മതങ്ങളിലുമുണ്ട്. അതുകൊണ്ട് അതിനെ വചനത്തിന്റെ പൂർണതയിലെത്തിക്കുവാനുള്ള വിളി സാർവ്വത്രികമാണ്. അതുകൊണ്ട് എല്ലാവരിലും, എല്ലാ സാഹചര്യങ്ങളിലും, സന്നിഹിതമായിരിക്കുന്ന വചനവിത്തിന്റെ സാന്നിദ്ധ്യം വിവേചിച്ചറിഞ്ഞ് വചനശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതർക്കു കടമയുണ്ട്.

## 4. സൃഷ്ടിപരമായ ബന്ധം ഉണർത്തിയുള്ള വചനശുശ്രൂഷ

*''ഞാൻ ഇതിലെ കടന്നുപോയപ്പോൾ നിങ്ങളുടെ ആരാധനാവസ്തുക്കളെ നിരീക്ഷിച്ചു. അജ്ഞാതദേവന് എന്ന് എഴുതിയിട്ടുള്ള ഒരു ബലിപീഠം ഞാൻ കണ്ടു. നിങ്ങൾ ആരാധിക്കുന്ന ആ അജ്ഞാതദേവനെക്കുറിച്ചുതന്നെയാണ് ഞാൻ നിങ്ങളോടു പ്രസംഗിക്കുന്നത്. പ്രപഞ്ചത്തെയും അതിലുള്ള സകലത്തെയും സൃഷ്ടിച്ചവനും സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവുമായ ദൈവം മനുഷ്യനിർമ്മിതമായ ആലയങ്ങളിലല്ല വസിക്കുന്നത്''* (17,23-24).

വിജാതീയരോടുള്ള ഏറ്റം നീണ്ട സുവിശേഷപ്രഘോഷണമാണ് പൗലോസിന്റെ അരെയോപ്പഗസിലെ പ്രസംഗം. ഒരാമുഖവും മൂന്നു ഭാഗങ്ങളും ഒരു ഉപസംഹാരവുമാണ് ഈ പ്രസംഗത്തിനുള്ളത്. ആമുഖത്തിൽ, അറിയപ്പെടാത്ത ദൈവത്തെക്കുറിച്ചാണ് പൗലോസ് സംസാരിക്കുന്നത് (17,23). ഒന്നാം ഭാഗത്ത്, പ്രപഞ്ചസ്രഷ്ടാവായ ദൈവം മനുഷ്യനിർമ്മിതമായ ആലയങ്ങളിലല്ല വസിക്കുന്നത് (17,24) എന്നും, രണ്ടാം ഭാഗത്ത്, ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽത്തന്നെയാണ് അവിടുന്നു വസിക്കുന്നത്; അവൻ എല്ലാറ്റിനും ആ ദൈവത്തെത്തന്നെ ആശ്രയിക്കുകയും ചെയ്യുന്നു (17,26-27) എന്നും, മൂന്നാം ഭാഗത്ത്, ദൈവത്തിൽ നാം ജീവിക്കുന്നു; ചരിക്കുന്നു; നിലനില്ക്കുകയും ചെയ്യുന്നു; അവിടുന്നും നാമും തമ്മിൽ പിതൃപുത്രബന്ധവുമുണ്ട് (17,28-29) എന്നും പറയുന്നു. ഉപസംഹാരത്തിൽ, അതുകൊണ്ട് വിഗ്രഹാരാധന തെറ്റാണ്, മാനസാന്തരപ്പെട്ട് സത്യദൈവത്തിലേക്കു തിരിഞ്ഞുകൊണ്ട് യഥാർത്ഥമായ ആരാധനയിലേക്കു കടന്നുവരുവാനും (17,30-31), മനുഷ്യകുലം മുഴുവൻ രക്ഷിക്കപ്പെടുവാൻ തന്റെ പുത്രനെ രക്ഷകനായി നല്കുവാൻ ദൈവം തിരുമനസ്സായി (17,31) എന്നംഗീക

രിക്കുവാനും പൗലോസ് ആഹ്വാനം ചെയ്യുന്നു.

സോളമന്റെ ദൈവാലയപ്രതിഷ്ഠാ പ്രാർത്ഥനയെയും ദൈവത്തെ വേണ്ടവിധം തിരിച്ചറിഞ്ഞ് ശരിയായ രീതിയിൽ പ്രത്യുത്തരം നല്കാതെപോയ ഇസ്രായേൽ മക്കളുടെ സ്ഥിതിവിശേഷത്തെയുമൊക്കെ അനുസ്മരിപ്പിക്കുന്ന വാക്കുകളാണ് പൗലോസിന്റെ ഈ പ്രഭാഷണത്തിൽ കാണുന്നത്. സോളമൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു: ''ദൈവം യഥാർത്ഥത്തിൽ ഭൂമിയിൽ വസിക്കുമോ? അങ്ങയെ ഉൾക്കൊള്ളാൻ സ്വർഗത്തിനും സ്വർഗാധിസ്വർഗത്തിനും അസാദ്ധ്യമെങ്കിൽ ഞാൻ നിർമ്മിച്ച ഈ ഭവനം എത്ര അപര്യാപ്തം!'' (1 രാജാ 8,27). ഏശയ്യാ പറയുന്നു: ''ആകാശങ്ങളേ ശ്രവിക്കുക, ഭൂതലമേ ശ്രദ്ധിക്കുക, കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ മക്കളെ പോറ്റി വളർത്തി: എന്നാൽ, അവർ എന്നോടു കലഹിച്ചു. കാള അതിന്റെ ഉടമസ്ഥനെ അറിയുന്നു; കഴുത അതിന്റെ യജമാനന്റെ തൊഴുത്തും. എന്നാൽ ഇസ്രായേൽ ഗ്രഹിക്കുന്നില്ല; എന്റെ ജനം മനസ്സിലാക്കുന്നില്ല'' (ഏശ 1,2-3). ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവസ്നേഹം അറിയാതെയും അംഗീകരിക്കാതെയും ജീവിക്കുന്ന അവസ്ഥ മനസ്സിലാക്കി, തന്റെ സ്രഷ്ടാവായ ദൈവത്തിലേക്കു തിരിഞ്ഞ് അവിടുത്തെ ആരാധിക്കുവാനാണ് പൗലോസ് ആഥൻസ് ജനതയെ ആഹ്വാനം ചെയ്യുന്നത്. അടിസ്ഥാനപരമായി ഇപ്രകാരം ദൈവവുമായുള്ള സൃഷ്ടിപരമായ ബന്ധം ഉണർത്തി യഥാർത്ഥ ദൈവാരാധകരാകുവാനുള്ള ക്ഷണമാണ് വചനശുശ്രൂഷയിലൂടെ പുരോഹിതൻ നല്കേണ്ടത്.

## 5. ഉത്ഥാനത്തിനും അന്ത്യാത്മകജീവിതത്തിനും പ്രാധാന്യം നല്കുന്ന വചനശുശ്രൂഷ

*''മരിച്ചവരുടെ പുനരുത്ഥാനത്തെപ്പറ്റി കേട്ടപ്പോൾ ചിലർ അവനെ പരിഹസിച്ചു. എന്നാൽ, ചിലർ പറഞ്ഞു: ഇവയെക്കുറിച്ച് നിന്നിൽനിന്നു ഞങ്ങൾ പിന്നീടൊരിക്കൽ കേട്ടുകൊള്ളാം. അങ്ങനെ പൗലോസ് അവരുടെയിടയിൽനിന്നു പോയി. എന്നാൽ, കുറെയാളുകൾ അവനോടു ചേർന്ന് വിശ്വാസം സ്വീകരിച്ചു. അരെയോപ്പാഗസുകാരൻ ഡയനീഷ്യസും ദമാറിസ് എന്നു പേരുള്ള സ്ത്രീയും മറ്റു ചിലരും അക്കൂട്ടത്തിലുണ്ടായിരുന്നു''* (17,32-34).

അരെയോപ്പാഗസിലെ പ്രസംഗത്തിന് ആധികാരികത നല്കുന്ന അടിസ്ഥാനമായി പൗലോസ് എടുത്തു കാണിക്കുന്നത് ഈശോയുടെ ഉത്ഥാനമാണ്: ''എന്തെന്നാൽ, താൻ നിയോഗിച്ചിരിക്കുന്ന ഒരു മനുഷ്യൻ വഴി ലോകത്തെ മുഴുവൻ നീതിയോടെ വിധിക്കാൻ അവിടുന്ന് ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു. ആ മനുഷ്യനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചുകൊണ്ട്, അവിടുന്ന് ഇതിന് ഉറപ്പു നല്കിയിട്ടുമുണ്ട്'' (17,31). മിശിഹായുടെ ഉത്ഥാനമാണ് സുവിശേഷപ്രഘോഷണത്തിന്റെ കേന്ദ്രബിന്ദു: ''മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം'' (1 കൊറി 15,14). അതുപോലെതന്നെ നമ്മുടെ ഉത്ഥാനവും സുവിശേഷപ്രഘോഷണത്തിന്റെ അടിസ്ഥാന യാഥാർത്ഥ്യമാണ്. ''മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നില്ലെങ്കിൽ മിശിഹായും ഉയിർപ്പിക്കപ്പെട്ടിട്ടില്ല'' (1 കൊറി 15,16). മിശിഹായുടെ ഉത്ഥാനവും വിശ്വാസികളുടെ ഉത്ഥാനവും പ്രഖ്യാപിച്ചുകൊണ്ടാണ് പൗലോസ് അരെയോപ്പാഗസിലെ തന്റെ പ്രസംഗം അവസാനിപ്പിക്കുന്നത്.

മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചു കേട്ടപ്പോൾ സമ്മിശ്ര പ്രതികരണമാണ് ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടായത്. ''ചിലർ അവനെ പരിഹസിച്ചു.

എന്നാൽ, ചിലർ പറഞ്ഞു: ഇവയെക്കുറിച്ച് നിന്നിൽനിന്നു ഞങ്ങൾ പിന്നീടൊരിക്കൽ കേട്ടുകൊള്ളാം'' (17,32). എന്നാൽ, മറ്റു ''കുറെയാളുകൾ അവനോടു ചേർന്ന് വിശ്വാസം സ്വീകരിച്ചു. അരെയോപ്പാഗസുകാരൻ ഡയനീഷ്യസും ദമാറിസ് എന്നു പേരുള്ള സ്ത്രീയും മറ്റു ചിലരും അക്കൂട്ടത്തിലുണ്ടായിരുന്നു'' (17,34). മരിച്ചവരുടെ പുനരുത്ഥാനം നമ്മുടെ വിശ്വാസത്തിന് ശരിക്കും അർത്ഥം നല്കുന്നതാണ്. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ, ''ഈ ജീവിതത്തിനു വേണ്ടി മാത്രം മിശിഹായിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ്'' (1 കൊറി 15,19). ഇന്നത്തെ പല വചനപ്രഘോഷണങ്ങളിലും മരിച്ചവരുടെ ഉത്ഥാനവും അന്ത്യാത്മകജീവിതവും പ്രസംഗവിഷയമാകാറില്ല. ഈലോകത്തിന്റേതായ പ്രശ്നപരിഹാരങ്ങൾക്ക് പ്രാമുഖ്യം നല്കുന്ന കൺവെൻഷനുകളും പ്രസംഗങ്ങളുമൊക്കെയാണ് ഇന്ന് മനുഷ്യനെ ആകർഷിക്കുന്നത്. ഇതിന് മാറ്റം വരേണ്ടതുണ്ട്. അതുകൊണ്ട് ഉത്ഥാനത്തിനും അന്ത്യാത്മകജീവിതത്തിനും പ്രാധാന്യം നല്കുന്ന വചനശുശ്രൂഷകരാകുവാൻ പുരോഹിതർ ശ്രദ്ധിക്കണം.

## ജീവിതസൂചിക

1. വിശുദ്ധഗ്രന്ഥാധിഷ്ഠിതവും പ്രബോധനപരവുമായ വചനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എത്രമാത്രം ശ്രദ്ധിക്കുന്നുണ്ട്?
2. വചനസ്വീകരണത്തിന് ജനങ്ങളെ ഒരുക്കി വചനപ്രഘോഷണം നടത്താൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
3. മനുഷ്യരിലുള്ള വചനവിത്തിന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് വചനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. ദൈവവും മനുഷ്യനും തമ്മിലുള്ള സൃഷ്ടിപരമായ ബന്ധം ഉണർത്തി, യഥാർത്ഥ ദൈവാരാധകരാകുവാൻ മനുഷ്യരെ സഹായിക്കുന്ന വിധമാണോ ഞാൻ വചനശുശ്രൂഷ നിർവഹിക്കുന്നത്?
5. ഉത്ഥാനത്തിനും അന്ത്യാത്മകജീവിതത്തിനും പ്രാധാന്യം നല്കുന്ന വചനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?

## Bible Study Forum for Priests

The next session of the Bible Study Forum for Priests of the Archdiocese of Changanacherry will be held at the Spirituality Centre, Manganam, on 11th June 2019. The course will begin at 9.30 a.m. and come to a close at 4.00 p.m.

**Fr Mathew Vellanickal**



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ഏപ്രിൽ 2019**

26 കാക്കനാട്ട് നടന്ന വിവിധ സെമിനാരികളിലെ കമ്മീഷൻ അംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം സെന്റ് തോമസ് വടവാതൂർ പള്ളിയുടെ ഇടവകദിനത്തിൽ പങ്കെടുത്തു.

27 കൂത്രപ്പള്ളി റീത്താഭവനിൽ ആരാധനാസന്യാസിനി സമൂഹത്തിൽ ഈ വർഷം സുവർണ്ണജൂബിലി ആഘോഷിക്കുന്ന സന്യാസിനികളുടെ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. തുടർന്ന് ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയത്തിൽ പ്ലാസിഡ് പൊടിപ്പാറ CMI അച്ചനെ അനുസ്മരിച്ച് നടത്തിയ സിമ്പോസിയം ഉദ്ഘാടനം ചെയ്തു. തുടർന്ന് കുറിച്ചി സെന്റ് ജോസഫ് ദൈവാലയത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് നിര്യാതനായ ബഹു. സിറിയക് കളത്തിൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് അറുനൂറ്റംപാടം തിരുഹൃദയ ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. തുടർന്ന് ചങ്ങനാശേരി ഫൊറോന മാതൃ-പിതൃവേദിയുടെ നൂറ്ദിന കർമ്മപദ്ധതികൾക്ക് ളായിക്കാട് സെന്റ് ജോസഫ് ദൈവാലയത്തിൽ തുടക്കം കുറിച്ചു. തുടർന്ന് സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ അജപാലനസന്ദർശനത്തോടനുബന്ധിച്ച് രോഗികളെ ഭവനങ്ങളിൽ സന്ദർശിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

28 സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം ചങ്ങനാശേരി മാർക്കറ്റ് ചാപ്പലിന്റെ കൂദാശാകർമ്മം നിർവഹിച്ചു.

29 ദേവമാതാ പ്രൊവിൻഷ്യൽ ഹൗസിൽ ഈ വർഷം സുവർണ്ണജൂബിലി ആഘോഷിക്കുന്ന സന്യാസിനികളുടെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കൂത്രപ്പള്ളി റീത്താഭവനിൽ ആരാധനാസന്യാസിനി സമൂഹത്തിന്റെ സിനാക്സിസിൽ പങ്കെടുത്തു.

30 രാവിലെ പാറേൽ മരിയൻ തീർത്ഥാടനദൈവാലയത്തിൽ തിരുഹൃദയ സന്യാസിനി സമൂഹത്തിൽ പ്രഥമ-നിത്യവ്രത സ്വീകരണകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും സന്യാസത്തിന്റെ ഇരുപത്തിയഞ്ചും അൻപതും ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. തുടർന്ന് ബഹു. ജോർജ് സ്രാമ്പിക്കലച്ചന്റെ ഒന്നാംചരമവാർഷികദിനത്തിൽ സെന്റ് ജോർജ് മുട്ടാർ ദൈവാലയത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം കുടമാളൂർ അഭയഭവന്റെ വാർഷിക ആഘോഷങ്ങളിൽ അദ്ധ്യക്ഷതവഹിച്ചു.

**മെയ് 2019**

01 പുന്നത്തുറ സെന്റ് തോമസ് ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ വി. കുർബാന സ്വീകരണത്തിൽ കാർമ്മികത്വം വഹിച്ചു. തുടർന്ന് കുന്നന്താനം ദൈവപരിപാലനയുടെ എളിയദാസികളുടെ സന്യാസസമൂഹത്തിലെ അർത്ഥിനികളുടെ സന്യാസവസ്ത്രസ്വീകരണ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ KLM ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മെയ്ദിന റാലിയിലും SB College കാവുകാട്ട് ഹാളിൽ നടന്ന തുടർസമ്മേളനത്തിലും പങ്കെടുത്തു. തുടർന്ന് സെന്റ് ജോസഫ് ചമ്പക്കര ദൈവാലയത്തിന്റെ ഇടവകദിന ആഘോഷങ്ങളിൽ പങ്കെടുത്തു.

02 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം പുതുക്കരി സെന്റ് സേവ്യേഴ്സ് ദൈവാലയത്തിന്റെ തിരുനാൾ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു.

03 അതിരൂപതാകേന്ദ്രത്തിൽ കൂരിയ സമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു. വൈകുന്നേരം മിത്രക്കരി സെന്റ് സേവ്യേഴ്സ് ദൈവാലയത്തിന്റെ തിരുനാൾ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു.

04 ചെത്തിപ്പുഴ മൗണ്ട് കാർമ്മൽ കോൺവെന്റിൽ CMC സന്യാസസമൂഹത്തിലെ അർത്ഥിനികളുടെ പ്രഥമ-നിത്യവ്രതവാഗ്ദാനകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

05 സെന്റ് തോമസ് പുഴവാത് പള്ളിയിൽ അജപാലന സന്ദർശനം നടത്തി.

06 രാവിലെ അതിരൂപതാകേന്ദ്രത്തിൽ SB College ന്റെ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷതവഹിച്ചു. വൈകുന്നേരം സെന്റ് ജോസഫ് മനക്കച്ചിറ ദൈവാലയത്തിന്റെ തിരുനാൾ ആഘോഷങ്ങളോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

07 –10 ബാംഗ്ലൂരിൽ നടന്ന CBCI Standing committee യിൽ പങ്കെടുത്തു.

11 സെന്റ് ജോസഫ് കായൽപ്പുറം ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ വി. കുർബാന സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. തുടർന്ന് ആറുമാനൂരിൽ കോഴിമറ്റം കുടുംബയോഗത്തിൽ അധ്യക്ഷതവഹിച്ചു. വൈകുന്നേരം അരുവിക്കുഴി ലൂർദ്ദ്മാതാ ദൈവാലയത്തിൽ പുതിയ കൊടിമരം വെഞ്ചരിക്കുകയും തിരുനാൾ ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. തുടർന്ന് വട്ടായിൽ അച്ചന്റെ നേതൃത്വത്തിൽ നടക്കുന്ന അതിരമ്പുഴ ബൈബിൾ കൺവൻഷനിൽ സന്ദേശം നൽകി.

12 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

13 രാവിലെ പാറേൽ അമലാ തിയോളജി കോളേജിന്റെ പുതിയ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് തുരുത്തി മർത്ത്മറിയം ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. വൈകുന്നേരം അസംപ്ഷൻ കോളേജിന്റെ ഒട്ടോണമസ് ബ്ലോക്ക് വെഞ്ചരിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ ഇന്റർ ഡിപ്പാർട്ട്മെന്റൽ മീറ്റിംഗിൽ അധ്യക്ഷതവഹിച്ചു.

14 രാവിലെ എടത്വാ സെന്റ് ജോർജ് പള്ളിയുടെ എട്ടാമിടത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. ഇറ്റാവാ മിഷൻ മൈനർ സെമിനാരിയിൽ പരിശീലനത്തിലായിരിക്കുന്ന സെമിനാരിക്കാരെയും അവരുടെ മാതാപിതാക്കളെയും കണ്ടു സംസാരിച്ചു. ഉച്ചകഴിഞ്ഞ് വിളക്കുടിയിൽ കരുണയുടെ സന്യാസിനി സമൂഹത്തിലെ അർത്ഥിനിയുടെ പ്രഥമവ്രതവാഗ്ദാനകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

15 രാവിലെ അതിരൂപതാകേന്ദ്രത്തിൽ പ്രെസ്ബിറ്ററൽ കൗൺസിലിൽ അധ്യക്ഷതവഹിച്ചു. തുടർന്ന് വെരൂർ സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കായിൽ സമൃദ്ധമായ വിളവിന് നന്ദിയർപ്പിച്ചുകൊണ്ട് കൃതജ്ഞതാബലിയർപ്പിച്ചു.

16 രാവിലെ പാലാ സെന്റ് തോമസ് കത്തീഡ്രലിൽ സ്നേഹഗിരി സന്യാസിനി സമൂഹത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് SB HSS ൽ കൂടിയ ചങ്ങനാശേരി മേഖലയിലെ കോർപറേറ്റ് അധ്യാപകരുടെ യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം കുറിച്ചി മൈനർ സെമിനാരിയിൽ സെമിനാരിക്കാരുടെ മേജർ ഗാതറിംങ്ങിൽ പങ്കെടുത്തു.

17 രാവിലെ കുറിച്ചി മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ചെറുപട്ടങ്ങളും പൗരോഹിത്യവസ്ത്രവും നൽകുന്ന കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് കണ്ണാടി സെന്റ് റീത്താ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ചമ്പക്കുളം സെന്റ് മേരീസ് സ്കൂളിൽ ചമ്പക്കുളം മേഖലയിലെ കോർപ്പറേറ്റ് അധ്യാപകരുടെ സമ്മേളനത്തിൽ സംസാരിച്ചു. വൈകുന്നേരം DCMS ന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി സംഘടിപ്പിച്ച ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

18 രാവിലെ സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. തുടർന്ന് കൊടിനാട്ടുംകുന്ന് സെന്റ് സെബാസ്റ്റ്യൻസ് പാരിഷ്ഹാളിൽ ബഹു. തോമസ് തൈത്തോട്ടം ഫൗണ്ടേഷൻ അവാർഡ് സി. ജൊവാൻ ചുങ്കപ്പുരയ്ക്ക് നൽകി സമ്മേളനത്തിൽ സംസാരിച്ചു. ഉച്ചകഴിഞ്ഞ് കുറുമ്പനാടം സെന്റ് ആന്റണീസ് ദൈവാലയത്തിൽ കുറുമ്പനാടം ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിനായി സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് ഏറ്റുമാനൂർ ക്രിസ്തുരാജ ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും ഇടവകദിന ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

19 പൊടിപ്പാറ ഹോളിഫാമിലി ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം ചെത്തിപ്പുഴ എസ്.ഡി. പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. ജൂലിയ SD യുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു.

20 കുറ്റിച്ചൽ ലൂർദ്ദ്മാതാ എഞ്ചിനിയറിംഗ് കോളേജിൽ നടത്തപ്പെട്ട 132-ാമത് അതിരൂപതാദിനത്തിൽ പങ്കെടുത്തു.

21 രാവിലെ നെടുമുടിയിൽ ജഗദൽപൂർ രൂപതയുടെ വികാരിജനറാളായ ബഹു. തോമസ് മുപ്പതിൽചിറ അച്ചന്റെ പിതാവിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് എടത്വാ സെന്റ് ജോർജ് പാരീഷ് ഹാളിൽ എടത്വാ മേഖലയിലെ കോർപ്പറേറ്റ് അധ്യാപകരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രലിൽ ഒരു ശിശുവിന് പ്രാരംഭകൂദാശൾ നൽകി. 2 ദിവസത്തേക്ക് ക്രമീകരിച്ചിരിക്കുന്ന ലിറ്റർജി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുക്കാനായി കാക്കനാട്ടേക്ക് യാത്രയായി.

23-24 അതിരൂപതയുടെ നിയമാവലി പുതുക്കുവാനുള്ള ആലോചന സമ്മേളനത്തിൽ പങ്കെടുത്തു.

25 രാവിലെ ചാത്തനാട് സെന്റ് അൽഫോൻസ ദൈവാലയം ഇടവകയായി പ്രഖ്യാപിച്ചതിന്റെ ഭാഗമായുള്ള ആഘോഷങ്ങളിൽ പങ്കെടുത്തു. തുടർന്ന് മുഹമ്മ സെന്റ് ജോർജ് ദൈവാലയത്തിൽ യോഗ്യാവീട് ബഹു. സക്കറിയാസ് അച്ചന്റെ പൗരോഹിത്യ സുവർണജൂബിലിയോടനുബന്ധിച്ചുള്ള കൃതജ്ഞതാബലിയിൽ വചനസന്ദേശം നൽകി. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ ആത്മതാകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നിർധനരായ കുട്ടികൾക്ക് വിദ്യാഭ്യാസസഹായം വിതരണം ചെയ്തു. തുടർന്ന് സന്ദേശനിലയത്തിൽ അതിരൂപതയിലെ മതാധ്യാപകരുടെ നേതൃസംഗമത്തിൽ പങ്കെടുത്ത് സംസാരിച്ചു. തുടർന്ന് 12 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം സെന്റ് ജോസഫ് പ്രസ് & ബുക്ക് സ്റ്റാളിന്റെ മാനേജർ പദവിയിൽ നിന്ന് യാത്രയാകുന്ന ബഹു. മാത്യു പടിഞ്ഞാറേക്കുറ്റച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം മാന്നാനം 12 ശ്ലീഹന്മാരുടെ ദൈവാലയം ഇടവകയായി പ്രഖ്യാപിക്കപ്പെട്ടതിന്റെ ആഘോഷങ്ങളുടെ ഭാഗമായി വി. കുർബാന അർപ്പിച്ചു.

## മാർ തോമസ് തറയിൽ

**ഏപ്രിൽ 2019**

27 ചീരഞ്ചിറ സെയിന്റ് ജോർജ് ദൈവാലയത്തിൽ നടന്ന ആഘോഷപൂർവ്വകമായ കുർബാന സ്വീകരണത്തിൽ കാർമ്മികത്വം വഹിച്ചു. കുറിച്ചി സെയിന്റ് ജോസഫ്സ് ദൈവാലയത്തിൽ ജൂബിലി ആഘോഷത്തിൽ പരി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് പങ്ങട തിരുഹൃദയ ദൈവലയത്തിൽ വിവാഹ വാഗ്ദാന കർമ്മത്തിന് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് കട്ടപ്പനയിൽ നടന്ന കാഞ്ഞിരപ്പള്ളി രൂപതയുടെ യുവജന സംഗമത്തിൽ സംബന്ധിച്ച് സംസാരിച്ചു.

28 രാവിലെ പുനലൂർ നെല്ലിപ്പള്ളി ഇടവക തുമ്പേപറമ്പിൽ ജോസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് കേശവദാസപുരം ഹോളിഫാമിലി ദൈവാലയത്തിൽ പരി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. തിരുവനന്തപുരം ലൂർദ്ദ് ഇടവകാംഗം ഡോ. വിൽസൺ മംഗലത്തിന്റെ കല്ലറയിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ നടന്ന മാമോദീസാകർമ്മ

ങ്ങൾക്ക് നേതൃത്വം നൽകി. സായാഹ്നത്തിൽ കഴക്കൂട്ടം സെയിന്റ് ജോൺ പോൾ II യൂത്ത് സെന്ററിലെ വൈദിക മന്ദിരം ആശീർവദിച്ചു.

29 രാവിലെ മെത്രാപ്പോലീത്തൻ പള്ളിയിൽ ചെറുകരയിൽ ശ്രീമതി ത്രേസ്യാമ്മയുടെ മൃതശരീരത്തിങ്കലും കുറിച്ചി MLF സന്ന്യാസസമൂഹാംഗം സി. തെരേസിറ്റായുടെ മൃതശരീരത്തിങ്കലും ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് പാലായിൽ സ്നേഹഗിരി സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. കാഞ്ഞിരപ്പള്ളി മേപ്പാറയിൽ നടന്ന മേജർ സെമിനാരിക്കാരുടെ വർക്ക് ക്യാമ്പിന്റെ സമാപനസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു.

30 രാവിലെ പൂമറ്റം സെയിന്റ് ആന്റണീസ് ദൈവാലയത്തിൽ നടന്ന സിസ്റ്റേഴ്സ് ഓഫ് ക്രൈസ്റ്റ് അർത്ഥിനികളുടെ സന്ന്യാസവസ്ത്രസ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽ നടന്ന DCMS ക്യാമ്പിൽ സംബന്ധിച്ച് സംസാരിച്ചു. കരിമ്പനക്കുളം തിരുഹൃദയദൈവാലയത്തിന്റെ പുതിയ പാരിഷ്ഹാൾ ആശീർവദിച്ചു. തുടർന്ന് FCC ദേവമാതാ പ്രൊവിൻഷ്യൽ ഹൗസിൽ ക്ലാസ്സെടുത്തു.

**മെയ് 2019**

01 രാവിലെ പഴവങ്ങാടി മാർ സ്ലീവാ ഫൊറോനാപള്ളിയിൽ നടന്ന ആഘോഷപൂർവ്വകമായ കുർബാന സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. മെത്രാപ്പോലീത്തൻ പള്ളിയിൽ വച്ച് നടന്ന വിവാഹത്തിന് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നിന്നാരംഭിച്ച KLM റാലി ഫ്ളാഗ് ഓഫ് ചെയ്ത് സംസാരിച്ചു. തുടർന്ന് പുത്തനങ്ങാടി ചക്കരക്കടവ് പള്ളിയിൽ ഇടവകദിന സന്ദേശം നൽകി.

02 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. സായാഹ്നത്തിൽ തോട്ടുവാത്തല തിരുഹൃദയ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

03 തിരുവനന്തപുരം പട്ടത്തുവച്ചു നടന്ന അനന്തപുരി യുവജനസംഗമത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. പിന്നീട് ആര്യങ്കാവ് തിരുഹൃദയസന്ന്യാസസമൂഹത്തിന്റെ നവീകരിച്ച ദൈവാലയം കൂദാശ ചെയ്തു. ഉച്ചകഴിഞ്ഞ് തെങ്കാശിയിലുള്ള 'അൻപ് ഇല്ലം' സന്ദർശിച്ചു. വൈകുന്നേരം ആര്യങ്കാവ് സെന്റ് മേരീസ് മലങ്കര ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയിർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് അടൂർ ജീസസ് യൂത്തിന്റെ പ്രാർത്ഥനാക്യാമ്പിൽ സംബന്ധിച്ച് സംസാരിച്ചു.

04 രാവിലെ കുടമാളൂർ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ നടന്ന ആഘോഷപൂർവ്വകമായ പരി. കുർബാന സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. പിന്നീട് ചെത്തിപ്പുഴ SD പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സുപ്പീരിയേഴ്സ് സംഗമത്തിൽ ക്ലാസ്സുകൾ നയിച്ചു. ചേലക്കൊമ്പിലുള്ള ആരാധനാസമൂഹത്തിന്റെ ഭരണസമിതിയിലേയ്ക്കുള്ള ഇലക്ഷനിൽ അദ്ധ്യക്ഷതവഹിച്ചു. ഉച്ചകഴിഞ്ഞ് കോട്ടയം ദേവലോകത്തെ ഓർത്തഡോക്സ് അതിമെത്രാസനഭവനത്തിൽ കാതോലിക്കാ ബാവായെ

സന്ദർശിക്കുകയും പിന്നീട് നടന്ന പ്രതിഭാസംഗമത്തിൽ അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു.

05 രാവിലെ ചെറുവാണ്ടൂർ സെയിന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും തുടർന്ന് 'വചനവീട്' പദ്ധതിയുടെ ഭാഗമായുള്ള വയോജനസംഗമത്തിൽ സംബന്ധിച്ച് സംസാരിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് മുടിയൂർക്കരപള്ളിയിൽ ബയോ എത്തിക്സ് കോഴ്സിൽ ക്ലാസ് നയിച്ചു.

06 അരുവിക്കുഴി ലൂർദ്ദ്മാതാ ദൈവാലയത്തിൽ നടന്ന മാമോദീസാ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. തുടർന്ന് LSDP സന്ന്യാസസമൂഹവും, CMC സമൂഹവും ലൂർദ്ദ് ഭവൻ ട്രസ്റ്റ് നേതൃത്വം നൽകുന്ന കാരുണ്യഭവനങ്ങളും CST സഭാംഗങ്ങളുടെ ചെറുപുഷ്പ ആശ്രമവും സന്ദർശിച്ചു. തെള്ളകം സെയിന്റ് ജോസഫ്സ് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

07 രാവിലെ എടത്വാ സെയിന്റ് ജോർജ് ദൈവാലയത്തിൽ തിരുനാൾമദ്ധ്യേ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. പിന്നീട് തുരുത്തിയിലെ ആരാധനാമഠം സന്ദർശിച്ചു. മെത്രാപ്പോലീത്തൻ പള്ളിയിൽ നടന്ന ജീസസ് & മേരി സന്ന്യാസസമൂഹത്തിലെ അർത്ഥിനിയുടെ നിത്യവ്രത സ്വീകരണകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് പുന്നപ്രദനഹാലയ ഇൻസ്റ്റിറ്റ്യൂട്ടിൽ ക്ലാസ് എടുത്തു.

08 പുന്നപ്ര ദനഹാലയിൽ ക്ലാസ് നയിച്ചു.

09 പുന്നപ്ര ദനഹാലയായിൽ ക്ലാസ് എടുത്തു. സായാഹ്നത്തിൽ പുതുക്കരി സെയിന്റ് സേവ്യേഴ്സ് ദൈവാലയത്തിലെ ശതോത്തര സുവർണ്ണ ജൂബിലിയാഘോഷത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

10 വൈകുന്നേരം മണിമല ഹോളിമേജൈയിൻ ഫൊറോനാ ഇടവകയിൽ കപ്പേളയുടെ തറക്കല്ല് ആശീർവദിച്ചു. തുടർന്ന് അടൂരിൽ നടന്ന മാർത്തോമ്മാ യുവജനസംഗമത്തിൽ സംബന്ധിച്ച് സംസാരിച്ചു.

11 ചങ്ങനാശേരിയിൽ CMC സഭാംഗം സി. ഗ്രസിയാനയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നടന്ന കാഞ്ഞിരപ്പള്ളി രൂപതാ ദിനത്തിൽ മുഖ്യപ്രഭാഷണം നടത്തി. വൈകുന്നേരം പഴയേരൂർ സെയിന്റ് തോമസ് ദൈവാലയത്തിൽ ഇടവക ദിനത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

12 തിരുവനന്തപുരം ലൂർദ്ദ് ഫൊറോനയിലെ നിർമ്മലാ ഭവനിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ലൂർദ്ദിൽ നടന്ന ദമ്പതിസംഗമത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സന്ദർശകരെ സ്വീകരിച്ചു.

13 രാവിലെ വാഴപ്പള്ളി ആരാധനാമഠം ചാപ്പലിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് മുഹമ്മയിൽ മുങ്ങിമരിച്ച നെബിൻ, ജിയോ എന്നിവരുടെ ഭവനത്തിലെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം

വഹിച്ചു. ഉച്ചകഴിഞ്ഞ് കുറിച്ചി മൈനർ സെമിനാരിയിൽ നടന്ന മേജർ സെമിനാരിക്കാരുടെ കൂട്ടായ്മ സന്ദർശിച്ചു. സായാഹ്നത്തിൽ അതിരൂപതാകേന്ദ്രത്തിൽ നടന്ന ഇന്റർ ഡിപ്പാർട്ടുമെന്റൽ യോഗത്തിൽ സംബന്ധിച്ചു.

14 കുറിച്ചി മൈനർ സെമിനാരിയിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ നടന്ന നവവൈദികരുടെ (2018-19) ബാച്ച് ഗാതറിംഗിൽ സംബന്ധിച്ചു. തുടർന്ന് ഇറ്റാവാ മൈനർ സെമിനാരിയിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ മാതാപിതാക്കളെ കണ്ട് സംസാരിച്ചു. വൈകുന്നേരം പള്ളിക്കൂട്ടുമ്മ ഫാത്തിമ മാതാ ദൈവാലയത്തിൽ നടന്ന പുളിങ്കുന്ന് ഫൊറോനാ വൈദിക സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

15 നെടുങ്കുന്നത്ത് നടന്ന അധ്യാപകരുടെ മേഖലാതല സംഗമത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ നടന്ന പ്രസ്ബിറ്ററൽ കൗൺസിലിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് ചമ്പക്കുളം സെയിന്റ് മേരീസ് ബസലിക്കയിൽ സമൃദ്ധമായ വിളവിന് നന്ദിയർപ്പിച്ചുകൊണ്ടുള്ള കൃതജ്ഞതാബലിയിൽ സഹകാർമ്മികത്വം വഹിച്ചു. പാലാ മേലാമ്പ്രാ MST ജനറലേറ്റിൽ നടന്ന വൈദികരുടെ സംഗമത്തിൽ ക്ലാസ്സെടുത്തു.

16 പുന്നപ്ര ദനഹാലയ ഇൻസ്റ്റിറ്റ്യൂട്ടിൽ ക്ലാസ് നയിച്ചു. സായാഹ്നത്തിൽ പൊടിപ്പാറ ഹോളിഫാമിലി ദൈവാലയത്തിൽ നടന്ന യുവജനസംഗമത്തിൽ സംബന്ധിച്ച് സംസാരിച്ചു.

17 രാവിലെ കുറിച്ചി മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് കാറോയ, ഹെവ്പദിയാക്കോനപട്ടങ്ങളും പൗരോഹിത്യവസ്ത്രവും നൽകുന്ന കർമ്മങ്ങൾക്ക് സഹകാർമ്മികത്വം വഹിച്ചു. തുടർന്ന് മേജർ ഗാതറിംഗിന്റെ സമാപന സമ്മേളനത്തിൽ സംബന്ധിച്ച് സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. സായാഹ്നത്തിൽ പച്ച ലൂർദ്ദ്മാതാ ഇടവകയിലെ യുവജനങ്ങളുമായി സംവദിച്ചു.

18 തിരുവനന്തപുരം കുച്ചപ്പുറത്ത് പുതുതായി നിർമ്മിച്ച ഭവനം ആശീർദിച്ചു. വൈകുന്നേരം അതിരൂപതാ ദിനത്തിന് ഒരുക്കമായി അമ്പൂരി സെയിന്റ് ജോർജ് ഫൊറോനാ പള്ളിയിൽ നടന്ന റംശാ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

19 പന്തളം ദനഹാ പള്ളിയിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് മാന്നാനത്ത് ബഹു. ഒ.സി. ജോൺ CMI അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ നേതൃത്വം നൽകി. വൈകുന്നേരം മെത്രാപ്പോലീത്തൻ പള്ളിയിൽ നടന്ന വിവാഹവാഗ്ദാനകർമ്മത്തിന് കാർമ്മികത്വം വഹിച്ചു.

20 കുറ്റിച്ചൽ ലൂർദ്ദ്മാതാ എഞ്ചിനിയറിംഗ് കോളേജിൽ നടത്തപ്പെട്ട 132-ാമത് അതിരൂപതാദിനത്തിൽ പങ്കെടുത്തു.

21 രാവിലെ നെടുമുടിയിൽ ജഗദൽപൂർ രൂപതയുടെ വികാരിജനറാളായ ബഹു. തോമസ് മുപ്പതിൽചിറ അച്ചന്റെ പിതാവിന്റെ മൃതദേഹത്തിങ്കൽ

ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽനടന്ന 1996-2006 ബാച്ച് വൈദികരുടെ തുടർപരിശീലന പരിപാടിയിൽ പങ്കെടുക്കുകയും വൈദികരെ വ്യക്തിപരമായി കണ്ട് സംസാരിക്കുകയും ക്ലാസ് എടുക്കുകയും ചെയ്തു.

22 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അതിരമ്പുഴയിൽ നടന്ന അധ്യാപകരുടെ മേഖലാതല സംഗമത്തിൽ പങ്കെടുത്ത് സംസാരിച്ചു.


23 അതിരൂപതാകേന്ദ്രത്തിൽ ഫിലോസഫി പഠനം ആരംഭിക്കുന്ന അതിരൂപതയിലെ വൈദിക വിദ്യാർത്ഥികളെ വ്യക്തിപരമായി കണ്ട് സംസാരിച്ചു. സായാഹ്നത്തിൽ ചമ്പക്കുളം സെയിന്റ് മേരീസ് ബസലിക്കായിൽ നടന്ന ഫൊറോനതല വൈദികസമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

24 രാവിലെ കുറ്റിച്ചൽ ലൂർദ്ദ്മാതാ എഞ്ചിനീയറിംഗ് കോളേജിൽ നടന്ന അധ്യാപക സംഗമത്തിൽ സംബന്ധിച്ച് ക്ലാസ് എടുത്തു.

25 രാവിലെ ആലുവയിലെ FCC ജനറലേറ്റിൽ നടന്ന സന്ന്യാസസമൂഹാംഗങ്ങളുടെ രജതജൂബിലി ആഘോഷത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം പഴവങ്ങാടി മാർ സ്ലീവാ ഫൊറോനാ പള്ളിയിലെ വടശേരി കുരിശടി ആശിർവദിക്കുകയും പരി. കുർബാനമദ്ധ്യേ വചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് ചാത്തനാട് സെയിന്റ് അൽഫോൻസാ ദൈവാലയത്തിൽ നടന്ന ഇടവകപ്രഖ്യാപന ആഘോഷപരിപാടിയിൽ അനുഗ്രഹപ്രഭാഷണം നടത്തി.

26 വിഴിഞ്ഞം സെയിന്റ് പീറ്റേഴ്സ് ദൈവാലയത്തിൽ ഇടവകസന്ദർശനം നടത്തി.

27 അതിരൂപതാകേന്ദ്രത്തിൽ നടന്ന 2011-12 ബാച്ചിലെ വൈദികരുടെ ഗാതറിംഗിൽ സംബന്ധിച്ച് അവരെ വ്യക്തിപരമായി കണ്ടു. സായാഹ്നത്തിൽ ചേപ്പുംപാറ മർത്ത്മറിയം ദൈവാലയത്തിൽ നടന്ന ദമ്പതിസംഗമത്തിൽ സന്ദേശം നൽകി സംസാരിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ, സ്തുത്യർഹമായ സേവനത്തിനുശേഷം യാത്രയാകുന്ന ബഹു. ജോസഫ് മുണ്ടകത്തിൽ അച്ചനും ബഹു. മാത്യു പടിഞ്ഞാറേക്കുറ്റച്ചനും ബഹു. ഫിലിപ്പ് തയ്യിൽ അച്ചനും ബഹു. ഫ്രാൻസിസ് പുത്തൻപുരയ്ക്കൽ അച്ചനും ആശംസകൾ നേർന്ന് സംസാരിച്ചു.





# ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2019 JUNE

| | | |
|---|---|---|
| 1 | **07:30 a.m.** | Holy *Qurbana* @ St Mary's Cathedral |
| | **10:00 a.m.** | Orientation Class for Teachers of Special Education @ Charity World |
| 2 | **09:00 a.m.** | Deaf & Dumb Childrens' Meet @ Abp House |
| | **05:00 p.m.** | Sanjivani Board Meeting @ Abp House |
| 3 | **06:30 a.m.** | Holy *Qurbana* & Meeting with Seminarians @ Kurichy |
| | **03:00 p.m.** | Msgr Luke J Chittoor 50th Death Anniversary @ Kumarkom Nava Nazareth |
| | **06:00 p.m.** | New Building Blessing & Inauguration @ Vadavathoor Seminaray |
| 4-7 | | KCBC |
| 8 | **10:00 a.m.** | Archeparchial CML Inauguration @ Assumption College |
| | **11:00 a.m.** | KLT Course @ *Sandesanilayam* |
| | **03:00 p.m.** | *Myron Koodhasha* @ St Marry's Cathedral |
| | **05:00 p.m.** | *Ramsa* & Catechetical Year Inauguration @ St. Mary's Cathedral |
| 9 | **06:30 a.m.** | Pastoral Visit @ St. George Vadakkeamichakary |
| 10 | | Engaged |
| 11 | **02:30 p.m.** | Visitors' Time. |
| | **06:00 p.m.** | Interdepartmental Meeting |
| 12 | **09:00 a.m.** | Curia |
| 13 | | Engaged |
| 14 | **09:00 a.m.** | Curia |
| | **06:00 p.m.** | Monthly for Regents |
| 15 | **07:00 a.m.** | Baptism of Fifth Child @ Manimala Holy Magi |
| | **11:00 a.m.** | Honoring the Civil Service Winners @ Pala Civil Service Institute |
| | **03:00 p.m.** | *Kudumbhakoottayma* Leaders meet @ Thrickodithananm |

| | | |
|---|---|---|
| 16 | **06:30 a.m.** | Pastoral Visit @ St Antony's Church Muthoor |
| | **04:00 p.m.** | *Pithrudinam* Celebration @ Immaculate Heart Church Kaithavana |
| 17 | **06:15 a.m.** | Holy *Qurbana* @ SVD Minor Seminary Parel |
| | **06:00 p.m.** | *Ramsa* & Class @ Kurichy Seminary |
| 18-19 | | Monthly Recollection for Bishops @ Vijayapuram |
| 20 | **06:00 p.m.** | Monthly Recollection For Rev. Fathers @ Abp House |
| 21 | **09:00 a.m.** | Curia |
| | **03:00 p.m.** | Visitors' Time |
| 22 | | Engaged |
| 23 | **06:30 a.m.** | Pastoral Visit @ St. Rita Athirampuzha |
| 24 | **10:30 a.m.** | Freshers' Day @ Media Village |
| 25 | **09:00** | Inter Eparchial Meet @ Kanjirappallly |
| 26 | | Synodal Commission Visit @ Vadavathoor Seminary |
| 27 | | Engaged |
| 28 | **09:00 a.m.** | Curia |
| | **10:30 a.m.** | Archeparchial KCSL inauguration @ SB H.S.S |
| 29 | **04:00 p.m.** | Parish Day @ Lourdes Matha Church Meenkulam |
| 30 | **06:30 a.m.** | Pastoral Visit @ St Jude Attingal |





# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2019 JUNE

| | | |
|---|---|---|
| 01 | **6:00 a.m.** | *Qurbana*, 94th Death Anniversary of Servant of God Mar Thomas Kurialassery @ Cathedral |
| | **11:00 a.m.** | Marriage @ Chethipuzha |
| | **03:00 a.m.** | *Requiem Qurbana* of Fr. Cyriac Kalathil @ Kainakary |
| 02 | **06:45 a.m.** | *Qurbana* & Solemn Holy Communion @ Mannarkunnu |
| | **06:00 p.m.** | Sanjeevani Trust Meeting |
| 03 | **06:30 a.m.** | *Qurbana* @ Minor Seminary |
| | **11:00 a.m.** | Marriage @ Kudamaloor |
| | **03:00 p.m.** | 40th Death Anniversary of Fr. L.J. Chittoor @ Kumarakom |
| 04 -06 | | KCBC @ POC |
| 06- July 02 | | Out of Station |

Fr Secretary to Auxiliary Bishop : 8078088468
Br Secretary : 8301803468